# മരണമേ, നിന്റെ ജയം എവിടെ?

## പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 683 562

# മരണമേ, നിന്റെ ജയം എവിടെ?

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 70

●

All rights reserved with the publisher

# ആമുഖം

ജനനമുണ്ട്, മരണമുണ്ട്; അതിന്റെ രണ്ടിന്റേയും ഇടയ്ക്കുള്ള സാഗരമാണ് ജീവിതം. ഇക്കരയിൽ നിന്ന് അക്കരയിലേക്കുള്ള യാത്ര!

ദരിദ്രനുണ്ട്, ധനികനുമുണ്ട്. ധനികൻ ഉയർന്ന പദവിയിലും സ്ഥിതിയിലും ജീവിക്കുന്നു. ദരിദ്രൻ വല്ലവിധേനയും അന്നന്നത്തെ ആഹാരത്തിന് വേണ്ടി പ്രയത്നിക്കുന്നു. എന്നാൽ, ഒരു കാര്യത്തിൽ അവർക്ക് തമ്മിൽ വ്യത്യാസമില്ല. സംസാരസാഗരം നീന്തിനീന്തി അക്കരെ ചെല്ലാനുള്ള പ്രയത്നത്തിൽ!

ശരീരത്തിന് തീർച്ചയായും മരണം കൂടിയേ കഴിയൂ. എന്നാൽ ആ മരണം സുഖപ്രദമാകണം. തന്നെത്താൻ ബുദ്ധിമുട്ടാതെയും അന്യരെ ബുദ്ധിമുട്ടിക്കാതെയും ജീവിച്ച് ഭൗതിക ജീവിതം തീർക്കണം.

ഐഹിക ജീവിതം ഒരു സമുദ്രമാണ്. അതിൽ ചുഴികളുണ്ട്, കയങ്ങളുണ്ട്, ആർത്തിരമ്പുന്ന തിരമാലകളുണ്ട്; ചിലപ്പോൾ ചുഴലിക്കാറ്റുകളുമുണ്ട്. അതിൽ നീന്തിയും തുടിച്ചും മനുഷ്യൻ അക്കരെ പറ്റാൻ വെമ്പുകയാണ്.

വചനാനുസൃതമായി പറഞ്ഞാൽ, മരണയോർദ്ദാൻ കടന്ന് അക്കരെ ചെല്ലുമ്പോൾ പാലും തേനും ഒഴുകുന്ന കനാൻദേശമുണ്ട്. അതിനു മുമ്പ് നാല്പത് വർഷം, ഊഷരമായ മരുപ്പറമ്പാണ്. ആ മരുഭൂമിയിലൂടെയുള്ള യാത്ര അത്യന്തം ക്ലേശകരമാണ്. യിസ്രായേൽക്കാർക്ക് എത്രയെത്ര

വൈതരണികളാണ് കടക്കേണ്ടി വന്നത്! യാത്ര തുടങ്ങിയ അറുനൂറായിരങ്ങളിൽ യോശുവയും കാലേബും ഒഴികെ ആരും കനാൻനാട്ടിൽ കാലു കുത്തിയില്ല.

അതുകൊണ്ടല്ലേ പാട്ടുകാരൻ പാടിയത്:

"ഭൂമിയിൽ ഓർക്കുകിൽ എന്തൊരു സാദ്ധ്യം
സങ്കടം മാത്രമീ ലോക സമ്പാദ്യം
ലോകമത്യുൽക്കട സങ്കടക്കടലിൽ
താഴുകിൽ താൻ മതി ജീവിത പടകിൽ"

ഹൃദയത്തിൽ ക്രിസ്തു ഉള്ളവൻ ഈ യാത്ര ഭാഗ്യകര മായി പൂർത്തീകരിക്കും. ആടിയും ഉലഞ്ഞും, ആർത്തിരമ്പി വരുന്ന തിരമാലകളെ ഭേദിച്ചും ഈ യാത്ര തുടരണമെങ്കിൽ യേശുക്രിസ്തുവിന്റെ അത്ഭുത സാന്നിദ്ധ്യം ലഭിക്കണം. മരിച്ചു യർത്ത് ജീവിക്കുന്ന ക്രിസ്തുവിന് ആരുടെയെല്ലാം ജീവിത ത്തിൽ കർത്തൃത്വമുണ്ടോ അവരത്രേ ഭാഗ്യശാലികൾ! അതു കൊണ്ടാണ് സി.റ്റി. സ്റ്റഡ് പറഞ്ഞത്:

"Just one life, it will be soon soon be past. That which is done for Christ alone will last."

"ഒരായുസ്സല്ലേ ഉള്ളൂ. നന്നായി ജീവിക്കാൻ വേറെ ഒരാ യുസ്സില്ലല്ലോ. ക്രിസ്തുവിന് വേണ്ടി ചെയ്യുന്നത് മാത്രം നില നിൽക്കും."

സ്റ്റഡും അദ്ദേഹത്തിന്റെ സഹോദരനും രണ്ടു സുപ്ര സിദ്ധ ക്രിക്കറ്റ് താരങ്ങളായിരുന്നു. ക്രിക്കറ്റ് പ്രേമികളുടെ ഹര മായിരുന്നു അവർ. വളരെ ആകസ്മികമായിട്ടാണ് സ്റ്റഡിന്റെ സഹോദരൻ രോഗബാധിതനായത്. ക്രിക്കറ്റ് കളിക്കളം നിറ ഞ്ഞുനിന്ന ആ യുവാവ് മരണത്തോട് മല്ലടിച്ച് കിടക്കുന്നത് സി.റ്റി. സ്റ്റഡ് നിറകണ്ണുകളോടെ അടുക്കെ നിന്ന് കണ്ടു. കോടീ ശ്വരന്മാരായിരുന്നെങ്കിലും അവരുടെ പണത്തിനോ മെഡി ക്കൽ സയൻസിനോ ആ യുവാവിന്റെ ജീവൻ രക്ഷിക്കാനാ യില്ല.

സഹോദരന്റെ രോഗകിടക്കയുടെ അരികിൽ നിന്ന് സി.റ്റി. സ്റ്റഡ് ഏങ്ങലടികളോടെ പറഞ്ഞ വാക്കുകളാണ് മുമ്പ് പറഞ്ഞത്. സഹോദരന്റെ മരണശേഷം സമ്പത്തും പ്രശസ്തിയും പേരും പെരുമയും തൃണവൽഗണിച്ചുകൊണ്ട് സ്റ്റഡ്, ജീവിതത്തിന്റെ അനന്തമൂല്യം പ്രാപിപ്പാൻ ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു. China Inland Mission-ൽ ചേർന്ന് സുവിശേഷവേലക്കായി ചൈനയിലേക്ക് പോയി. വിശ്രമലേശമില്ലാത്ത അദ്ധ്വാനത്താലും അവിടത്തെ കാലാവസ്ഥ അനുയോജ്യമല്ലാത്തതിനാലും സ്റ്റഡിന് തിരികെ പോരേണ്ടിവന്നു.

ഒരു ദിവസം മെലിഞ്ഞുണങ്ങിയ ശരീരവുമായി ദൈവാലയത്തിൽ ആരാധനയ്ക്ക് ചെന്നപ്പോൾ ദൈവാലയത്തിന്റെ ഭിത്തിയിൽ എഴുതി വച്ചിരിക്കുന്നു: “ആഫ്രിക്കയിലെ നരഭോജികളായ കാട്ടാളന്മാർക്ക് കൊടുക്കാൻ മിഷനറിമാരുടെ മാംസം വേണം. ആര് തയ്യാറാവും?” സ്റ്റഡ് തന്റെ ശരീരത്തിലേക്ക് നോക്കി: “എന്റെ ശരീരത്തിൽ കുറച്ച് മാംസമേ ഉള്ളൂ. അത് നരഭോജികൾക്ക് കൊടുക്കാൻ ഞാൻ തയ്യാറാണ്.”

കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുവാൻ ആരുണ്ട് എന്നതായിരുന്നു പൊതുയോഗത്തിലെ ചർച്ചാവിഷയം. സ്റ്റഡ് ജീവിതം ദൈവവേലയ്ക്കുവേണ്ടി വീണ്ടും ഏല്പിച്ചു കൊടുത്തു. ആ മഹത്ജീവിതം ആഫ്രിക്കയിൽ സുവിശേഷവേലയ്ക്ക് വേണ്ടി എരിഞ്ഞടങ്ങി.

മരണത്തിനപ്പുറമുള്ള ജീവിതത്തിലേക്ക് കടന്നു ചെല്ലുമ്പോൾ ഭക്തൻ പറയും: “ഹേ മരണമേ, നിന്റെ ജയം എവിടെ?” അരുമ നാഥനായ ക്രിസ്തു പറയും: “നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; അധികത്തിന് ഞാൻ നിന്നെ വിചാരകനാക്കും.” “ഇതാ സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടമില്ല.” എത്ര അനുഗൃഹീതമായ അനുഭവമാണ് ദൈവം തന്റെ വിശുദ്ധന്മാർക്കായി ഒരുക്കിയിരിക്കുന്നത്!

Lord Tennyson കാവ്യസുഭഗമായ ശൈലിയിൽ പറഞ്ഞത്:

Death, be not proud
A short sleep,
And I will wake up again eternally,
A short voyage
And I will meet my maker face to face

"മരണമേ, നീ തെല്ലും അഹങ്കരിക്കേണ്ട. ഒരു ചെറിയ ഉറക്കം മാത്രം. ഞാൻ വീണ്ടും നിത്യമായി ഉണരും. ഒരു ചെറിയ കപ്പൽ യാത്ര! ഇതു കഴിഞ്ഞ് ഞാൻ അക്കരെ തീരത്ത് എന്റെ സ്രഷ്ടാവിനെ മുഖാമുഖം കാണും!"

ബൃഹദാരണ്യകോപനിഷത്തിൽ പറഞ്ഞിരിക്കുന്നു:

"അസതോമാ സത്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതംഗമയ"

തിന്മയിൽ നിന്ന് നന്മയിലേക്ക്, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്, മരണത്തിൽ നിന്നും മരണമില്ലാത്ത അവസ്ഥയിലേക്ക് എന്നെ നയിക്കണമേ.

തോമസ് ഗ്രേ എന്ന സുപ്രസിദ്ധ കവി, ശ്മശാനത്തിൽ ഇരുന്നുകൊണ്ട് ഒരു കവിത എഴുതി. ആ കവിതയിൽ:

The boast of heraldry, the pomp of power,
And all that beauty, all that wealth ever gave,
Awaits alike the inevitable hour,
The paths of glory lead but to the grave.

The boast of heraldry, the pomp of power – പൈതൃകത്തിന്റെ വമ്പുകളും അധികാരത്തിന്റെ ഉന്മത്തതയും,

And all that beauty, all that wealth ever gave – സൗന്ദര്യവും സമ്പത്തുമെന്ന സൗഭാഗ്യങ്ങൾ എല്ലാം,

Awaits alike the inevitable hour of death – ആർക്കും നീക്കുപോക്കു വരുത്തുവാൻ വയ്യാത്ത മരണത്തിന്റെ നിമിഷത്തിലേക്ക് കാത്തിരിക്കയാണ്. മരണം എന്ന അനിവാര്യതയ്ക്ക് കാത്തിരിക്കുന്നു,

The paths of glory lead but to the grave – ഈ ലോകമഹത്വങ്ങളുടെ പാതകൾ എല്ലാം എത്തിച്ചേരുന്നത് ശ്മശാനത്തിലേക്ക് തന്നെയാണ്. ശവക്കുഴിയിലേക്ക് തന്നെയാണ്.

സോക്രട്ടീസ്, മരണത്തെ പുഞ്ചിരിയോടെ എതിരേറ്റു. യേശുക്രിസ്തു, "നിവൃത്തിയായി" (It is finished) എന്ന സംതൃപ്തിയോടെ ജീവൻ വെടിഞ്ഞു. ഹൃദയത്തിൽ ക്രിസ്തു ഉള്ളവർ മരണം എന്ന അനിവാര്യതയ്ക്ക് മുമ്പിൽ പതറുകയില്ല. അവർ നിത്യ ശോഭന തുറമുഖത്ത് സന്തോഷത്തോടെ എത്തിച്ചേരും. ഒടുവിൽ അവരും പറയും: "ഹേ മരണമേ, നിന്റെ ജയം എവിടെ?"എന്ന്. ഒരു വിശുദ്ധന്റെ മരണം എങ്ങനെയെന്ന് പതിനേഴാം സങ്കീർത്തനത്തിൽ പറയുന്നുണ്ട്.

*"ഞാനോ, നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും." സങ്കീർത്തനങ്ങൾ 17 : 15*

Living Bible-ൽ ഈ വാക്യം കുറേക്കൂടി വ്യക്തമാണ്.

*"But as for me, my contentment is not in wealth, but in seeing you and knowing all is well between us. And when I awake in heaven, I will be fully satisfied, for I will see you face to face."*

2016 എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു. ബൈപ്പാസ് സർജറിക്ക് ശേഷം ഒരു attack വന്ന് ഞാൻ മരണത്തെ മുഖാമുഖം കണ്ടതാണ്. കർത്താവ് എന്റെ ആയുസ്സ് നീട്ടിത്തന്നതുകൊണ്ട് ഇന്ന് ഞാൻ സമാധാനത്തോടെ ജീവിക്കുന്നു.

എന്റെ ജീവനസംഗീതത്തിന്റെ ഒരു അനുരണനമാണ് ഈ പുസ്തകം. ഇത് എഴുതുന്നതിൽ എന്നെ സഹായിച്ച അനേകം ആത്മീയ സഹോദരങ്ങളുണ്ട്. അവരോടെല്ലാവരോടുമുള്ള എന്റെ അകൈതവമായ നന്ദി ഞാനിവിടെ പ്രകാശിപ്പിക്കുന്നു.

ഈ പുസ്തകം അനുശീലനം ചെയ്യുന്ന എല്ലാവർക്കും പ്രസന്നതയോടെ ജീവിതാന്ത്യത്തെ നേരിടാൻ കൃപ ലഭിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

നിങ്ങളുടെ വിനീത സഹോദരൻ,
**എം.വൈ. യോഹന്നാൻ.**

# ഒന്ന്

“കാലമെല്ലാം കഴിയും
ഇന്നു കാൺമതെല്ലാം അഴിയും
പിന്നെ പുതുയുഗം വിരിയും
തിരികെ വരാതെ നാം നിത്യതയിൽ മറയും”

ഈ ഗീതം പ്രസംഗത്തിന്റെ ആരംഭത്തിൽ ഞാൻ പലപ്പോഴും ചൊല്ലാറുണ്ട്. ഒരു വലിയ പരമാർത്ഥം എന്റെയും നിങ്ങളുടേയും മനസ്സിൽ ഓർമ്മ വരുത്തുവാൻ വേണ്ടിയാണത്.

എല്ലാം കഴിഞ്ഞുപോകും! ദിവസങ്ങൾ ഓരോന്നായി തീർന്നുപോകും. നാം നമ്മുടെ നിത്യതയിലേക്ക് കടക്കും.

ഇന്നു കാണുന്നതെല്ലാം നശിച്ചുപോകും. ഭൂമിയും ഭൂമിയിലുള്ള പണിപ്പാടുകളും ഭൂമിക്കടിയിലുള്ള ലോഹങ്ങളും ധാതുക്കളും ലവണങ്ങളും എല്ലാം കത്തി നശിച്ചുപോകും. ഒരു വലിയ അഗ്നിപ്രളയം വരും. അന്തരീക്ഷം മുഴുവൻ മാറിപ്പോകും.

രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പ്, എല്ലാം കത്തി നശിക്കും എന്ന് അപ്പൊസ്തലനായ പത്രോസ് പറയുമ്പോൾ, അതാർക്കും മനസ്സിലാവില്ലായിരുന്നു.

എന്നാൽ ഇന്ന് ശാസ്ത്രം പറയുന്നു: ഭൂമിയേക്കാളും വലിയ ഒരു നക്ഷത്രം ബഹിരാകാശത്തുനിന്ന് ഭൂമിയിൽ വന്നിടിക്കാൻ സാദ്ധ്യതയുണ്ടെന്ന്. അതിവേഗത്തിൽ സഞ്ചരിക്കുന്ന ഉൽക്കകൾ വന്നിടിച്ചാലും ഭൂമി നശിച്ചുപോകുമെന്ന് ശാസ്ത്രജ്ഞന്മാർ ഇന്ന് കണ്ടുപിടിച്ചിരിക്കുന്നു. എല്ലാം നിറവേറാൻ

പോവുകയാണ്.

*"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും." 2 പത്രോസ് 3 : 10*

ആരും പ്രതീക്ഷിക്കാത്ത സമയത്താണ് ആ ദിവസം വരുന്നത്. ആരും ഒരുങ്ങിയിരിക്കാത്ത സമയത്ത് വലിയോരു സ്ഫോടനശബ്ദം കേൾക്കും. മൂലപദാർത്ഥങ്ങൾ - minerals, metals and salts - എല്ലാം കത്തി നശിക്കും. ഭൂമിയും ഭൂമിയുടെ മേലുള്ള പണിപ്പാടുകളും വെന്തുപോകുന്ന ഒരു ദിവസം! മലാഖിപ്രവചനം ഇതിനെക്കുറിച്ചു പറയുന്നു:

*"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." മലാഖി 4 : 1*

വൈക്കോൽ വെന്തുതീരുന്നതുപോലെ അഹങ്കാരികളും സകല ദുഷ്പ്രവൃത്തിക്കാരും കത്തിപ്പോകും. ഒന്നും ബാക്കിയുണ്ടാവില്ല. എല്ലാം ദഹിച്ചുപോകും.

പണ്ട് ജലപ്രളയമുണ്ടായി ഭൂമി മുഴുവനും വെള്ളത്തിനടിയിൽ ആയതുപോലെ ഒരു അഗ്നിപ്രളയം ഉണ്ടാവും. ഇതെല്ലാം ശാസ്ത്രജ്ഞന്മാർ ഇന്നു വളരെ വ്യക്തമായി പറയുന്നുണ്ട്. ഓരോന്നും ഇന്നു വെളിവായിക്കൊണ്ടിരിക്കുകയാണ്.

*"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താ*

*വിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നുതന്നെ, ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽനിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും."*

*വെളിപ്പാട് 21 : 1 – 4*

അപ്പൊസ്തലനായ യോഹന്നാൻ, വരാൻപോകുന്ന കാര്യം മുൻകൂട്ടി കാണുകയാണ്. പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. നവയെരൂശലേം പാർപ്പിടം എന്നു പറയുന്ന പുതിയ യെരൂശലേം ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നത് ശ്ലീഹാ കണ്ടു.

അന്നത്തെ ജീവിതത്തെക്കുറിച്ച് കർത്താവിന്റെ മഹാശബ്ദം പറയുന്നു: പുതിയ ആകാശവും പുതിയ ഭൂമിയും! അവിടെ ദൈവം മനുഷ്യരോടുകൂടെ കൂടാരമടിക്കുന്നു! അന്ന് കണ്ണുനീരില്ല!

ഒരു ദിവസം നാം ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടും. നാം ഓരോരുത്തരും മരണം വഴി അപ്പുറം ലോകത്തേക്കു കടന്നുപോകും.

നമുക്ക് ശരീരമുണ്ട്; ശരീരത്തിനുള്ളിൽ പ്രാണനുണ്ട്, ആത്മാവുണ്ട്. ദേഹം, ദേഹി, ആത്മാവ്. ഈ ശരീരത്തിൽനിന്ന് പ്രാണൻ വേർപെട്ടു കഴിഞ്ഞാൽ ആത്മാവ് നിത്യതയിലേക്ക് പ്രവേശിക്കും. ശരീരം മണ്ണോടുചേർന്ന് പ്രാണൻ പറന്നുമാറും; നമ്മുടെ ഉള്ളിലുള്ള ആത്മാവ് നിത്യതയിൽ കടന്നുചെല്ലും.

നിത്യത! അതിന് അന്തമില്ല; അവസാനമില്ല. അന്നു നിത്യതയിലേക്കു കടന്നുചെല്ലുമ്പോൾ പുതിയ ലോകവും ഇതുവരെ കണ്ടിട്ടില്ലാത്ത അനേകം അത്ഭുതങ്ങളും ആത്മാവ് കാണും.

കോഴിമുട്ടയ്ക്ക് അടയിരിക്കുന്ന തള്ളക്കോഴി അകത്തു രൂപപ്പെട്ടു വരുന്ന കോഴിക്കുഞ്ഞിനോടു പറയുന്നു:

"കുഞ്ഞേ, ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ നീ പുറത്തുവരും. ഇപ്പോൾ നീ ഇരിക്കുന്ന സ്ഥലം സ്ഥിരപാർപ്പിടമല്ല. നിന്റെ പുറമെയുള്ള തോടു പൊട്ടി നീ പുറത്തു വരുമ്പോൾ വിശാലമായ ഒരു ലോകം നീ കാണും."

എത്രപറഞ്ഞാലും കോഴിക്കുഞ്ഞിന് മനസ്സിലാവില്ല.

"അമ്മ വെറുതെ ആശ്വസിപ്പിക്കാനും സന്തോഷിപ്പിക്കാനും പറയുകയാണ്. ഭാവനയിൽ ഊഹിച്ചു പറയുകയാണ്."

"അല്ല കുഞ്ഞേ, ഞാൻ അങ്ങനെയുള്ള ലോകത്തിരുന്നുകൊണ്ടാണ് പറയുന്നത്. നിനക്കു നോക്കിയാൽ നോക്കെത്താത്ത ഒരു ലോകം! ഭാവനയിൽപ്പോലും കാണാൻ പറ്റാത്ത ലോകം! ഇപ്പോൾ നിനക്കു പറന്നെത്താൻ പറ്റാത്ത ആ ലോകത്ത് നീ പറക്കുന്ന ഒരു പക്ഷി ആയിരിക്കും. നിന്റെ ശരീരത്തിലിപ്പോൾ ചിറകില്ല; തൂവലുകളില്ല. എനിക്കു ചിറകും തൂവലുമുണ്ട്. കുറച്ചൊക്കെ പറക്കാം. ഇന്നു നീ ഇരിക്കുന്ന കുടുസ്സുമുറിയിൽനിന്നു നീ പുറത്തുവരും."

എത്രപറഞ്ഞാലും അകത്തിരിക്കുന്ന കോഴിക്കുഞ്ഞിന് മനസ്സിലാവില്ല. എന്നതുപോലെ, വരാനിരിക്കുന്ന കാര്യങ്ങൾ എത്ര പറഞ്ഞാലും ആളുകൾക്ക് മനസ്സിലാവുകയില്ല. ഒരു നിത്യതയിലേക്കു നാം കടന്നുചെല്ലുമെന്നോ, ആ നിത്യത വിശാലമായ അനന്തതയാണെന്നോ ആർക്കും മനസ്സിലാവുകയില്ല. അവിടെയിരുന്നുകൊണ്ട് യേശുക്രിസ്തു നമുക്കു തരുന്ന വചനങ്ങൾ കേൾക്കുമ്പോളാണ് നമുക്കു കാര്യം ഗ്രഹിക്കാൻ പറ്റുന്നത്.

യേശു പറയുന്നു, വിശുദ്ധന്മാരുടെ ആത്മാക്കളും പരിശുദ്ധന്മാരും ദൈവത്തിന്റെ വചനവും പറയുന്നു, ദൈവത്തിന്റെ ഗ്രന്ഥം പറയുന്നു; അതുകൊണ്ട് നാം വിശ്വസിക്കുന്നു.

ഓരോദിവസം കഴിയുന്തോറും നാം നമ്മുടെ മരണത്തോടും കർത്താവിന്റെ രണ്ടാമത്തെ വരവിനോടും സമീപിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശരീരം നിർജ്ജീവമായിത്തീരും. സംസാരിക്കുന്ന ഈ നാവ് നിശ്ശബ്ദമായിപ്പോകും. ഇന്നു കാണുന്ന ഈ കണ്ണും ഇന്നു കേൾക്കുന്ന ഈ കാതുകളും അടഞ്ഞുപോകും. ഇന്നു ചലിക്കുന്ന കൈകളും ഇന്നു സഞ്ചരിക്കുന്ന കാലുകളും ചലിക്കാതെയാവും. ഈ ശരീരത്തിൽനിന്ന് ആത്മാവ് അനന്തതയിലേക്ക് പറന്നുപോകും.

അനന്തത – ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം! നാമാരും നരകത്തിൽ പോകരുതെന്നുള്ളതുകൊണ്ട് കർത്താവു നമുക്കിന്ന് വചനം തരികയാണ്.

നിത്യജീവൻ പ്രാപിക്കാൻ ഈ ഭൂമിയിൽ വച്ചുതന്നെ ഒരുങ്ങണം. ഈ ഭൂമിയിൽനിന്നു കടന്നുപോയതിനുശേഷം നിത്യതയ്ക്കുവേണ്ടി ഒരുങ്ങാൻ കഴിയില്ല. അപ്പൊസ്തലന്മാർ നിത്യതയ്ക്കുവേണ്ടി ഒരുങ്ങിയിരുന്നു. സഹദേന്മാരും നിബിയന്മാരും അനുഗൃഹീതരായ, വാങ്ങിപ്പോയ വിശുദ്ധന്മാരും നിത്യതയ്ക്കുവേണ്ടി ഒരുങ്ങിയിരുന്നു. നാമും നിത്യതയ്ക്കുവേണ്ടി ഒരുങ്ങിയിരിക്കണം. ഈ ഭൂമിയിൽ ആയുസ്സുള്ളപ്പോൾ മാത്രമേ ഒരുങ്ങാൻ പറ്റുകയുള്ളൂ; അതിനുശേഷം സാദ്ധ്യമല്ല.

“ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിന്നായ്”

കർത്താവിന്റെ കൃപയിൽ ശരണപ്പെട്ടു ജീവിച്ച്, കർത്താവിൻ ശരണത്തിൽ മരണമടഞ്ഞാൽ മാത്രമേ ദൈവരാജ്യ

ത്തിൽ എത്തുകയുള്ളൂ. സ്വർഗ്ഗീയ പറുദീസായിലേക്ക് കടന്നു ചെല്ലുന്നതിന് ഇവിടെ ഈ ഭൂമിയിൽ വച്ച് നാം ഒരുങ്ങണം.

യേശു ഹൃദയത്തിൽ വസിച്ചാൽ നാം ദൈവത്തിന്റെ ശരണത്തിലായിക്കഴിഞ്ഞു. അങ്ങനെ ദൈവവുമായി ബന്ധത്തിലായിക്കഴിഞ്ഞിട്ട് ഈ ഭൂമിയിൽനിന്നു കടന്നുപോകുമ്പോൾ നാം നിത്യസ്വർഗ്ഗത്തിൽ എത്തിച്ചേരും. ഈ ഭൂമിയിൽ വച്ച് കർത്താവുമായി ശരണത്തിലായില്ലെങ്കിൽ - ക്രിസ്തു നമ്മുടെ ഹൃദയത്തിലായില്ലെങ്കിൽ - നാം നിത്യനരകത്തിലേക്കു പോകും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. ചാകാത്ത പുഴുവും കെടാത്ത തീയും എന്നു പറയുന്ന നരകത്തിന്റെ ഘോരാഗ്നിയായിരിക്കും അനന്തമായ നിത്യദണ്ഡനം!

ഇതാണ് പിതാക്കന്മാർ പാടുന്നത്:

"നിൻ ശരണേ മൃതരാം താതസഹോദരരിൽ...
ചൊരിയണമേ മോദപ്പനിനീരെൻ നാഥാ!"
"നീതിയിൽ വിധി ചെയ്യും ന്യായാധിപതേ, നീ
ഏറ്റരുതേ വിധിയിൽ കടമോർത്തീടരുതേ
ബലഹീനത നീക്കി തുണചെയ്യുക നാഥാ!
രാപ്പകലടിയങ്ങൾ-ക്കാശ്രയമങ്ങല്ലോ"
"നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ."

കർത്താവിന്റെ ശരണത്തിൽ നിദ്രയിലായി, കർത്താവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്ന മൃതരിൽ കനിയണം എന്നേ പ്രാർത്ഥിക്കുന്നുള്ളൂ. അങ്ങനെ കർത്താവിന്റെ ശരണത്തിൽ നിദ്രപ്രാപിച്ച പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറയുന്നു:

*"ഞാനോ ഇപ്പോൾത്തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം*

*എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ."*

*2 തിമൊഥെയോസ് 4 : 6 – 8*

അപ്പൊസ്തലനായ പൗലോസ് പതിനാലു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അതിൽ ഒടുവിൽ എഴുതിയ ലേഖനത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിലെ വാക്യമാണിത്.

അപ്പൊസ്തലൻ റോമൻ കാരാഗൃഹത്തിൽ കിടക്കുകയാണ്. റോമൻ നീറോയുടെ പടയാളികൾ കഴുത്തുവെട്ടിക്കൊല്ലും എന്നകാര്യം തീർച്ചയായി. "ഞാൻ ഇപ്പോൾത്തന്നെ പാനീയയാഗമായി ഒഴിക്കപ്പെടാൻ പോകുന്നു" എന്നു പറഞ്ഞത് അതുകൊണ്ടാണ്.

കൊല്ലുമെന്ന് വിധി വന്നുകഴിഞ്ഞു. പക്ഷേ, എനിക്കൊരാശ്വാസമുണ്ട്. ജീവിച്ചകാലത്ത് ഞാൻ സാത്താനോട് നല്ലതുപോലെ പോരാടി യുദ്ധം ചെയ്തുനിന്നു. പാപം വരാതെ എന്നെത്തന്നെ കാത്തു. നല്ല പോരാട്ടം പോരാടി. ഒരു കാര്യത്തിലും തെറ്റുപറ്റാതെ ഞാൻ സൂക്ഷിച്ചു. ക്രിസ്തീയജീവിതത്തിൽ മുന്നോട്ട് ധീരതയോടെ പോരാടുവാൻ തക്കവണ്ണം ഞാൻ എന്നെ സമർപ്പിച്ചു. പ്രതിസന്ധികൾ വന്നെങ്കിലും ഞാൻ തളർന്നില്ല.

കഷ്ടങ്ങൾ ഏറെ ഞാൻ സഹിച്ചു. എത്രയോ അപകടങ്ങളിൽപ്പെട്ടു! മരിച്ചെന്നു വിചാരിക്കുന്ന സമയങ്ങൾ വന്നു. പക്ഷേ, അവിടെയെല്ലാം കർത്താവ് രക്ഷിച്ചു. എന്റെ ഈ ഭൂമിയിലെ ജീവിതകാലം ഞാൻ തികച്ചു. ഓട്ടം തികച്ചു!

എനിക്കൊരു വിശ്വാസം കിട്ടി. അതു ഞാൻ കാത്തു. പണ്ട് ഞാൻ ദൂഷകനും ഉപദ്രവിയും ആയിരുന്നു. നിഷ്ഠൂരനായിരുന്നു. സ്തേഫാനോസിനെ കല്ലെറിഞ്ഞുകൊല്ലുവാൻ നേതൃത്വം കൊടുത്തവനായിരുന്നു. വിശ്വാസികളെ പീഡിപ്പി

ക്കുന്നതിനുവേണ്ടിയുള്ള അധികാരപത്രം വാങ്ങിക്കൊണ്ടു പോകുന്നവനായിരുന്നു.

പക്ഷേ, മാനസാന്തരപ്പെട്ടതിനുശേഷം - എന്റെ ജീവിതം ക്രിസ്തുവിനു സമർപ്പിച്ചതിനുശേഷം - ഞാൻ നല്ല പോരാട്ടം പോരാടി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

എനിക്കു ക്രിസ്തുവിലുള്ള വിശ്വാസം കിട്ടി. വിശ്വാസത്തിൽനിന്നു ഞാൻ പിറകോട്ടു പോയില്ല. മുന്നോട്ടുവച്ച കാൽ ഞാൻ പിറകോട്ട് എടുത്തില്ല. വിശ്വാസത്തെ തകർക്കുവാൻ കാരണമായ പരീക്ഷകൾ പലതും വന്നു. പലരും എന്നെ ആക്ഷേപിച്ചു. പല ദുരിതങ്ങൾ വന്നു. പലരും എന്നെ പരിഹസിച്ചു.

ഇതെല്ലാം ഉണ്ടായിരുന്നിട്ടും ഞാൻ വിശ്വാസം കാത്തു. യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽനിന്ന് പുറകോട്ടുപോകാൻ ഞാൻ ഇടവരുത്തിയില്ല.

ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ട് എന്റെ ആത്മാവ് അക്കരയ്ക്ക് പറന്നുചെല്ലുമ്പോൾ എനിക്ക് നീതിയുടെ കിരീടം ലഭിക്കും. റൂഹ്ക്കുദിശാ പാറക്കലീത്താ മെടയുന്ന കിരീടം എന്റെ തലയിൽ ചൂടിക്കും. നീതിയുടെ കിരീടം!

“യജമാനൻ വരുമന്നേരത്തുണർവ്വുള്ളോരായി
മുന്തിരിത്തോപ്പിൽ പണിയായി കാൺമോരേ ധന്യരാം
പകലെല്ലാം തൻകൂടെ പണിതോരവർ-
ക്കവനരകെട്ടി പരികർമ്മിച്ചീടും
താതനിരുത്തും മേശയ്ക്കായ് പരികർമ്മിക്കും -സുതൻ
റൂഹ്ക്കുദിശാ പാറക്കലീത്താ മുടയുന്നോരോ-മുടി
ഹാലേലൂയ്യാ ചൂടും മകുടത്തിൽ.”

ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് കിരീടം മെടഞ്ഞ് എന്റെ ശിരസ്സിൽ ചൂടിക്കും. യജമാനനായ യേശു ഇന്നെന്ന പോലെ ഒരു ദിവസം വീണ്ടും വരും. പെട്ടെന്നായിരിക്കും. ആരും പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും. അന്നേരത്ത്,

ഉണർവ്വുള്ളവരായി മുന്തിരിത്തോപ്പിൽ പണിയുന്നവരായി കാണുന്ന ദാസന്മാരത്രേ ധന്യന്മാർ. പിതാവായ ദൈവം അവരെ തന്റെ തിരുമേശയിങ്കൽ ഇരുത്തും. പുത്രൻതമ്പുരാൻ അവരെ ശുശ്രൂഷിക്കും. പരിശുദ്ധാത്മാവ് കിരീടം മെടഞ്ഞ് അവരുടെ ശിരസ്സിൽ അണിയിക്കും.

എല്ലാം നീതിയോടെ കാണുന്ന കർത്താവ്, എല്ലാ രഹസ്യങ്ങളും കാണുന്ന കർത്താവ് അന്ന് കിരീടം എന്റെ ശിരസ്സിൽ ചൂടിക്കും! അവിടുന്ന് എന്നെ അനുഗ്രഹിക്കും. എനിക്കു മാത്രമല്ല, ഈ ലോകത്തിൽ കർത്താവിന്റെ വരവിൽ പ്രതീക്ഷയോടെ ഇരിക്കുന്ന എല്ലാവർക്കും ആ കിരീടം ലഭിക്കും. പ്രിയപ്പെട്ടവരേ, യേശു വീണ്ടും വരും. നമ്മിൽ ചിലർ ഉറങ്ങിക്കിടക്കുകയായിരിക്കും. ചിലർ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരിക്കും.

“അന്ന് രണ്ടുപേർ കിടക്കയിൽ ആയിരിക്കും. ഒരുത്തനെ സ്വീകരിക്കും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ വയലിൽ ആയിരിക്കും. ഒരുത്തനെ സ്വീകരിക്കും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരുത്തിയെ സ്വീകരിക്കും, മറ്റവളെ ഉപേക്ഷിക്കും.” രണ്ടും രണ്ടായിട്ട് തിരിയും.

ഇന്ന് കളയും നെല്ലും ഒരുമിച്ചു വളരുകയാണ്. എന്നാൽ, നെല്ല് കൊയ്ത് കളപ്പുരയിൽ കൂട്ടിവയ്ക്കും. കള കെട്ടുകെട്ടായി കെട്ടി തീയിലിട്ടു നശിപ്പിക്കും.

കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ രണ്ടുപേർ വയലിൽ ആയിരിക്കും. വയലിൽ വേല ചെയ്യുന്നത് പകൽ സമയത്താണ്. അതേ സമയം രണ്ടുപേർ കിടക്കയിലായിരിക്കും. അത് രാത്രിസമയത്താണ്.

നമുക്കു രാത്രി ആയിരിക്കുമ്പോൾ ഭൂമിയുടെ മറുവശത്ത് പകലാണ്. ഒരു സമയത്തുതന്നെ രാത്രിയും പകലും. കർത്താവ് വരുന്നത് ഒരു സമയത്താണ്. അപ്പോൾ ചിലർ ഉറ

ങ്ങിക്കിടക്കും. ചിലർ പ്രഭാതത്തിൽ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ചിലയിടത്ത് പ്രഭാതം; ചിലയിടത്ത് രാത്രി; ചിലയിടത്ത് പകൽ. ലോകത്തിൽ പലഭാഗത്തും സമയത്തിനു മാറ്റമുണ്ട്. എന്നാൽ കർത്താവ് വരുന്നത് ഒരു സമയത്തുതന്നെ.

അന്ന് ഞാൻ എവിടെയായിരിക്കും? സ്വീകരിക്കപ്പെടുന്നവരുടെ കൂടെയോ? ഉപേക്ഷിക്കപ്പെടുന്നവരുടെ കൂടെയോ? അതാണ് ഇവിടെ വച്ച് തീരുമാനിക്കേണ്ടത്.

സ്വീകരിക്കപ്പെടുന്നവരുടെ കൂടെയാണെങ്കിൽ ഞാൻ കേൾക്കും:

“എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.”

> *“സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതു പോലെ വേർതിരിച്ച്, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിർത്തും. രാജാവ് തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.”* *മത്തായി 25 : 32 — 34*

ദൈവത്തിന്റെ വിശുദ്ധന്മാർക്കുവേണ്ടി ലോകസ്ഥാപനം മുതൽ ഒരു രാജ്യം ഒരുക്കിയിട്ടുണ്ട്. അതാണ് സ്വർഗ്ഗരാജ്യം. വലത്തുള്ളവരെ സന്തോഷത്തോടെ സ്വീകരിച്ച് ചേർത്തണയ്ക്കും.

ഉപേക്ഷിക്കപ്പെടുന്നവർ കേൾക്കും:

> *“ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും*

*അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ.” മത്തായി 25 : 41*

*“ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും.” മത്തായി 25 : 46*

Eternal Torture! നിത്യനരകാഗ്നി.

ഇന്നു നാം ഇതെല്ലാം മുൻകൂട്ടി അറിയുന്നു. ഒരു ദിവസം നാം ഉറങ്ങാൻ കിടക്കുന്നു. അല്ലെങ്കിൽ, എന്തെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്കുന്നു. പെട്ടെന്ന് ഒരസ്വസ്ഥത വരുന്നു. സാരമില്ലെന്ന് ആദ്യമോർത്തു. പക്ഷേ, വേദന കൂടുന്നു. ശ്വാസം മുട്ടുന്നതുപോലെയുള്ള അവസ്ഥ. പ്രാണവായു കിട്ടുന്നില്ല. ആരെയും ഒന്നു വിളിക്കാൻ പറ്റുന്നില്ല. നെഞ്ച് പറിച്ചു കീറുന്നതുപോലെ വേദന.

അല്പം കഴിഞ്ഞുനോക്കുമ്പോൾ ആളുകളൊക്കെ വരുന്നു. എല്ലാവരും കരയുന്നു. നോക്കിയപ്പോൾ അതാ ഒരു dead body കിടക്കുന്നു. അപ്പോഴാണ് മനസ്സിലായത് ഈ dead body എന്റേതാണല്ലോ എന്ന്.

സ്വന്തം ശരീരം കാണുന്നുണ്ട് പക്ഷേ, മരിച്ച കാര്യം അറിയുന്നില്ല. അറിഞ്ഞപ്പോൾ ആത്മാവ് ശരീരത്തിനകത്തേക്ക് കടക്കാൻ നോക്കുന്നു. പക്ഷേ, സാധിക്കുന്നില്ല. ഇത്തിരി കഴിഞ്ഞപ്പോൾ ആരോ പിടിച്ചുകൊണ്ടുപോകുന്നു. ഒരു തുരങ്കത്തിൽക്കൂടി പോവുകയാണ്. കൂരിരുട്ട്! ഭയങ്കര ആക്രോശങ്ങൾ രണ്ടുവശത്തുനിന്നും കേൾക്കുന്നു. നിലവിളികൾ! കലഹങ്ങൾ! നരകത്തിലേക്കു പോവുകയാണല്ലോ എന്നു മനസ്സിലാക്കുന്നു.

എന്നാൽ ദൈവത്തിന്റെ ശരണത്തിലുള്ള ആത്മാവാണെങ്കിൽ തുരങ്കത്തിൽക്കൂടി കടന്ന് വിശാലമായ, മനോഹരമായ മൈതാനത്തിലേക്ക് എത്തുന്നു. അതിസുന്ദരമായ ഒരു പൂന്തോട്ടം! അവിടെ മാലാഖമാർ നൃത്തം ചെയ്യുന്നു! മാലാഖമാരും വിശുദ്ധന്മാരും സ്തുതിക്കുന്നു! മനോഹരമായ കാഴ്ച

കൾ! ഒരു മനുഷ്യനും കണ്ടിട്ടില്ല; ഒരു മനുഷ്യനും കേട്ടിട്ടില്ല; ഒരു മനുഷ്യനും ഹൃദയത്തിൽ ചിന്തിച്ചിട്ടുപോലുമില്ല. സ്വർഗ്ഗീയ പറുദീസ!

നരകത്തിന്റെ ഭീകരമായ ദണ്ഡനത്തിലേക്കാണോ, സ്വർഗ്ഗത്തിന്റെ സന്തോഷസമൃദ്ധിയിലേക്കാണോ പോകേണ്ട തെന്ന് തീരുമാനിക്കാനുള്ള സമയം ഈ ഭൂമിയിൽ ജീവിച്ചിരി ക്കുമ്പോഴാണ്. തീരുമാനിക്കാൻ വൈകിപ്പോയാൽ മരിച്ചതിനു ശേഷം പിന്നെ ഒരുങ്ങാൻ സാദ്ധ്യമല്ല.

ശരീരത്തിലിരിക്കുമ്പോൾ നാം നമ്മുടെ നിത്യതയ്ക്കു വേണ്ടി ഒരുങ്ങണം. ഈയൊരു കാഴ്ചപ്പാട് എനിക്കു കിട്ടിയത് പതിനേഴാമത്തെ വയസ്സിലാണ്. ഞാൻ അതിനുമുമ്പും പള്ളി യിൽ പോകുന്നുണ്ട്; കൃത്യമായി രണ്ടുനേരം നമസ്ക്കാരം ചൊല്ലുന്നുണ്ട്. ചിട്ടപ്പെട്ട ജീവിതം. അറിയപ്പെടുന്ന പാപത്തി ലൊന്നും പോയില്ല.

പക്ഷേ, വചനം കേട്ടപ്പോൾ എന്റെയുള്ളിൽ ആത്മാവ് മരിച്ചിരിക്കയാണെന്ന് എനിക്കു മനസ്സിലായി. എന്റെ ആത്മാ വിന് കർത്താവിന്റെ സ്നേഹത്താൽ മോചനം കിട്ടിയിട്ടി ല്ലെന്നും ഞാൻ ദൈവത്തിന്റെ അവകാശിയായിത്തീർന്നിട്ടി ല്ലെന്നും ദൈവത്തിന്റെ സന്നിധിയിലേക്ക് ഞാൻ ചെല്ലുകയി ല്ലെന്നും മനസ്സിലായി.

ആ സത്യം ഒരു വലിയ വെളിച്ചംപോലെ വചനം കേട്ടപ്പോൾ അകത്തേക്കു വന്നു. വചനം കേട്ടപ്പോൾ എന്റെ ഹൃദയം ഉരുകുകയായിരുന്നു. ഹൃദയം പറിച്ചുകീറുന്നതുപോ ലത്തെ വേദനയായിരുന്നു. ഉള്ളിൽ ഭയങ്കരമായ മുറിവേൽക്കു ന്നതുപോലെ. ഞാനവിടെയിരുന്നു വിതുമ്പിക്കരഞ്ഞു.

കർത്താവേ, എന്റെ ആത്മാവിനു നീ ജീവൻ പകരണമേ. കർത്താവേ, ഇനിമേലിൽ ഞാൻ പുതിയ മനുഷ്യനായി ജീവി ച്ചുകൊള്ളാം എന്നു ഞാൻ സമർപ്പണമെടുത്തു. ഞാൻ പിന്നീട് സഭയോ സമുദായമോ മാറിയില്ല. ആരുടേയും തിന്മ

കാണാതെ നന്മ മാത്രം കാണാനും സ്നേഹിക്കാനും പഠിച്ചു. അങ്ങനെ എല്ലാ സഭകളെയും സ്നേഹിക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് എന്ന കൂട്ടായ്മയ്ക്ക് അടിസ്ഥാന മിട്ടു.

നിങ്ങളുടെ ജീവിതത്തിൽ ഒരു മാനസാന്തരം കിട്ടണം. മാനസാന്തരപ്പെടാതെ കടന്നുപോകാൻ ഇടവരരുത്. മാനസാന്തരമില്ലാതെ കടന്നുപോയാൽ എന്തെല്ലാം പുണ്യപ്രവൃത്തി ചെയ്താലും, എന്തെല്ലാം നന്മപ്രവൃത്തി ചെയ്താലും, പ്രകടമായ പാപത്തിനൊന്നും പോയില്ലെങ്കിൽപ്പോലും നിങ്ങൾ നരകത്തിലേക്കു പോകേണ്ടി വരും.

ഇവിടെവച്ച് മാനസാന്തരം എന്ന മഹാത്ഭുതം ജീവിതത്തിൽ സംഭവിക്കണം. അപ്പോൾ കർത്താവായ യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വരും. നിങ്ങളുടെ ജീവിതം ധന്യമായിത്തീരും. നിങ്ങളുടെ ജീവിതം അനുഗൃഹീതമായിത്തീരും.

## രണ്ട്

*"ഞാൻ വാതിൽക്കൽനിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*

*വെളിപ്പാട് 3 : 20*

യേശുക്രിസ്തു ഉള്ളത്തിൽ വരും. നാം വാതിൽ തുറന്നു കൊടുക്കണം. കർത്താവ് ബലം പ്രയോഗിച്ചു തുറക്കുകയില്ല. മനുഷ്യന്റെ സമ്മതത്തോടുകൂടി മാത്രമേ കർത്താവ് അകത്തു പ്രവേശിക്കുകയുള്ളൂ. കർത്താവേ, നീ എന്റെ ഹൃദയത്തിലേക്കു വരണമേ എന്നു പറഞ്ഞാൽ മാത്രമേ കർത്താവ് അകത്തേക്കു വരികയുള്ളൂ.

പതിനേഴാമത്തെ വയസ്സിൽ പള്ളിയ്ക്കകത്തിരുന്നു പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ ഞാൻ ചെയ്തത് അതാണ്. കർത്താവേ, നീയെന്റെ ഉള്ളത്തിലേക്കു വരണമേ. എന്റെ ആത്മാവ് മരിച്ചിരിക്കുന്നു; എനിക്ക് ആത്മാവിൽ ജീവൻ തരണമേ. അവിടെയിരുന്ന് ഞാൻ കരയാൻ തുടങ്ങി. ആളുകൾ കാണാതിരിക്കാൻ ഞാൻ തല നല്ലതുപോലെ താഴ്ത്തിപ്പിടിച്ചു.

കർത്താവേ, ഞാൻ നിന്റെ വക! അത് വ്യക്തമായ മനംതിരിവായിരുന്നു. അന്ന് ഞാൻ പത്താംക്ലാസ്സ് പാസ്സായശേഷം വെറുതെ ഇരിക്കുന്ന സമയമായിരുന്നു.

അത്ഭുതത്തോടുകൂടി ഞാൻ ഓർക്കുന്നു. ഞാൻ ജീവിതം കർത്താവിനു കൊടുത്തതോടുകൂടി എല്ലാം മാറി മറിഞ്ഞു. സ്ഥിരം ഓരേർ കാളയുടെ കൃഷിയുമായി കഴിയേണ്ടി

യിരുന്ന മനുഷ്യനെ കർത്താവ് പിടിച്ചുയർത്താൻ തുടങ്ങി. വിദ്യാഭ്യാസം തന്നു. ഉയർച്ച തന്നു. ജോലി തന്നു. ജോലിയിൽ പ്രൊമോഷൻസ് തന്നു.

പതിനെട്ടാമത്തെ വയസ്സിൽ ഏറ്റവും ജൂനിയർ അദ്ധ്യാപകനായിട്ടാണ് ഞാൻ വടവുകോട് രാജർഷി മെമ്മോറിയൽ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്നത്. ദൈവം പിന്നീട് എന്നെ പഠിപ്പിക്കാൻ തുടങ്ങി. എനിക്കു വാസ്തവത്തിൽ അത്ഭുതമാണ്. പ്രൈവറ്റ് ആയിട്ട് B.A. യും M.A. യും എഴുതി. B.A., M.A., B.Ed. ഒക്കെ റാങ്കോടുകൂടെ കർത്താവ് പാസ്സാക്കിത്തന്നു.

ഞാൻ മാനസാന്തരപ്പെട്ട് ജീവിതം കർത്താവിനെ ഏല്പിച്ചപ്പോൾ കർത്താവ് ജീവിതം ഏറ്റെടുത്തു. അങ്ങനെ കർത്താവ് വളർത്താൻ തുടങ്ങി. പിന്നീട് ഹൈസ്കൂളിലേക്ക് promotion കിട്ടി. കോലഞ്ചേരിയിൽ കോളേജ് തുടങ്ങിയപ്പോൾ അവിടേക്കുവന്നു. അവസാനം ആ കോളേജിന്റെ പ്രിൻസിപ്പലായി.

ജീവിതം കർത്താവിനു കൊടുത്താൽ നഷ്ടമല്ല, ലാഭമാണ്. മാനസാന്തരപ്പെട്ടാൽ ഭാഗ്യമാണ്. യേശുക്രിസ്തുവിനെ ഭരമേല്പിക്കൂ നിങ്ങളുടെ ജീവിതം.

ഇന്നു നിരാശമുറ്റിയ ജീവിതമല്ലേ? ഇന്ന് കണ്ണീരണിഞ്ഞ ജീവിതമല്ലേ? ദുഃഖവും ദുരിതവുമുള്ള ജീവിതമല്ലേ? ഇന്ന് ഭാരങ്ങളും ആശങ്കകളും ഭീതികളും എല്ലാവിധത്തിലുള്ള പ്രതിസന്ധികളുമുള്ള ജീവിതമല്ലേ? ഇന്നു രോഗവും കഷ്ടതയും മറ്റുള്ളവരിൽനിന്ന് എതിർപ്പുകളും കുടുംബത്തിൽ ക്ലേശങ്ങളുമുള്ള ജീവിതമല്ലേ? ആകെത്തുക നോക്കിയാൽ ജീവിതം ഒരു നരകമല്ലേ?

യേശുക്രിസ്തുവിനു നിങ്ങളുടെ ജീവിതം കൊടുത്താൽ നരകം സ്വർഗ്ഗമായി മാറും. നിങ്ങളുടെ ജീവിതം ഭാസുരമായിത്തീരും; പ്രശോഭിതമായിത്തീരും; അനുഗൃഹീതമായിത്തീരും. നിങ്ങളുടെ ജീവിതം ധന്യമായിത്തീരും. ദൈവം നിങ്ങളുടെ

ജീവിതം ഏറ്റെടുക്കും. യേശു നിങ്ങളുടെ കാര്യങ്ങൾ ഏറ്റെടുക്കും. പിന്നെ നിങ്ങളുടെ കാര്യം യേശുവിന്റെ കാര്യമായി മാറും. കാരണം, നിത്യനായ ദൈവം നമ്മുടെ അപ്പനായി വന്നു.

എനിക്ക് ഇന്നതുവേണമെന്ന് അപ്പനോട് പറയാമല്ലോ. നിർബ്ബന്ധമായിട്ട് മക്കൾ ചോദിച്ചാൽ അപ്പൻ തരാതിരിക്കുമോ? തീർച്ചയായിട്ടും തരും. എന്നതുപോലെ നാം സ്വർഗ്ഗത്തിലെ അപ്പന്റെ മകനായിത്തീരണം. ഇന്ന് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയേ ഉള്ളൂ. അപ്പന്റെ മകനായി തീർന്നിട്ടില്ല; അപ്പന്റെ മകളായി തീർന്നിട്ടില്ല; സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് വിളിക്കുമ്പോൾ സ്വർഗ്ഗത്തിലെ അപ്പാ എന്നു വിളിക്കാനുള്ള യോഗ്യത നാം പ്രാപിക്കണം.

യേശുക്രിസ്തുവിനെ കൈക്കൊണ്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം കൊടുത്തു. യോഹന്നാൻ 1 : 12. യേശുക്രിസ്തുവിനെ കൈക്കൊള്ളണം. യേശുക്രിസ്തു ഹൃദയത്തിലേക്കു വരണം. യേശുക്രിസ്തു ജീവിതത്തിലേക്കു വരണം. യേശുക്രിസ്തു നമ്മുടെ കാര്യങ്ങൾ നിയന്ത്രിക്കണം.

നമ്മുടെ ഓരോ അവയവവും യേശു നിയന്ത്രിക്കുന്നതായിത്തീരും. നമ്മുടെ കണ്ണ് യേശു കാണാൻ ആഗ്രഹിക്കാത്തതൊന്നും കാണുകയില്ല. യേശു നോക്കാത്തതൊന്നും നോക്കുകയില്ല. നമ്മുടെ നാവ് യേശു ആഗ്രഹിക്കാത്തതൊന്നും സംസാരിക്കുകയില്ല. ചീത്തവാക്ക് പറയുകയില്ല. അശുദ്ധവാക്ക് പറയുകയില്ല. ആരെയും കുറ്റം പറയുകയില്ല. ആരെയും പുച്ഛിക്കുകയില്ല. ആരേയും പരിഹസിക്കുകയില്ല.

കൈകൾ അരുതാത്തതൊന്നും ചെയ്യുകയില്ല. മാനസാന്തരപ്പെട്ട് യേശുവിന്റെ കൈ ആയി മാറി. യേശു ചെയ്യുന്നതേ ചെയ്യൂ. യേശു പോകുന്ന സ്ഥലത്തേക്കേ കാൽ പോവുകയുള്ളൂ. കാരണം, ഇത് യേശുവിന്റെ കാലുകളായി മാറി. യേശു ആഗ്രഹിക്കാത്തതൊന്നും മനസ്സിലേക്ക്, ചിന്തയിലേക്ക് വരിക

യില്ല. യേശുവിന് കൊടുത്തുപോയി. യേശു തന്റെ രക്തം കൊടുത്ത് എന്നെ വിലയ്ക്കു വാങ്ങി. യേശുവിന്റെ വകയായി ഞാൻ മാറി.

പ്രിയപ്പെട്ടവരേ, ജീവിതം യേശുവിനു കൊടുത്തുനോക്കൂ. നിങ്ങളുടെ ജീവിതം അത്യത്ഭുതകരമായ വിജയത്തിന്റെ സോപാനങ്ങളിലേക്ക് ഉയർന്നുപോകുന്നത് നിങ്ങൾക്ക് കാണാം. എല്ലാ രംഗങ്ങളിലും നിങ്ങൾ ഉയരും.

ഹൃദയത്തിൽ വലിയ സമാധാനം ഉണ്ടാകും. രോഗമുള്ളപ്പോഴും പൈസയ്ക്കു ഞെരുക്കമുള്ളപ്പോഴും ക്ലേശങ്ങളോ, എതിർപ്പുകളോ, അയൽക്കാരിൽനിന്ന് ശണ്ഠകളോ വീട്ടിൽ കലഹങ്ങളോ ഉള്ളപ്പോഴും സമാധാനം! കാരണം, യേശു അകത്തുവാഴുന്നു.

അവിടെ അമ്മായിയമ്മപ്പോരില്ല. തമ്മിൽ വേർതിരിവില്ല. മാതാപിതാക്കളും മക്കളും തമ്മിൽ അഭിപ്രായവ്യത്യാസമില്ല. സഹോദരങ്ങൾ തമ്മിൽ പിണക്കമില്ല. അവിടെയെല്ലാം സ്നേഹം മാത്രം.

നിങ്ങൾക്കുവേണ്ടേ ഈ സമാധാനജീവിതം? ആശ്വാസകരമായ ഒരു ജീവിതമുണ്ട്. അതു നിങ്ങൾക്ക് തരാനാണ് കർത്താവ് നിങ്ങളെ വിളിച്ചത്. നിങ്ങൾക്കുവേണ്ടി സ്വർഗ്ഗം വലിയതു കരുതിയിട്ടുണ്ട്. നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നത് കണ്ണുകണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല; ഒരു മനുഷ്യന്റെയും ഹൃദയത്തിൽ നിരൂപിച്ചിട്ടുപോലുമില്ല.

"ഉന്നതരാജ്യമതും ശാശ്വതജീവിതവും
നിർമ്മലരാർജ്ജിക്കും - സത്തമ മശിഹാ ഭക്തന്മാ-
രർഹിക്കുന്ന മഹാഭാഗ്യം!
ജഢനേത്രം ദർശിക്കുകയോ,
ശ്രവണം കേൾക്കുകയോ, ഹൃദയം
തേറുകയോ ചെയ്തിട്ടില്ലേതും."

ഉന്നതമായ രാജ്യമാണ് വരാൻപോകുന്നത്. ശാശ്വതമായ

ജീവിതം. അതു പരിശുദ്ധന്മാർക്കു മാത്രമേ കിട്ടുകയുള്ളൂ. നിർമ്മലന്മാർ മാത്രമേ അതു സമ്പാദിക്കുകയുള്ളൂ. ഇവിടെ വച്ച് നാം പരിശുദ്ധന്മാരായിത്തീരണം. പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. അതാണ് മാനസാന്തരം. ഇതുവരെ പാപമുള്ള ജീവിതമായിരുന്നു. ഇതുവരെ തിന്മയുള്ള ജീവിതമായിരുന്നു. ഇതുവരെ കേടുള്ള ജീവിതമായിരുന്നു. ഇതുവരെ അനർത്ഥമുള്ള ജീവിതമായിരുന്നു. ഇതുവരെ പലർക്കും വേദന വരുത്തിയ ജീവിതമായിരുന്നു.

ഇതുവരെ മാതാപിതാക്കളെ അനുസരിക്കാത്ത ജീവിതമായിരുന്നു. മാതാപിതാക്കളെ വേദനിപ്പിച്ച ജീവിതമായിരുന്നു. അങ്ങനെ ആയിരുന്ന അനേകർ ഇന്നു ഭാഗ്യവശാൽ, അവരുടെ കാലുപിടിച്ച് മാപ്പുചോദിച്ച്, പാപമോചനം കിട്ടിയ ഭാഗ്യവാന്മാരായി ജീവിക്കുന്നു.

പാപം ക്ഷമിച്ചുകിട്ടും. എത്ര ഘോരമായ പാതകം വന്നിട്ടുണ്ടെങ്കിലും എല്ലാം ക്ഷമിച്ചു കിട്ടും. നിങ്ങൾ എത്ര ഹീനമായ, വൃത്തികെട്ട ജീവിതം നയിച്ചിട്ടുണ്ടെങ്കിലും അതെല്ലാം ക്ഷമിച്ചു കിട്ടും.

ഗർഭച്ഛിദ്രം നടത്തിയവർ, മദ്യപിച്ച് കൂത്താടി വന്ന് ഭാര്യയെ ഉപദ്രവിച്ചവർ, ഭാര്യയെ കഠിനമായി മർദ്ദിച്ചവർ, എന്നും ഭാര്യയെ ഉപദ്രവിക്കുന്നത് ഒരു വിനോദംപോലെയുള്ളവർ, ഇതെല്ലാം മാറും. വന്നതെല്ലാം കർത്താവു ക്ഷമിച്ചുതരും.

എത്രയോ ഘോരകൃത്യങ്ങൾ ചെയ്തുപോയിട്ടുണ്ട്; കൈക്കൂലി വാങ്ങിയിട്ടുണ്ട്; അഴിമതിക്കു കൂട്ടുനിന്നിട്ടുണ്ട്; ചിലരെ ദ്രോഹിച്ചിട്ടുണ്ട്; ചിലരെ അന്യായമായും കഠിനമായും ഉപദ്രവിച്ചിട്ടുണ്ട്; മാതാപിതാക്കളോട് അനുസരണക്കേട് കാണിച്ചിട്ടുണ്ട്; ഭർത്താവിനോട് വിനയം കാണിക്കാതെ, അനുസരണം കാണിക്കാതെ ഭർത്താവിനെ വിട്ടുപോയിട്ടുണ്ട്, ഭാര്യയെ വിട്ടുപോയിട്ടുണ്ട്.

എന്തെല്ലാം തെറ്റുകൾ സംഭവിച്ചുപോയി! എല്ലാം ക്ഷമിക്കും.

നിങ്ങൾക്ക് എല്ലാം പൊറുത്തുതരും. മാനസാന്തരപ്പെടുക.

> *"എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു ദൈവം മനുഷ്യരോടു കല്പിക്കുന്നു."*
>
> *അപ്പൊസ്തലപ്രവൃത്തികൾ 17 : 30*

മനം തിരിയാനാണ് കർത്താവ് പറയുന്നത്. ദൈവത്തിന്റെ കല്പനയാണത്. അറിവില്ലായ്മയിൽ ചെയ്തുപോയ കാലങ്ങൾ കർത്താവ് കണക്കിടുകയില്ല. പേടിക്കണ്ട! അറിഞ്ഞുകൊണ്ട് ചെയ്തുപോയ പാപങ്ങളും, "കർത്താവേ ക്ഷമിക്കണേ" എന്നു പറഞ്ഞാൽ കർത്താവു ക്ഷമിച്ചുതരും.

കാരണം, എല്ലാ പാപവും കഴുകാൻ യേശുക്രിസ്തു ചങ്കുപിളർന്നൊഴുക്കിയ രക്തമുണ്ട്. കുരിശിൽ ചിന്തിയ 'കുഞ്ഞാടിന്റെ രക്തം!' ആ തിരുരക്തം നമ്മുടെ പാപങ്ങൾ കഴുകിത്തരും; എല്ലാം കഴുകി വെടിപ്പാക്കും. ഒന്നും കർത്താവ് ഓർമ്മയിൽ വയ്ക്കുകയില്ല. ഓരോരുത്തരോടും ദൈവം സ്നേഹത്തോടെ കല്പിക്കുകയാണ്: മോനേ, നിന്റെ വാതിൽക്കൽ ഞാൻ വന്നു മുട്ടുന്നു. മോളേ, നിന്റെ ഹൃദയവാതിൽക്കൽ ഞാൻ വന്നു മുട്ടുന്നു.

> *"ഞാൻ വാതിൽക്കൽനിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*
>
> *വെളിപ്പാട് 3 : 20*

നമ്മുടെ ഹൃദയം കർത്താവിനുവേണ്ടി തുറന്നുകൊടുക്കുക.

കർത്താവേ, എനിക്കൊന്നും അറിഞ്ഞുകൂടാ. ഞാനൊരു പാപിയാണെന്നു മാത്രം അറിയാം. ഈ പ്രായത്തിനിടയ്ക്ക് അനേകം തെറ്റുകൾ എനിക്കു സംഭവിച്ചുപോയി. എനിക്കു

തിരുത്താൻ മാർഗ്ഗമില്ല. എനിക്കു പ്രായശ്ചിത്തം ചെയ്യാൻ വകയില്ല. ഞാൻ നിസ്സഹായനാണ്. നീ എന്റെ പാപം ക്ഷമിച്ചുതരാതെ ഞാൻ എന്തുചെയ്യും? ഞാനിതാ നിന്റെ സന്നിധിയിലേക്കു വരുന്നു. നിന്റെ സ്നേഹത്തിന്റെ, ക്ഷമയുടെ പാദപീഠത്തിലേക്കു ഞാൻ വരികയാണ്. എന്നോടു ക്ഷമിക്കണമേ. ഒരുകാര്യം മാത്രം ഞാൻ നിന്നോടു പറയാം: ഇനി ഞാൻ പാപം ചെയ്യുകയില്ല.

അരുതാത്ത ഒരു വാക്ക് എന്റെ നാവിൽ വരികയില്ല. പ്രാകുകയില്ല. ശപിക്കുകയില്ല, പരദൂഷണം പറയുകയില്ല. മറ്റുള്ളവരുടെ കുറ്റം പറയുകയില്ല. വ്യാജം പറയുകയില്ല. കർത്താവേ, എന്റെ ഓരോ അവയവവും ഞാൻ നിനക്കു വിട്ടു തരുന്നു. ഇതാണ് മാനസാന്തരം!

*"തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു."* *യോവേൽ 1 : 4*

തുള്ളൻ, വെട്ടുക്കിളി, വിട്ടിൽ, പച്ചപ്പുഴു - നാലു ദുഷ്ടജീവികൾ.

നല്ല ഒന്നാന്തരം കൃഷിയായിരുന്നു. നെല്ലു തഴച്ചു വളരുകയാണ്. നല്ല വിളവെടുപ്പ് കിട്ടുമെന്ന് പ്രതീക്ഷിച്ച് മനോഹരമായ ആ നെൽപ്പാടത്തിലേക്ക് ഉടമസ്ഥൻ ചെന്നു. പക്ഷേ, അതിന്റെ ഇലകൾ മുറിഞ്ഞുപോയിരിക്കുന്നു. തുള്ളൻ എന്ന ജീവി വന്ന് കുറെയേറെ തിന്നുകളഞ്ഞു.

കണ്ടാൽ സങ്കടം തോന്നുമെങ്കിലും തുള്ളൻ ശേഷിപ്പിച്ച ഇലകൾ ഇനിയുമുണ്ടല്ലോ എന്നുകരുതി ആശ്വസിച്ചു. കുറച്ചു കൂടി വളം ഇട്ടു കൊടുത്തു.

അടുത്ത പ്രാവശ്യം വന്നപ്പോൾ തുള്ളൻ ശേഷിപ്പിച്ചതു വെട്ടുക്കിളി തിന്നു. എല്ലാം നാനാവിധമാക്കിക്കളഞ്ഞു.

എന്നാലും സാരമില്ല, പുതിയ കൂമ്പു വരുമ്പോൾ നിവർന്നു

വന്നോളുമെന്ന് ആശിച്ചു. മൂന്നാം പ്രാവശ്യം വന്നപ്പോൾ വെട്ടുക്കിളി ശേഷിപ്പിച്ചതു വിട്ടിൽ തിന്നുന്നതാണ് കണ്ടത്. പച്ചയായതെല്ലാം വിട്ടിൽ തിന്നുകളഞ്ഞു.

സങ്കടമുണ്ട്. എങ്കിലും സാരമില്ല, അടുത്ത മുള വരുമ്പോൾ നേരെയായിക്കൊള്ളും എന്നാശിച്ചു. പക്ഷേ, വിട്ടിൽ ശേഷിപ്പിച്ചതെല്ലാം പച്ചപ്പുഴു തിന്നുകളഞ്ഞു. അപ്പോഴും സാരമില്ല, പടുമുള പൊട്ടി ഉണ്ടാകുന്നെങ്കിൽ ഉണ്ടാകട്ടെ എന്ന് വിചാരിച്ചു.

എന്നാൽ, “മദ്യപന്മാരേ ഉണർന്നു കരവിൻ” എന്നാണ് അടുത്തവാക്യം.

സമ്പാദിച്ച രൂപ കുറേ മദ്യപാനത്തിൽ നഷ്ടപ്പെട്ടു. ഭൂമി വിറ്റു മദ്യത്തിനു കൊടുത്തു; കുറെയേറെ അനാവശ്യ കൂട്ടുകെട്ടിലും വേണ്ടാതീനത്തിലും വൃത്തികേടിലും വെറിക്കൂത്തിലും നശിപ്പിച്ചു കളഞ്ഞു. മദ്യപാനം കഴിഞ്ഞ് വീട്ടിൽ കലഹമാണ്. എന്നും വഴക്ക്, പിണക്കം, തല്ല്. എന്നും ഒച്ചപ്പാട്. പിള്ളേർക്ക് പഠിക്കാൻ പറ്റുന്നില്ല. പിന്നെ കൂട്ടുകാർ കൂടി വേണ്ടാതീനത്തിനു പോയിത്തുടങ്ങി. വേണ്ടാത്ത ചില ബന്ധങ്ങൾ. വിവാഹമോചനം, വ്യഭിചാരജീവിതം, ആഡംബരജീവിതം – അങ്ങനെ എല്ലാം നശിക്കുന്നു. സിനിമയ്ക്കും മ്ലേച്ഛചിത്രങ്ങൾക്കും കുറേ സമ്പാദ്യം പോകുന്നു.

“തുള്ളൻ ശേഷിപ്പിച്ചതു വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചതു വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചതു പച്ചപ്പുഴു തിന്നു.”

എല്ലാം തീർന്നു. അനേകരുടെ ആരോഗ്യം ഇന്നു ക്ഷയിച്ചു. രൂപ തീർന്നു. സൽപ്പേരു പോയി. ആഭിജാത്യം പോയി. മാന്യത പോയി. ആരുടേയും മുഖത്തു നോക്കാൻ വയ്യാത്ത സ്ഥിതിയായി. കടം വന്നു കയറി. എല്ലാം തീർന്നു.

എന്നാൽ ദൈവത്തിന്റെ വചനം പറയുന്നു:

*“ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന*

*എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നൽകും." യോവേൽ 2 : 25*

ഇതാണ് മാനസാന്തരം! എല്ലാം നഷ്ടപ്പെടുത്തിയെങ്കിലും ഇനിയും തരാമെന്ന് ദൈവം പറയുന്നു. നല്ല ശോഭനമായ കാലം തരാമെന്ന് ദൈവം പറയുന്നു.

സൽപ്പേര്, സമ്പത്ത്, ആരോഗ്യം, സമാധാനം, ഐക്യം - എല്ലാം നാനാവിധമാക്കിക്കളഞ്ഞു. എങ്കിലും മോളേ, നിനക്കു പകരം കിട്ടും. മോനേ, നിനക്കെല്ലാം പകരം കിട്ടും. നീ ഇന്നു മാനസാന്തരപ്പെടുക.

"ഞാൻ നല്ല പോരാട്ടം പോരാടി."

ജീവിതത്തിന്റെ അവസാന സമയത്തേക്കു വരുമ്പോൾ, മരണത്തിന്റെ ഒടുവിലത്തെ വിനാഴികയിലേക്ക് നീങ്ങുമ്പോൾ നമുക്ക് പറയാൻ സാധിക്കണം: കർത്താവേ, എനിക്കു മാന സാന്തരം നീ ദാനമായി തന്നു. നിന്റെ രക്തം എന്റെ പാപങ്ങ ളെല്ലാം കഴുകിക്കളഞ്ഞു. മ്ലേച്ഛതകൾ നീ കഴുകി. എന്നെ നീ പുതിയ സൃഷ്ടിയാക്കി മാറ്റി. എന്റെ കർത്താവേ, ഇതൊന്നും എനിക്ക് അർഹതയുള്ള കാര്യങ്ങളല്ല എങ്കിലും നീ ഇതെല്ലാം എനിക്കു ചെയ്തു തന്നു. ഇന്നിതാ ഞാൻ മരണത്തോട് അടു ക്കുന്നു. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ എനിക്കും പറ യണം:

*"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനി ക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാ ധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ."*

*2 തിമൊഥെയോസ് 4 : 7, 8*

ഇതാണ് സദ്വർത്തമാനം! യേശുക്രിസ്തു പാപം ക്ഷമിച്ചുതരും എന്നുള്ളതാണ് Good news! യേശുക്രിസ്തു മാനസാന്തരം തരും, പുതിയ ജീവിതം തരും എന്നുള്ളതാണ് Good news; ശുഭവാർത്ത!

ഈ സദ്വർത്തമാനം ഏറ്റുവാങ്ങാൻ മനസ്സുണ്ടോ? എങ്കിലിന്ന് യേശുവിനോടുകൂടെ അത്താഴം കഴിക്കാം. യേശു നിങ്ങളുടെ വീട്ടിലേക്കു വരും; നിങ്ങളുടെ ഭാരങ്ങളും ആകുലങ്ങളും നീക്കിത്തരും. യേശു നിങ്ങൾക്ക് അഭിവൃദ്ധി തരും. സമാധാനം തരും. കഴിഞ്ഞകാലജീവിതത്തിലെ കേടുകളെല്ലാം പോക്കി സന്തോഷത്തിന്റെ, അഭിവൃദ്ധിയുടെ നല്ല കാലങ്ങൾ കർത്താവു തരും.

"ആഹ്വാനം ചെയ്യും പാപികളിൽ
കൃപയെ വിലക്കാത്തോൻ ദേവാ!
ആർദ്രതയാൽ കോപത്തിൻ വടിയും
താഡനവും നീക്കീടണമേ
ആനന്ദൈശ്വര്യങ്ങളെഴും
മാസാബ്ദങ്ങളെ നൽകണമേ
സ്ലീബായുടെ വൻ റൂശ്മായാൽ –
വിധ്വംസിക്കുക ദുഷ്ടനെ നിൻ
ആർദ്രതയെ വാഴ്ത്തും ഞങ്ങൾ."

നാഥാ, നീ വിളിച്ചപേക്ഷിക്കുന്ന പാപികളിൽ കൃപയെ വിലക്കാത്തവനാണ്. പിശാച് എന്നെ താഡനം ചെയ്യുകയാണ്, കഠിനമായി ഉപദ്രവിക്കുകയാണ്. പാപം മൂലമുണ്ടാകുന്ന ദൈവകോപത്തിന്റെ വടി എന്റെമേൽ വരികയാണ്.

കർത്താവേ, ദുഷ്ടനായ പിശാചിനെ എന്റെ ജീവിതത്തിൽനിന്ന് മാറ്റിത്തരണമേ. പിശാച് എന്റെ ജീവിതം നശിപ്പിച്ചിരിക്കുന്നു. എന്റെ മക്കൾ ചുമതലാബോധമില്ലാതെ ഉഴപ്പിപ്പോകുന്നു. കർത്താവേ, എന്റെ കുടുംബത്തിലേക്ക് ആനന്ദവും ഐശ്വര്യവുമുള്ള മാസങ്ങളും ആണ്ടുകളും തരണമേ.

നിന്റെ ജയമുള്ള സ്ലീബായുടെ അടയാളത്താൽ ദുഷ്ടനായ പൈശാചികനെ എന്നിൽനിന്ന് ശാസിച്ചകറ്റണമേ. അപ്പോൾ ഞങ്ങൾ നിന്നെ വാഴ്ത്തും. ഞങ്ങൾ മരണത്തോളം നിന്നെ സ്തുതിക്കും.

പ്രിയപ്പെട്ടവരേ, നല്ല പോർ പോരാടണമെങ്കിൽ മാനസാന്തരത്തിലേക്ക് വരണം. ഓട്ടം തികച്ച് നീതിയുടെ കിരീടം ലഭിക്കണമെങ്കിൽ മാനസാന്തരത്തിലേക്ക് വരണം. മാനസാന്തരം മധുരതരമായ വിലപ്പെട്ട വാക്കാണ്. അത് ജീവിതത്തിൽ അനുഭവമാക്കണം.

ആളുകൾ ഇല്ലാത്തതുപറഞ്ഞ് പരിഹസിച്ചുകൊള്ളട്ടെ, സാരമില്ല. ആരെല്ലാം ഇല്ലാത്തതു പറഞ്ഞ് ആക്ഷേപിച്ചാലും നമുക്കെന്തു നഷ്ടം? ആരെല്ലാം തെറ്റിദ്ധരിച്ചാലും എല്ലാം ശരിയായി കാണുന്ന കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. അവിടുത്തെ സന്നിധിയിൽ നാം വിശുദ്ധരും നിഷ്ക്കളങ്കരുമായി ജീവിച്ചാൽ മതി. അപ്പോൾ ഹൃദയരഹസ്യങ്ങളെ കാണുന്ന ദൈവത്തിന്റെ കൃപ നമുക്ക് അനുഭവിക്കാം. നാം പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുകയും ചെയ്യും.

പുതിയ സൃഷ്ടിയാവാൻ സഭയോ പള്ളിയോ സമുദായമോ കക്ഷിയോ ഒന്നും മാറേണ്ട കാര്യമില്ല. അതിനു ഹൃദയം മാറ്റണം. ഹൃദയം നാം വിട്ടുകൊടുത്താൻ യേശു നമ്മുടെ ഹൃദയം മാറ്റും. എത്ര ലളിതമാണ് ക്രിസ്തീയജീവിതം!

കർത്താവിന്റെ കരങ്ങളിലേക്ക് ജീവിതം വിട്ടുകൊടുക്കുക. ഇപ്പോൾ തന്നെ നിങ്ങൾക്കു വിശുദ്ധരായി മാറാം; നീതിമാന്മാരായിത്തീരാം. ക്രിസ്തുവിനോടു ചേർന്ന് വിരുന്നുകഴിക്കുന്ന അനുഗ്രഹത്തിലേക്കു നിങ്ങൾക്കും വരാം.

നിങ്ങളുടെ ഭാവി ശോഭനമായിത്തീരും. കുടുംബം സ്വർഗ്ഗമായിത്തീരും. അവിടെ നരകത്തിന്റെ ഭീകരതകളില്ല. അട്ടഹാസം, കോപം, വാശി, പിണക്കം ഒന്നുമില്ല. അവിടെ ഐക്യവും സ്നേഹവും സമാധാനവും മാത്രം.

നിങ്ങളുടെ കടങ്ങൾ മാറിക്കിട്ടും. നിങ്ങൾക്കു മുന്നോട്ടു പോകാനുള്ള വഴികൾ തെളിഞ്ഞുകിട്ടും. കർത്താവ് നിങ്ങളുടെ മക്കളെ അനുഗ്രഹിക്കും. സൗഭാഗ്യകാലങ്ങൾ നിങ്ങൾക്കു തരും. ദൈവം നിങ്ങളുടെമേൽ സമൃദ്ധിയായി അനുഗ്രഹം ചൊരിയും. നിങ്ങൾ ഭാഗ്യശാലികളായിത്തീരും.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു."

ആ നീതിയുടെ കിരീടം എനിക്കു ലഭിക്കാൻ തക്കവണ്ണം ഇന്നു ഞാൻ എന്നെ സമർപ്പിക്കുന്നു. നാഥാ, എന്റെ ദേഹവും ദേഹിയും ആത്മാവും ഞാൻ സമർപ്പിക്കുന്നു. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു; മശിഹായെ ഞാൻ സ്വീകരിക്കുന്നു.

എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. എന്റെ യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

## മൂന്ന്

*“കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു. നീ മർത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു. ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രം ഇരിക്കുന്നു. നീ അവരെ ഒഴുക്കിക്കളയുന്നു; അവർ ഉറക്കംപോലെ അത്രേ; അവർ രാവിലെ മുളച്ചുവരുന്ന പുല്ലുപോലെ ആകുന്നു. അതു രാവിലെ തഴച്ചുവളരുന്നു; വൈകുന്നേരം അത് അരിഞ്ഞുവാടിപ്പോകുന്നു. ഞങ്ങൾ നിന്റെ കോപത്താൽ ക്ഷയിച്ചും നിന്റെ ക്രോധത്താൽ ഭ്രമിച്ചും പോകുന്നു. നീ ഞങ്ങളുടെ അകൃത്യങ്ങളെ നിന്റെ മുമ്പിലും ഞങ്ങളുടെ രഹസ്യപാപങ്ങളെ നിന്റെ മുഖപ്രകാശത്തിലും വച്ചിരിക്കുന്നു. ഞങ്ങളുടെ നാളുകളൊക്കെയും നിന്റെ ക്രോധത്തിൽ കഴിഞ്ഞുപോയി; ഞങ്ങളുടെ സംവത്സരങ്ങളെ ഞങ്ങൾ ഒരു നെടുവീർപ്പുപോലെ കഴിക്കുന്നു. ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ*

*എൺപതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ; അതു വേഗം തീരുകയും ഞങ്ങൾ പറന്നുപോകയും ചെയ്യുന്നു.”*

*സങ്കീർത്തനങ്ങൾ 90 : 1 – 10*

മോശയുടെ ഒരു പ്രാർത്ഥനയാണ് 90-ാം സങ്കീർത്തനം. ജ്യേഷ്ഠനായ അഹറോന്റെ ശവസംസ്ക്കാരത്തിനുശേഷം മോശ കരഞ്ഞുകൊണ്ടു പാടുന്ന പാട്ടാണിത്. ഈ ഭൂമിയിലെ നമ്മുടെ ആയുസ്സ് എത്രയോ ചുരുക്കം എന്നതാണ് മോശയുടെ പ്രാർത്ഥന.

120-ാമത്തെ വയസ്സിൽ നല്ല വാർദ്ധക്യത്തിൽ മോശ നിൽക്കുമ്പോൾ തന്നെക്കാൾ മൂന്നു വയസ്സിനുമേൽ മാത്രം പ്രായം അധികമുള്ള ജ്യേഷ്ഠൻ മരിക്കുന്നു. ജ്യേഷ്ഠന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയ സഹോദരനായിരുന്നു ദൈവപുരുഷനായ മോശ. അവർ ഒരുമിച്ചാണ് ദൈവത്തിന്റെ വേലയിൽ മുന്നോട്ട് വന്നത്. എന്നാൽ ഈ ശവക്കുഴിക്കരികിൽ രണ്ടുപേരും രണ്ടായി തിരിയുന്നു.

എല്ലാവരും തമ്മിൽ പിരിഞ്ഞുപോകുന്ന ഒരു ജംഗ്ഷൻ ആണ് മരണം. മരണമെന്ന കവലയിൽ എല്ലാവരും അവരവർക്കായി സമ്പാദിച്ചിട്ടുള്ള വഴിയിലേക്ക് തിരിയുന്നു.

ഈ ഭൂമിയിലെ ആയുഷ്ക്കാലം വളരെ വിലയേറിയതാണ്. ഓരോ നിമിഷവും ഇവിടെ വിലപ്പെട്ടതാണ്. കാരണം, ഇവിടെവച്ചാണ് നാം നമ്മുടെ നിത്യത എവിടെയെന്ന് തീരുമാനിക്കുന്നത്. നിത്യജീവങ്കലേക്കാണോ, നിത്യനാശത്തിലേക്കാണോ, സ്വർഗ്ഗസീയോനിലേക്കാണോ, നരകഭീതിയിലേക്കാണോ പോകേണ്ടത് എന്ന ഒരുക്കം നടക്കുന്നത് ഈ ആയുഷ്ക്കാലത്താണ്.

ഇതെല്ലാം നമുക്കറിയാമെങ്കിലും ദൈനംദിനജീവിതത്തിൽ, ഭാരങ്ങളും ക്ലേശങ്ങളും പലതരത്തിലുള്ള പ്രതിസന്ധികളും പ്രശ്നങ്ങളുമുള്ള ജീവിതത്തിൽ നമ്മുടെ മരണത്തെക്കുറിച്ച്

നാം ഓർക്കാറില്ല. നമ്മുടെ പ്രിയപ്പെട്ടവരെല്ലാം നോക്കിനിൽക്കുന്ന മരണസമയത്ത്, മരണത്തെ അഭിമുഖീകരിക്കുന്ന മനുഷ്യൻ ഏകാകിയായി അക്കരയ്ക്കു കടന്നുപോകുന്ന ആ ദയനീയ മായ രംഗം! പലപ്പോഴും നാമതു ചിന്തിക്കുന്നില്ല.

ഒരു ശവസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുക്കുമ്പോൾ നമുക്കു ചിലപ്പോൾ ഒരു ചിന്ത വരും; ദുഃഖം വരും. എന്നാൽ അതെല്ലാം കഴിഞ്ഞ് നാം പഴയ ജീവിതത്തിലേക്ക് തിരിഞ്ഞു പോവുകയാണ്. ആത്മാവിനെക്കുറിച്ച് ആരും കരുതുന്നില്ല.

മനുഷ്യന് ദേഹവും ദേഹിയും ആത്മാവുമുണ്ട്. ശരീരം ഈ ഭൂമിയിൽ മണ്ണോടു മണ്ണ് ലയിക്കും. ഈ ശരീരത്തിൽനിന്ന്, ജീവൻ അല്ലെങ്കിൽ പ്രാണൻ പറന്നുപോകും. എന്നാൽ ആത്മാവ് നിത്യതയിലേക്ക് പ്രവേശിക്കും. നിത്യത അനന്തതയാണ്. അതിന് അന്തമില്ല; അറുതിയില്ല. ആ നിത്യത ഞാൻ എവിടെയാണ് കഴി ക്കേണ്ടത് എന്നു തീരുമാനിക്കേണ്ടത് ഈ ഭൂമിയിലെ ജീവിത കാലത്താണ്.

കർത്താവായ യേശുക്രിസ്തു തന്റെ ശുശ്രൂഷയിൽ ഏറ്റവും കൂടുതൽ സംസാരിച്ച വിഷയമാണ് മരണം, നിത്യത, സ്വർഗ്ഗം എന്നുള്ളത്. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം എന്നാണ് കർത്താവ് ചോദിച്ചത്.

ആത്മാവ് നഷ്ടപ്പെടാൻ ഇടവരരുത്. ആത്മാവ് നിത്യനര കത്തിലേക്കും നിത്യയാതനയിലേക്കും പോകാൻ ഇടവരരുത്. തീ കെടുന്നില്ല, പുഴു ചാകുന്നില്ല എന്നു പറയുന്ന നിത്യാഗ്നിയുടെ ഭയങ്കരമായ, ഘോരമായ അനുഭവം! ആ നിത്യദണ്ഡനം! Eternal Torture! അതിലേക്കു പോകാൻ നമുക്കാർക്കും ഇടവര രുത്.

അതിനുവേണ്ടി മാത്രമാണ് സുവിശേഷപ്രസംഗങ്ങൾ. സുവിശേഷവേലയുടെ ലക്ഷ്യം, നിത്യത സ്വർഗ്ഗത്തിൽ എത്താൻ

നാമെല്ലാവരും ഒരുങ്ങണം എന്നുള്ളതുമാത്രമാണ്. ആ ലക്ഷ്യം വച്ചുകൊണ്ടാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വേറെ ലാക്കില്ല. “ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.” ക്രിസ്തു ജീവിതത്തിൽ ഇല്ലെങ്കിൽ നാം നിത്യനരകത്തിലേക്കു പോകും, സംശയമില്ല. ആത്മാവ് നിത്യജീവങ്കലേക്കു പോകണം.

ക്രിസ്തു, ജീവിതത്തിൽ ഉണ്ടെന്ന് ഊഹിച്ചു യാത്ര ചെയ്യുന്ന അനേകരുണ്ട്. യേശുക്രിസ്തു കൂടെയുണ്ടായിരിക്കുമെന്നോർത്ത് കന്യകമറിയാം മൂന്നു ദിവസം നഷ്ടപ്പെടുത്തി.

യൗസേപ്പ് പിതാവും കന്യകമറിയാമും യേശുവും കൂടെയാണ് പള്ളിയിലേക്ക് പോയത്. തിരിച്ചുപോരുമ്പോൾ വലിയ തിക്കുംതിരക്കുമാണ്. യേശു കൂടെയുണ്ടായിരിക്കും എന്ന് ഊഹിച്ചാണ് യാത്ര ചെയ്തത്. ഒരുദിവസം വഴിയാത്ര കഴിഞ്ഞപ്പോഴാണ് യേശു കൂടെയില്ല എന്നുള്ള സത്യം മനസ്സിലായത്. ഒരു ദിവസം പാഴായി!

അടുത്ത ദിവസം ചാർച്ചക്കാരുടെയും കൂട്ടുകാരുടെയും ഇടയിൽ തെരയുകയാണ്; അങ്ങനെ രണ്ടുദിവസം പാഴായി.

യേശു കൂടെയുണ്ടായിരിക്കും എന്ന് ഊഹിച്ചു യാത്ര ചെയ്ത ഒരു ദിവസം. പിന്നെ യേശു കൂടെയില്ല എന്നറിഞ്ഞിട്ട് യേശുവിനെ തെരയുന്ന ഒരു ദിവസം. മൂന്നാമത്തെ ദിവസം, യേശുവിനെ എവിടെ നഷ്ടപ്പെട്ടുവോ അവിടംവരെയും യേശുവിനെ കണ്ടെത്താൻ തിരികെ പോകുന്ന ദിവസം. 3 ദിവസങ്ങൾ! നഷ്ടപ്പെട്ടയിടം വരെയും തിരികെ പോകുന്നു; കണ്ടുപിടിക്കുന്നു.

ഇന്ന് മാനസാന്തരപ്പെട്ട ക്രിസ്ത്യാനികൾ പലരും യേശു കൂടെയുണ്ടായിരിക്കുമെന്ന് ഊഹിച്ചാണ് യാത്ര ചെയ്യുന്നത്. കൂട്ടായ്മ നടത്തുന്നവരാണ്; സുവിശേഷം പ്രസംഗിക്കുന്നവരാണ്; സൺഡേസ്കൂൾ പഠിപ്പിക്കുന്നവരാണ്. പക്ഷേ, യേശു

കൂടെയുണ്ടായിരിക്കും എന്നു കരുതി യാത്ര ചെയ്യുകയാണ്.

പള്ളിയിൽ പോകുന്നുണ്ടല്ലോ, കുമ്പസാരിക്കുന്നുണ്ടല്ലോ, കുർബ്ബാന അനുഭവിക്കുന്നുണ്ടല്ലോ, യേശു കൂടെയുണ്ടായിരിക്കും. ഊഹിച്ചുള്ള യാത്ര! പക്ഷേ, സത്യം തിരിച്ചറിയണം; യേശുകൂടെയില്ല എന്നുള്ള സത്യം!

യേശു ഇന്നത്തെ സ്ഥിതിയിൽ എന്റെ കൂടെയുണ്ടായിരിക്കാൻ സാദ്ധ്യതയുണ്ടോ എന്നു ചിന്തിക്കണം. എന്റെ ഹൃദയത്തിൽ ഈർഷ്യയും പിണക്കവും ഇരിക്കെ യേശു കൂടെയുണ്ടായിരിക്കുമോ? എന്റെ വീട്ടിൽ കലഹവും വഴക്കും ഇരിക്കെ യേശു കൂടെയുണ്ടായിരിക്കുമോ? എന്റെ ഹൃദയത്തിൽ പരുഷതയും നീരസവും കയ്പ്പും ഉണ്ടായിരിക്കെ യേശു കൂടെയുണ്ടായിരിക്കുമോ? എന്റെ ഹൃദയത്തിൽ അശുദ്ധവികാരമുള്ളപ്പോൾ യേശു കൂടെയുണ്ടായിരിക്കുമോ?

എന്റെ ഹൃദയത്തിൽ ദ്രവ്യാഗ്രഹവും അഹങ്കാരവും ഉള്ളപ്പോൾ യേശു കൂടെയുണ്ടായിരിക്കുമോ? സ്ഥാനമോഹവും സ്വാർത്ഥതയും ഉള്ളപ്പോൾ യേശു കൂടെയുണ്ടായിരിക്കുമോ? അസൂയയും അത്യാഗ്രഹവും ഉള്ളപ്പോൾ, എന്റെ ഹൃദയത്തിൽ പലരെക്കുറിച്ചും ചീത്തനിരൂപണങ്ങളും മുൻവിധികളും, ചിലരെക്കുറിച്ച് ദൂഷണങ്ങളും ഉള്ളപ്പോൾ യേശു കൂടെയുണ്ടായിരിക്കുമോ?

ഇത് മനസ്സിലാക്കുന്നതാണ് വലിയ വെളിവ്. എന്റെ ജീവിതത്തിൽ പാപമുണ്ടെങ്കിൽ യേശു കൂടെയില്ല എന്ന് തിരിച്ചറിയണം. പാപം ഇരുട്ടാണ്. ഇരുട്ടുണ്ടെങ്കിൽ അവിടെ വെളിച്ചമില്ല. യേശു കൂടെയുണ്ടായിരിക്കും എന്ന് ഊഹിച്ചു നമ്മൾ യാത്ര ചെയ്യരുത്.

യേശു കൂടെയില്ല എന്ന സത്യം തിരിച്ചറിയുന്നതും അതിന്റെ കാരണം മനസ്സിലാക്കുന്നതും മഹാഭാഗ്യമാണ്. കാരണങ്ങൾ കണ്ടുപിടിച്ച് ആ പാപത്തെ ഉപേക്ഷിക്കുന്നതും മഹാഭാഗ്യമാണ്.

അപ്പോൾ യേശുവിനെ തിരികെകിട്ടും. എവിടെ നഷ്ടപ്പെട്ടുവോ അവിടംവരെ, വളരെ താത്പര്യത്തോടെ തിരികെ പോവുക യാണ്.

എവിടെയാണ് നഷ്ടപ്പെട്ടത്? ആരോട് സംസാരിച്ചപ്പോ ഴാണ് നഷ്ടപ്പെട്ടത്? ഞാൻ വീട്ടിൽ അമ്മയോട് സംസാരിച്ച പ്പോഴാണോ? അതോ, വീട്ടിൽ ഭർത്താവിനോട് സംസാരിച്ച പ്പോഴാണോ? അല്ല, എന്റെ മക്കളോട് ഇടപെട്ടപ്പോഴാണോ? വിദ്യാർത്ഥികളോട് സംസാരിച്ചപ്പോഴാണോ?

എന്റെ സംസാരത്തിൽ എവിടെയാണ് തെറ്റുപറ്റിയത്? എനിക്കു കോപം വന്നത് എവിടെയാണ്? ഇങ്ങനെ എവിടെ യാണ് യേശു നഷ്ടപ്പെട്ടത് എന്നു കണ്ടുപിടിക്കുന്നതാണ് മഹാഭാഗ്യം. അത് കണ്ടുപിടിച്ച് യേശു ഉള്ളയിടം വരെയും യാത്ര ചെയ്യുന്നു

മരണമുണ്ട്. മരണശേഷം ഒരു നിത്യതയുണ്ട്. ആ നിത്യത കർത്താവായ യേശുക്രിസ്തുവിന്റെ രാജ്യത്ത് എത്തിയില്ലെങ്കിൽ തീരാനഷ്ടമാണ്. നിത്യത, തീരാത്ത കാലമാണ്. ഈ ഭൂമി യിലെ ആയുസ്സ് ഏറെയായാൽ എൺപതു സംവത്സരം. അല്ലെ ങ്കിൽ നൂറോ നൂറ്റിപ്പത്തോ വർഷം. അതിനപ്പുറത്തേക്ക് ഒരു ആയുസ്സില്ല. എന്നാൽ നിത്യതയോ?

നിത്യത, നൂറോ ആയിരമോ വർഷമല്ല. പതിനായിരമോ ലക്ഷമോ വർഷമല്ല. കോടാനുകോടി വർഷങ്ങൾ എന്നു പറ ഞ്ഞാലും തീരാത്ത കാലമാണ്. അനന്തത!

Eternity is a reality!

നിത്യത യാഥാർത്ഥ്യമാണ്!

ആയുസ്സ് എത്രവേഗം തീരുകയും നാം പറന്നുപോകയും ചെയ്യും. ശരീരം മണ്ണോടുമണ്ണ് ലയിക്കുമ്പോൾ ആത്മാവ് പറ ന്നുപോകുന്നു. ഈ ആത്മാവ് നിത്യസ്വർഗ്ഗത്തിൽ പ്രവേശി ക്കണം എന്നുള്ളതാണ് നമ്മുടെ ആഗ്രഹവും പ്രാർത്ഥനയും.

അതിനുവേണ്ടിയാണ് നമ്മുടെ പള്ളികൾ, കുർബ്ബാനകൾ, കൂദാശകൾ, പ്രാർത്ഥനകൾ, പ്രാർത്ഥനായോഗങ്ങൾ. ഈയൊരു ലക്ഷ്യത്തിലേക്കാണ് എല്ലാം വിരൽ ചൂണ്ടുന്നത്. പക്ഷേ, നിർഭാഗ്യവശാൽ നമ്മുടെ ആളുകളാരും അത് ഗൗനിക്കാറില്ല.

വളരെ പ്രസിദ്ധനായ ഒരു സുവിശേഷകനായിരുന്നു ഡി. എൽ. മൂഡി. അദ്ദേഹം മരിക്കാൻ കിടക്കുമ്പോൾ അരികത്ത് ഭാര്യയും മകനുമുണ്ട്. അവർ മയങ്ങിപ്പോയിരുന്നു. രാത്രി ഏതോ ഒരു ശബ്ദം കേട്ടു നോക്കിയപ്പോൾ അദ്ദേഹം വായു വലിക്കുന്നതുപോലെ തോന്നി. ഇടയ്ക്ക് കണ്ണുതുറന്നെങ്കിലും അദ്ദേഹം വീണ്ടും കണ്ണടച്ചു.

കുറേനേരം കഴിഞ്ഞപ്പോൾ അദ്ദേഹം കണ്ണുതുറന്നിട്ട് പറഞ്ഞു: “ഇന്ന് എന്റെ കിരീടധാരണ ദിവസമാണ്. ഞാൻ സ്വർഗ്ഗം കണ്ടിട്ടാണ് വരുന്നത്. സ്വർഗ്ഗത്തിൽ വലിയ ആഘോഷമാണ്. മാലാഖമാർ ആർപ്പിടുകയാണ്. വലിയ സന്തോഷവും പ്രസരിപ്പും മഹോത്സവവും ആണവിടെ. ഇന്നെന്റെ കിരീടധാരണ മഹോത്സവമാണ്.” അദ്ദേഹം സ്വർഗ്ഗത്തെ വർണ്ണിച്ചു. പിന്നെയും കണ്ണടച്ചു.

കുറച്ചുകഴിഞ്ഞ് കണ്ണുതുറന്ന് പറഞ്ഞു: “ഇന്ന് എന്റെ കിരീടധാരണ ദിവസമാണ്. നിങ്ങൾ സന്തോഷിപ്പിൻ. നിങ്ങൾ എന്തിനു കരയുന്നു?” കരയുന്നവരെ ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം എന്നന്നേക്കുമായി കണ്ണുകളടച്ചു. സമാധാനത്തിന്റെ, സന്തോഷത്തിന്റെ ഒരു മരണം.

ഡേവിഡ് ലിവിംഗ്സ്റ്റൺ, ആഫ്രിക്കയിൽ സുവിശേഷവേലയ്ക്കായി പോയ ദൈവത്തിന്റെ വിലയേറിയ ദാസനാണ്. സ്റ്റാൻലി എന്ന ചെറുപ്പക്കാരൻ അദ്ദേഹത്തിന്റെ കൂടെക്കൂടി. അന്ന് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് പോകണമെങ്കിൽ സിംഹവും പുള്ളിപ്പുലിയും ചെന്നായയും ഒക്കെയുള്ള വനം കടക്കണം.

ഒരു ദിവസം വഴിമദ്ധ്യേ ഒരു സിംഹം ചാടിവീണ് ലിവിംഗ്സ്റ്റണിന്റെ തോളിൽ കടിച്ചു. അദ്ദേഹം വീണു പിടഞ്ഞു. സ്റ്റാൻലി സിംഹത്തെ വെടിവെച്ചിട്ടു. ദൈവത്തിന്റെ ദാസൻ ഇതാ മരിക്കാറായി കിടക്കുന്നു. സ്റ്റാൻലി ധൃതിപിടിച്ച് മുറിവ് വച്ചുകെട്ടി മൃതശരീരം എടുത്തുകൊണ്ടുപോകുന്നതുപോലെ ചുമന്ന് താമസിക്കുന്ന കുടിലിൽ കൊണ്ടുവന്ന് തറയിൽ കിടത്തി. സങ്കടത്തോടെ പ്രാർത്ഥിച്ചു കൊണ്ട് സ്റ്റാൻലി അരികെ നിന്നു.

ഇടയ്ക്ക് ലിവിംഗ്സ്റ്റൺ കണ്ണുതുറന്നിട്ട് പറഞ്ഞു:

*“ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്.” വെളിപ്പാട് 1 : 17, 18*

ലിവിംഗ്സ്റ്റൺ നല്ല പ്രസന്നതയോടെയാണ് പറയുന്നത്. നല്ല പ്രത്യാശ, ക്രിസ്തു കൂടെയുണ്ട് എന്നുള്ള ഉറപ്പ്. ക്രിസ്തുവിന്റെ കരം എന്നെ പിടിച്ചു എന്നുള്ള ഉറപ്പ്. നല്ല ധൈര്യം. നല്ല പ്രാഗത്ഭ്യം. ലിവിംഗ്സ്റ്റൺ അന്ന് മരിച്ചില്ല. പിന്നെയും സുവിശേഷവേല ചെയ്തു.

ഒരു തത്വചിന്തകനുണ്ടായിരുന്നു, Herbert Spencer. നിരീശ്വരനായിരുന്ന അദ്ദേഹം മരിക്കാൻ കിടന്നപ്പോൾ ഓർമ്മയ്ക്കുവേണ്ടി ശവകുടീരത്തിൽ എന്ത് എഴുതിവയ്ക്കണമെന്ന് സ്നേഹിതന്മാർ ചോദിച്ചു. അദ്ദഹം പറഞ്ഞു: രണ്ടു വാക്കു മതി; “Most unhappy!” തീർത്തും സന്തോഷമില്ലാത്തവൻ!

പ്രിയപ്പെട്ടവരേ, വിശ്വാസികൾ മരിക്കുന്നത് പ്രത്യാശയോടെ ക്രിസ്തുവിന്റെ രാജ്യം കണ്ടുകൊണ്ടാണ്. അവിശ്വാസികൾ മരിക്കുന്നത് നിരാശയോടെയാണ്. വിതുമ്പിക്കൊണ്ടും ആക്രോശിച്ചുമാണ് അവർ മരിക്കുന്നത്.

അപ്പൊസ്തലനായ പൗലോസ് മരണമടുത്തപ്പോൾ പറഞ്ഞു:

> *"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കുംകൂടെ."*
>
> *2 തിമൊഥെയോസ് 4 : 7, 8*

റോമൻ കാരാഗൃഹത്തിൽ തന്റെ തല ഛേദിക്കപ്പെടുമെന്ന് ഉറപ്പായപ്പോൾ അപ്പൊസ്തലൻ പറയുകയാണ്: "ഞാൻ നല്ല പോർ പൊരുതി." പ്രിയപ്പെട്ടവരേ, പ്രത്യാശയുടെ മരണമായിരുന്നു അത്. അനുഗ്രഹകരമായ മരണം. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ജീവിതം കൊടുത്തു എന്ന ഉറപ്പോടുകൂടിയ മരണം.

# നാല്

*"ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: ഞാൻ എന്തു ചെയ്യേണ്ടൂ? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലംപോരാ എന്ന് ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞത്: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടി വയ്ക്കും. എന്നിട്ട് എന്നോടു തന്നെ: നിനക്ക് ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചു വച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോട്: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വച്ചത് ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു." ലൂക്കോസ് 12 : 16 – 21*

ഒരു ധനികന്റെ മരണമായിരുന്നു അത്.

കർത്താവ് ഒരു ഉപമ പറയുകയാണ്. അവന്റെ ഭൂമി നന്നായി വിളഞ്ഞു. അദ്ദേഹം നല്ല ബുദ്ധിയോടെയാണ് കൃഷി ചെയ്തത്. നല്ല സമൃദ്ധിയുള്ള വിളവെടുപ്പ്.

അപ്പോഴാണ് പുതിയ പ്രശ്നം. ഇതെവിടെ കൂട്ടി വയ്ക്കും? ധാന്യപ്പുരകളിൽ ഒതുങ്ങുകയില്ലാത്ത അത്രയുമുണ്ട്. ഒട്ടും പതിർകേടില്ല. ഒട്ടും ചാഴികേടില്ല. നല്ല ഒന്നാന്തരം നെന്മണികൾ. പക്ഷേ, എവിടെ സംഭരിക്കും?

ഇന്ന് പലർക്കും അങ്ങനെയാണ്. ഉള്ളതിൽ പ്രശ്നം. ഉള്ളതിനോടു കുറച്ചുകൂടി കൂട്ടാനുള്ള പ്രശ്നം. ഒരിക്കലെങ്കിലും മനുഷ്യനു തൃപ്തി വന്നിട്ടുണ്ടോ?

ഉള്ളൂരിന്റെ സുപ്രസിദ്ധമായ ഒരു കവിതയുണ്ട്:

അവനീശത വേണമാഢ്യ, നുർവ്വീ-
ധവനാശിപ്പതു ചക്രവർത്തിയാവാൻ
അവനോ ഭുവനാധിപത്യലുബ്ധൻ
ശിവനേ, മർത്ത്യനു തൃഷ്ണ തീരലുണ്ടോ?

ആഢ്യനായ മനുഷ്യന് രാജാവാകാൻ മോഹം. രാജാവിന് ചക്രവർത്തിയാവാനാണ് വാഞ്ഛ. ചക്രവർത്തിയായാൽ ലോകം മുഴുവന്റെയും അധിപതിയാവാനാണ് മോഹം. ദൈവമേ, മനുഷ്യന് തൃഷ്ണ തീരുകയില്ലല്ലോ.

ഒരു ദൈവപൈതലിനല്ലാതെ, ക്രിസ്തു ഹൃദയത്തിൽ വന്നിട്ടുള്ളവനല്ലാതെ ഒരിക്കലെങ്കിലും മനുഷ്യന് തൃപ്തി വന്നിട്ടുണ്ടോ? എപ്പോഴും കൂട്ടിക്കിട്ടണം. സ്വത്തു മാത്രല്ല, എല്ലാ സുഖങ്ങളും.

എന്നാൽ ഈ ധനവാന് ഉറക്കം വരുന്നില്ല. ഇപ്പോഴുള്ള കളപ്പുര പൊളിച്ച് ഞാൻ വലിയവ പണിയും. എവിടെ ഏതുവിധത്തിൽ പണിയണമെന്ന് ഉറക്കമില്ലാതെ സുഖകരമായ ചിന്തകളിൽ മുഴുകി കിടക്കുകയാണ്. എന്തെല്ലാം സംഭവിച്ചാലും പേടിക്കേണ്ട. അനവധി ആണ്ടുകൾക്ക് വേണ്ട വസ്തുവക സ്വരൂപിച്ച് വച്ചിരിക്കുന്നു. For many many years!

ഇങ്ങനെ ചിന്തിച്ച് അയാൾ ഉറങ്ങിപ്പോയി. ഉറക്കത്തിൽ ഒരു അസ്വസ്ഥത പോലെ; വയർ കമ്പിക്കുന്നു. Acidity ആണോ? ഗുളിക കഴിക്കാം എന്നു വിചാരിച്ചിട്ട് എഴുന്നേൽക്കാൻ പറ്റുന്നില്ല.

ശരീരം പൊങ്ങുന്നില്ല. ശ്വാസം കിട്ടുന്നില്ല. അസഹ്യമായ നെഞ്ചുവേദന! അങ്ങനെ വേദനിച്ചു വലയുമ്പോൾ ഒരു ശബ്ദം: “മൂഢാ!” നീ മരിക്കാൻ പോവുകയാണ്. “ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും.” ‘For many

many years' എന്നാണല്ലോ അവൻ പറഞ്ഞത്. പക്ഷേ, 'To night' എന്നാണ് ദൈവം അവനോടു പറയുന്നത്.

പ്രിയപ്പെട്ടവരേ, അവൻ ഒരുക്കമില്ലാത്തവനായിരുന്നു. He was unprepared for death! ഈ ഭൂമിയിൽ പലതും ഒരുക്കി. ധാരാളം വസ്തുവക കിട്ടി. ഒന്നിനും കുറവില്ല. പക്ഷേ, അവന്റെ മരണത്തിനുവേണ്ടി അവൻ ഒരുങ്ങിയിരുന്നില്ല.

ചിന്തിക്കൂ, നിങ്ങൾ prepared ആണോ? ഏതു സമയത്തും മരിക്കാം എന്നുള്ള ചിന്ത നിങ്ങൾക്കുണ്ടോ? ഏതു സമയത്തും മാറ്റപ്പെടാം. ഒരുങ്ങിയിരിക്കുക! Be prepared!

ഈ ധനികനെ മൂഢാ, എന്നാണ് കർത്താവ് വിളിച്ചത്. ലോകപ്രകാരം അവൻ മൂഢനല്ല. കൃഷി എങ്ങനെ ഫലപ്രദമാക്കിത്തീർക്കാം എന്നവനറിയാം. ബുദ്ധിമാനായ ഒരു ധനവാൻ! എന്നാൽ അവന്റെ മണത്തെക്കുറിച്ച് അവന് വിചാരമുണ്ടായിരുന്നില്ല. അതുകൊണ്ട് ദൈവം അവനെ മൂഢാ, എന്നു വിളിച്ചു.

പ്രിയപ്പെട്ടവരേ, നമുക്ക് മരണത്തെക്കുറിച്ച് ചിന്ത വരണം. മരിക്കുമ്പോൾ മരിക്കട്ടെ, അതിനെക്കുറിച്ച് എന്തിന് ചിന്തിക്കുന്നു എന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ, നമുക്ക് വ്യക്തമായ ഒരു ബോധ്യം വേണം. എപ്പോൾ, എങ്ങനെ മരിച്ചാലും ഞാൻ യേശുക്രിസ്തുവിന്റെ രാജ്യത്തിൽ ചെല്ലുമെന്ന ഉറപ്പ്. ഇവിടെയുള്ളതൊന്നും കൂടെ പോരുകയില്ല. സ്നേഹിക്കുന്നവർ നോക്കി നിൽക്കും. ഡോക്ടേഴ്സ് കൈമലർത്തും. ആർക്കും ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ ഇതുപോലെ സംഭവിക്കും എന്ന് നിങ്ങൾ ചിന്തിക്കണം. ഏകനായി വന്ന മനുഷ്യൻ ഏകനായി കടന്നുപോകുന്ന ഒരു ദിവസമുണ്ട്. മരണത്തിൽനിന്ന് ഒരാളെ വിടുവിക്കാൻ ആർക്കും സാധിക്കുകയില്ല.

മരണം! മരണശേഷമുള്ള നിത്യത! ഇതൊരു യാഥാർത്ഥ്യമാണ്. ഇതെല്ലാം നാം നേരിടും. എപ്പോഴാണെന്ന് അറിയില്ലെന്നു മാത്രം. എത്രയോ സംഭവങ്ങൾ നിങ്ങളുടെ മനസ്സിലുണ്ട്. കൂടെ ജോലി ചെയ്തവർ, കൂടെ സഞ്ചരിച്ചവർ, നിങ്ങളുടെ

വീട്ടിലുള്ളവർ പെട്ടെന്നു കടന്നുപോയ എത്രയോ സംഭവങ്ങൾ!

നാം ഒരു ദിവസം ഈ ഭൂമിയിൽനിന്നു കടന്നുപോകും. ഈ ധനവാനായ മനുഷ്യൻ ഒരുക്കമില്ലാത്തവൻ (unprepared) ആയിരുന്നതുകൊണ്ട് അവൻ മൂഢനായിപ്പോയി. അവന് മരിക്കാൻ ഒരുക്കമുണ്ടായിരുന്നില്ല. ചിന്തയുണ്ടായിരുന്നെങ്കിൽ ഏറിയ ആണ്ടുകൾക്ക് മതിയായ വസ്തുവക എന്ന് അവൻ പറയുമോ? ഒരു രാത്രിപോലും തികയ്ക്കാൻ അവനു സാധിക്കുന്നില്ല.

മരണം ഏതുനേരത്തും കടന്നുവരാം. കണ്ണിമയ്ക്കുന്നതിനിടയിൽ എല്ലാമെല്ലാം തീർന്നുപോകും. നിനയ്ക്കാത്ത സമയത്ത് മരണം കടന്നുവരികയും നാം അനന്തതയിലേക്ക് മാറ്റപ്പെടുകയും ചെയ്യും. പിന്നെ എത്ര കുർബ്ബാന ചൊല്ലിച്ചാലും എത്ര ധർമ്മം കൊടുത്താലും ആത്മാവിന് പ്രയോജനം ചെയ്യുകയില്ല.

സുപ്രസിദ്ധ കവയിത്രിയായ സിസ്റ്റർ മേരി ബനീഞ്ഞ പാടി:

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്ര വിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക? മാറ്റമൊന്നുമില്ലിതിൽ.

ഒരിക്കലീജ്ജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം
തിരിക്കണം; വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ
തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ
കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം.

ഇഹത്തിലെ ധനം സുഖം യശസ്സുമാഭിജാത്യവും
വഹിച്ചുകൊണ്ടു പോകയില്ല മർത്ത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴുക്കു പെട്ടിടാത്ത പുണ്യമൊന്നു താൻ
മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും

ജനിച്ചനാൾ തുടങ്ങിയെന്നെയോമനിച്ചു, തുഷ്ടിയോ

ടെനിക്കു വേണ്ടതൊക്കെയാദരിച്ച ലോകമേ,
നിനക്കു വന്ദനം! പിരിഞ്ഞുപോയിടട്ടെ ഞാനിനി
ശനിക്കുഴപ്പമേശിടാത്ത ഭാവിയെ വരിയ്ക്കുവാൻ.”

ഈ ലോകത്തെയും ശരീരത്തെയും പിരിഞ്ഞ് നാം യാത്ര പുറപ്പെടണം. പിന്നെയാകട്ടെ എന്നുപറഞ്ഞാൽ സമ്മതിക്കില്ല. തിരിച്ചുവരാത്ത ഒരു യാത്ര! കൈയിലുള്ളതെല്ലാം നാം ത്യജിക്കണം. ഒന്നും കൊണ്ടുപോകയില്ല. ധനം, സുഖം, കീർത്തി, കുടുംബമഹിമ ഒന്നും കൊണ്ടുപോകയില്ല.

ഇവിടെവച്ച് സാക്ഷാൽ പുണ്യമാകുന്ന ക്രിസ്തുവിനെ നേടിയാൽ പരത്തിൽ പ്രയോജനം വരുത്തും. സാക്ഷാൽ പുണ്യം ഒന്നേയുള്ളൂ, ക്രിസ്തു! നിത്യപരിശുദ്ധനായ ക്രിസ്തുവിനെ ഇവിടെ വച്ച് നേടുക.

മഹാനായ സീസർ ചക്രവർത്തിയുണ്ടായിരുന്നില്ലേ? വളരെ പ്രസിദ്ധനായ ഹോമർ മഹാകവിയുണ്ടായിരുന്നു. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ ഉണ്ടായിരുന്നു. അവരെല്ലാം മരിച്ചുപോയി. ഞാനും മരിക്കും, സംശയിക്കേണ്ട. മരണം സുനിശ്ചിതം.

Thomas Grey എന്ന ഇംഗ്ലീഷ് മഹാകവി ഉണ്ടായിരുന്നു; അദ്ദേഹം എഴുതിയ പ്രസിദ്ധമായ ഒരു വിലാപകാവ്യമുണ്ട്, “A Poem In The Country Churchyard.” നാട്ടിലെ ഒരു പള്ളിമുറ്റത്തെ സെമിത്തേരിയിലേക്കു നോക്കിക്കൊണ്ടു പാടുന്നതാണ് ആ കവിത.

അദ്ദേഹം പറയുന്നു: ഈ പള്ളിയിലെ സെമിത്തേരിയിൽ എത്രയധികം dead body കിടക്കുന്നു. ചിലരെല്ലാം വലിയ ഉന്നതസ്ഥാനത്ത് എത്തേണ്ടവരാണ്. അവർ മഹാനായ മിൽട്ടനെപ്പോലെ ഉയർന്നുവരേണ്ടവരായിരുന്നു. അവരെല്ലാം നിശ്ശബ്ദരായി ഇവിടെ മരിച്ചു കിടക്കുകയല്ലേ?

“Some village-Hampden, that with dauntless breast
The little tyrant of his fields withstood;
Some mute inglorious Milton here may rest,

Some Cromwell guiltless of his country's blood."

ഈ ഭൂമിയിൽനിന്നു നാം കടന്നുപോകും, മരണത്തിനപ്പുറമുള്ള ലോകത്തേക്ക്. നിത്യജീവനുവേണ്ടി കരുതിയില്ലെങ്കിൽ നാം വിഡ്ഢികളായിപ്പോകും.

അവന് മരണത്തെക്കുറിച്ച് ചിന്തയുണ്ടായിരുന്നില്ല. മാത്രമല്ല അവന് ദൈവത്തെക്കുറിച്ചും ചിന്തയുണ്ടായിരുന്നില്ല. എനിക്ക് ആസ്വദിക്കാം, തിന്നാം, കുടിക്കാം, ആനന്ദിക്കാം. ഞാൻ ഇതു ചെയ്യും.

എല്ലാം ഞാൻ ആണ് - എനിക്ക്, എന്റെ, ഞാൻ. ദൈവം ഒരു വിഷയമല്ല. ധനവും സമ്പത്തും സമൃദ്ധിയും വിളവെടുപ്പും എല്ലാം തന്നത് ദൈവമാണെന്ന ചിന്തയില്ല, ദൈവികബോധമില്ല. അവന് മരണബോധമില്ല.

അനേകർ അങ്ങനെയാണ്. ദൈവഭയമില്ല. എന്നെ കാണുന്ന ഒരു ദൈവം. എന്നെ നോക്കുന്ന ഒരു ദൈവം. എന്റെ ഹൃദയം കാണുന്ന ഒരു ദൈവം. ആ വിചാരമില്ല. ആ ഒരു ഭയം നമുക്കെപ്പോഴും വേണം. എപ്പോഴും എന്നെ കാണുന്ന ഒരു ദൈവം. ഇരുളിലും വെളിച്ചത്തിലും എന്നെ കാണുന്നു. പ്രഭാതത്തിലും സന്ധ്യയ്ക്കും എന്നെ കാണുന്നു. ഊണിലും ഉറക്കത്തിലും എന്നെ കാണുന്നു. എന്റെ കർത്താവേ, നീ എപ്പോഴും എന്നെ കാണുന്നു.

അനേകർക്കും ദൈവഭയം ഇല്ലാത്തതുകൊണ്ടാണ് മാതാപിതാക്കളെ അനുസരിക്കാത്തതും അമ്മയോട് ധിക്കാരമായി സംസാരിക്കുന്നതും. ചിലപ്പോൾ അമ്മയെ തല്ലുകവരെ ചെയ്യുന്നു. തടുക്കാൻ വരുന്ന അപ്പനെ തല്ലുന്നു. അഹങ്കാരം! ഇതിനെല്ലാം കാരണം, ദൈവഭയമില്ല, ദൈവം കാണുന്നു എന്ന് ചിന്തയില്ല.

മോഷണം, വേശ്യാവൃത്തി, പരസംഗമോഹം, നീചമായ കൊലപാതകം ഇവയെല്ലാം എന്തുകൊണ്ട്? കാരണം, പേടിയില്ല. എല്ലാം കാണുന്ന ഒരു ദൈവം ഉണ്ടെന്ന ചിന്തയുണ്ടെങ്കിൽ മനുഷ്യൻ തെറ്റുചെയ്യുമോ? മോഷണം നടത്തുമോ? മദ്യ

പിച്ചുവന്ന് പാവം ഭാര്യയെ മർദ്ദിക്കുമോ? ഈ മദ്യപാനം എന്ന വിപത്ത് ഒന്നു മാറിക്കിട്ടിയിരുന്നെങ്കിൽ എന്ന് എത്രയോ സ്ത്രീകൾ വിലപിക്കുന്നു!

ഇന്ന് കഞ്ചാവ്, മയക്കുമരുന്ന്, കൊള്ളരുതാത്ത അശുദ്ധ ജീവിതം, കുരുന്നിൽനിന്നു വിടരുന്നതിനു മുമ്പേ പ്രേമം. സ്കൂളിൽവച്ചു തന്നെ boyfriend, girlfriend. മക്കൾ സ്കൂളിൽ പോകുന്ന മാതാപിതാക്കൾ ഇവയെല്ലാം അറിയണം. മാതാപിതാക്കൾ ഗൗരവമായി ചിന്തിക്കണം. ദൈവഭയമില്ലാത്ത തലമുറ.

1. ഈ ധനികനായ മനുഷ്യൻ മരണത്തെക്കുറിച്ച് ബോധവാനായിരുന്നില്ല. He was not death conscious.
2. ഈ മനുഷ്യൻ ദൈവത്തെക്കുറിച്ച് ബോധമുള്ളവനായിരുന്നില്ല. He was not God conscious.
3. അവന്റെ ആത്മാവിനെക്കുറിച്ച് ചിന്തയുണ്ടായിരുന്നില്ല. He was not conscious of his soul.

പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. നമുക്കെല്ലാം ദൈവം സൃഷ്ടിച്ച ഒരു ആത്മാവുണ്ട്. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമുള്ള ഒരു ആത്മാവ്. നമ്മിലെല്ലാം ഒരു നല്ല വശമുണ്ട്. അതെല്ലാം ഇന്ന് വികലമായിക്കൊണ്ടിരിക്കുകയാണ്. അതെല്ലാം പിശാച് പന്താടിക്കൊണ്ടിരിക്കുകയാണ്.

മനോഹരമായ ഒരാത്മാവാണ് ദൈവം നമുക്കു തന്നത്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. തന്റെ വിശുദ്ധിയിൽ തന്നെ ദൈവം നമ്മെ സൃഷ്ടിച്ചു. പക്ഷേ, മനുഷ്യൻ പിശാചിന് ഇടം കൊടുത്തു.

“സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു” എന്നു പറഞ്ഞെങ്കിലും, സാത്താന് പിന്നെയും ഇടം കൊടുത്തുപോയി. അതുകൊണ്ട് ജീവിതത്തിൽ പാപം വന്നു. വഴക്കിടുന്നു. കോപിക്കുന്നു. കലഹിക്കുന്നു. മത്സരിക്കുന്നു. അനേകമനേകം പ്രതിസന്ധികൾ ജീവിതത്തിൽ വരുത്തിയിരിക്കുന്നു. അതിനെല്ലാം കാരണം പാപമാണ്.

ആത്മാവിനെക്കുറിച്ച് കരുതൽ വേണം. He was not conscious of his soul. അവന് ആത്മാവിനെക്കുറിച്ച് കരുതലുണ്ടായിരുന്നില്ല. He was unprepared. അവൻ മരണത്തിനുവേണ്ടി ഒരുങ്ങിയിരുന്നില്ല. നിങ്ങളിപ്പോൾ ചിന്തിക്കൂ. നിങ്ങളുടെ ആത്മാവ് ഇന്ന് വിരൂപമാണോ? അതോ വികലമാണോ?

യൗവ്വനകാലം ദൈവാഭിമുഖ്യമുള്ള പല പ്രദേശങ്ങളിലും ഓടിനടന്നു പ്രസംഗിച്ചിരുന്നു. പക്ഷേ, ഇന്ന് അന്നത്തെ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ? ഇന്ന് പുറമെ പലതുണ്ട്. പക്ഷേ, അന്നുണ്ടായിരുന്ന ആത്മീയ തീക്ഷ്ണതയും ആത്മീയ എരിവും ഇന്നുണ്ടോ? സത്യവചനത്തോട് ആഗ്രഹവും ഭയവും ഇന്നുണ്ടോ?

നിങ്ങൾ വേഗം ആത്മീയ ഉണർവ്വിലേക്കു മടങ്ങിവരുക. നിങ്ങളുടെ ജീവിതം വിശുദ്ധീകരിക്കുക.

ഞാൻ യൗവ്വനത്തിൽ ശുദ്ധോദ്ദേശത്തോടെ, ആത്മഭാരത്തോടെ തന്നെ പ്രസംഗിച്ചിരുന്നു. പക്ഷേ, മുന്നോട്ടുവന്നപ്പോൾ ഞാനറിയാതെ തന്നെ ഒരു മ്ലാനത എന്നിൽ വന്നു. എന്റെ ഉള്ളത്തിൽ ദ്രവ്യാഗ്രഹവും അഹങ്കാരവും വന്നുതുടങ്ങി. ഞാൻ വലിയ പ്രസംഗകനാണെന്നുള്ള അഹങ്കാരം വന്നുതുടങ്ങി. എന്നെ ആളുകൾ മാനിക്കണം എന്ന ചിന്ത വന്നുതുടങ്ങി. പ്രകടമായ പാപത്തിലേക്കൊന്നും പോയില്ലെങ്കിലും ഹൃദയത്തിൽ മ്ലാനത വന്നു. ഹൃദയത്തിൽ താഴ്ച വന്നു.

എന്നാൽ മാനസാന്തരപ്പെട്ട് 19 കൊല്ലം കഴിഞ്ഞ് 36–ാമത്തെ വയസ്സിൽ ഒരു മെയ് മാസത്തിൽ എന്റെ ജീവിതം ഉണർന്നു. എന്റെ അകം കഴുകൽ പ്രാപിക്കണമെന്നു ഞാൻ ചിന്തിച്ചു. വലിയൊരു ശുദ്ധീകരണം ആവശ്യമാണെന്ന്, എന്റെ ചീത്തചിന്തകൾ പോകണമെന്ന്, മലിനമായ മോഹങ്ങൾ മാറണമെന്ന്, എന്റെ ദ്രവ്യാഗ്രഹം മാറണമെന്ന്, എന്റെ അഹങ്കാരം മാറണമെന്ന്, എന്റെ സ്വാർത്ഥത മാറണമെന്ന്, ഇതെല്ലാം വച്ചുകൊണ്ട് ദൈവരാജ്യത്തിൽ പോകാൻ ഒക്കുകയില്ലെന്ന് ഞാൻ ചിന്തിച്ചു.

കർത്താവേ, എനിക്കു മുഴുവനായൊരു കഴുകൽ വേണം.

വേറൊന്നും എനിക്കറിയാൻ പാടില്ല. എനിക്കു തീകൊണ്ടുള്ള ഒരു സ്നാനം വേണം. ഞാൻ പ്രാർത്ഥിച്ചു. 1973 മെയ് മാസം 11-ാം തീയതി രാവിലെ 9 മണിക്ക് കർത്താവ് കൃപയാൽ എന്റെ തലമേൽ തീയായി ഇടിച്ചിറങ്ങി. പരിശുദ്ധാത്മാവ് എന്റെമേൽ വന്നു. എന്റെ ശരീരത്തിലൂടെ ഒഴുകാൻ തുടങ്ങി. എന്റെ സിര കളിലൂടെ ചലിക്കാൻ തുടങ്ങി. എന്റെ സ്വഭാവത്തെ രൂപാന്തര പ്പെടുത്താൻ തുടങ്ങി.

പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ തുടക്കമായി രുന്നു അന്ന്. കോളേജിൽ ജോലിക്കു പോകുന്നുണ്ട്. എന്നാൽ ഞാൻ ഈ ഭൂമിയിലൊന്നും ആയിരുന്നില്ല. ഞാൻ പ്രസംഗിച്ചു കൊണ്ടിരുന്നു. ഞാൻ ആത്മീയമായി ഉണർത്തപ്പെട്ടു.

ഇന്ന് ഈ വാക്കുകളെ വായിക്കുന്ന മാനസാന്തരപ്പെട്ട ദൈവമക്കളോട് വിനയപൂർവ്വം ഞാൻ പറയട്ടെ. ഇന്നു നിങ്ങളുടെ ഭാഗ്യാനുഭവദിവസം ആയിരിക്കട്ടെ. ആത്മാവിന്റെ കളങ്കങ്ങൾ കഴുകിയെടുക്കുന്ന, ആത്മാവിന്റെ കറകൾ കഴുകിയെടുക്കുന്ന ദിവസമായിത്തീരട്ടെ. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നിങ്ങളുടെ കറകൾ മാഞ്ഞുപോകട്ടെ. കഴുകൽ പ്രാപിക്കട്ടെ. യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളുടെ ആള ത്വം തീയാൽ കഴുകിയെടുക്കുന്ന മഹാഭാഗ്യം നിങ്ങൾക്കു ലഭി ക്കട്ടെ.

1. He was not death conscious.
2. He was not God conscious.
3. He was not conscious of his soul.
4. He was not conscious of others.

അവന് മറ്റുള്ളവരെക്കുറിച്ച് കരുതൽ ഉണ്ടായിരുന്നില്ല. എനിക്ക് തിന്നാം. എനിക്ക് കുടിക്കാം. എനിക്ക് ആനന്ദിക്കാം. എനിക്കാശ്വസിക്കാം. ഞാൻ, എനിക്ക്, എന്റേത്. അതിനപ്പുറം ഒരു ചിന്തയില്ല. മറ്റുള്ളവരെക്കുറിച്ച് ഒരു ചിന്തയുണ്ടായിരുന്നില്ല.

പ്രിയപ്പെട്ടവരേ, ഒരു സാക്ഷാൽ വിശ്വാസിയാണെങ്കിൽ

നശിച്ചുപോകുന്നവരെക്കുറിച്ച് ചിന്ത വരും. വേദനിക്കുന്നവരെക്കുറിച്ച് ചിന്ത വരും. ജീവിതത്തിൽ യാതനയേറ്റ് പിടയുന്നവരെക്കുറിച്ച് ചിന്ത വരും. ആവശ്യഭാരങ്ങളിൽ ഞരങ്ങുന്നവരെക്കുറിച്ച് ചിന്ത വരും. കരയുന്നവരെക്കുറിച്ച് സഹതാപം വരും.

നീയൊരു ആത്മീയനാണെങ്കിൽ മറ്റുള്ളവരെക്കുറിച്ച് അനക്കമില്ലാതിരിക്കാൻ കഴിയുകയില്ല. നീ ചലിച്ചുപോകും. നിന്റെ കൈകൾ, നിന്റെ നാവ് ചലിച്ചുപോകും. മറ്റുള്ളവർക്കുവേണ്ടി നീ ദാഹിച്ചുപോകും. ഏതെല്ലാം വിധത്തിൽ മറ്റുള്ളവരെ സഹായിക്കാമോ അതിന് നിങ്ങളുടെ ഹൃദയം ത്രസിച്ചുപോകും. കൊതിച്ചുപോകും. നാം മറ്റുള്ളവരെക്കുറിച്ച് കരുതലുള്ളവരായിത്തീരും.

ഈ ധനവാനായ മനുഷ്യൻ മരണത്തിനുവേണ്ടി ഒരുങ്ങിയിരുന്നില്ല. അവൻ ലോകത്തിനുവേണ്ടി ഒരുക്കി. പാണ്ടികശാലകൾ പണിയാൻ ആഗ്രഹിച്ചു. അവൻ ധാരാളം ധാന്യങ്ങൾ സംഭരിക്കാൻ തീരുമാനിച്ചു.

എന്നാൽ ആത്മാവിനുവേണ്ടി അവനൊന്നും കരുതിയില്ല. മറ്റുള്ളവർക്കുവേണ്ടി അവനൊന്നും കരുതിയില്ല. മരണത്തെക്കുറിച്ച് അവൻ ഓർത്തില്ല. ഒരു ദിവസം ഈ ഭൂമിയിൽനിന്നു കടന്നുപോകേണ്ടിവരുമെന്ന് അവൻ ഓർത്തില്ല. ഒരു ദൈവമുണ്ടെന്ന് അവൻ ചിന്തിച്ചില്ല. ദൈവമില്ലാത്തവനായി അവൻ ജീവിച്ചു. ദൈവം അവനെ 'മൂഢാ' എന്നു വിളിച്ചു.

ഇപ്പോൾ ക്രിസ്തു നിങ്ങളുടെ അരികത്തുവന്ന് ചോദിക്കുന്നു. മകളേ, നീ ആത്മാവിൽ ഒരുങ്ങിയിട്ടുണ്ടോ? നിന്റെ ആത്മാവിലുള്ള കറകൾ കഴുകിക്കിട്ടാൻ നീ ആഗ്രഹിക്കുന്നുണ്ടോ? ശുദ്ധീകരണം കിട്ടാൻ നീ ആഗ്രഹിക്കുന്നുണ്ടോ? മകളേ, നീ വിശ്വസിക്കൂ, യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നിന്നെ ശുദ്ധീകരിക്കുന്നു. വിശ്വസിച്ച് ആ തിരുരക്തത്തെ നീ ആശ്രയിക്കൂ.

മോനേ, നീ ലോകത്തിനുവേണ്ടി ജീവിച്ചു. ഈ ലോക

ത്തിലെ കാര്യങ്ങൾക്കുവേണ്ടി ആകുലപ്പെട്ടു. മോനേ, നീ നിന്റെ ആത്മാവിനുവേണ്ടി ഒന്നും കരുതിയില്ലല്ലോ. ഇന്നു മരിച്ചാൽ നീ എവിടെ ചെല്ലുമെന്ന് നീ ചിന്തിച്ചിട്ടുണ്ടോ? ഒരു നിത്യസ്വർഗ്ഗം! ഒരു നിത്യാഗ്നി! ഇന്നത്തെ സ്ഥിതിയിൽ കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലുകയില്ലെന്ന് നീ മനസ്സിലാക്കിയോ?

നിന്റെ ജീവിതം നീ ഒരുക്കുക. നിന്റെ ഹൃദയത്തിലേക്ക് വന്ന് നിന്നെ അനുഗ്രഹിക്കാമെന്നാണ് കർത്താവ് പറയുന്നത്.

എനിക്കു തലചായ്ക്കാൻ രണ്ടു മരക്കഷണങ്ങൾ ആണ് ഉണ്ടായിരുന്നത് - കുരിശ് - ശവമടക്കാൻ അരിമത്യാക്കാരൻ യൗസേപ്പിന്റെ കല്ലറയാണുണ്ടായിരുന്നത്. അതുപോലും സ്വന്തമായിട്ടുണ്ടായിരുന്നില്ല. ഞാൻ ദേശംതോറും സഞ്ചരിച്ചു. എനിക്കുവേണ്ടി ആരു ഹൃദയം തുറന്നുതരുമെന്ന് ഞാൻ ചോദിച്ചു; ആരും തുറന്നുതന്നില്ല.

ആത്മാവിൽ നിങ്ങൾ അപകടത്തിൽ നിൽക്കുന്നു. അത്യാഹിതത്തിൽ നിൽക്കുന്നു. അടുത്തനിമിഷം നീ മരിച്ചാൽ ദൈവരാജ്യത്തിൽ ചെല്ലുകയില്ലെന്ന സത്യം നീ മനസ്സിലാക്കി മോളേ, ഇന്നു നീ ഒരുങ്ങുക. മകനേ, ഇന്നു നീ ഒരുങ്ങുക. നിന്റെ ജീവിതത്തിൽ വ്യക്തമായ ഒരു തീരുമാനത്തിലേക്കു വരിക. ഒരുക്കമുള്ളവനായിത്തീരുക.

Be prepared for your death. ആ ധനവാനായ മനുഷ്യൻ മരണത്തിനുവേണ്ടി ഒരുങ്ങിയില്ല. എന്നാൽ St. Paul മരണത്തിനായി ഒരുങ്ങി.

> *"ഞാനോ ഇപ്പോൾത്തന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ*

*പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കുംകൂടെ.”*
*2 തിമൊഥെയോസ് 4 : 6 – 8*

ആ ‘ഏവർക്കും’ എന്നുള്ളതിൽ ഞാനും പെടുമോ? അവന്റെ രണ്ടാമത്തെ വരവിൽ പ്രിയം വച്ച ഏവർക്കും കൂടെ. നമുക്ക് എല്ലാവർക്കും തരുമെന്നാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് പറയുന്നത്. ആരേയും ഒഴിവാക്കി മാറ്റിനിർത്തുന്നില്ല. ആരുടേയും കഴിഞ്ഞകാലം കർത്താവ് ചോദിക്കുന്നില്ല. ഒന്നും ചോദിക്കാതെ എല്ലാം സൗജന്യമായി ക്ഷമിച്ചുതരുന്ന നിസ്തുലസ്നേഹം. അതാണ് ക്രൂശിലെ സ്നേഹം. ക്രൂശിലെ തിരുരക്തത്തിന്റെ അത്ഭുതശക്തി. യേശു മാത്രം രക്ഷകൻ. യേശുവേ, എന്റെ ഹൃദയത്തിലേക്കു വരണമേ എന്നു വിളിച്ചപേക്ഷിക്കൂ. യേശു നിങ്ങളുടെ അരികത്ത് നിന്ന് നിങ്ങളുടെ ഹൃദയവാതിലിൽ മുട്ടുന്നുണ്ട്.

മോളേ, നിന്റെ ഹൃദയം ഇതാ, പിശാചിന്റെ ഇരിപ്പിടമായിരിക്കുന്നു. ഞാൻ അവിടെ വാഴാം. അന്ധകാരം മാറ്റി പ്രകാശം വിതറാം. ഇന്ന് നിന്റെ ജീവിതത്തിലെ പാപം മാറ്റി അന്ധകാരം മാറ്റി, കൂരിരുട്ടുമാറ്റി സത്യപ്രകാശം അവിടെ ഉദിപ്പിക്കാം എന്നു കർത്താവു പറയുന്നു.

ഇപ്പോൾ ഹൃദയം തുറക്കുവിൻ. യേശുവേ, എന്റെ ഹൃദയത്തിലേക്കു വരണമേ. ഇത്രയുംകാലം ഞാൻ എന്റെ ജീവിതം പാഴാക്കിക്കളഞ്ഞു. ഇത്രയുംകാലം നിലനിൽക്കുന്നതൊന്നും ഞാൻ നേടിയില്ല. നിത്യസ്വർഗ്ഗത്തിനുവേണ്ടി ഞാനൊന്നും നേടിയില്ല. എല്ലാം നഷ്ടപ്പെടുത്തിയ കാലങ്ങൾ! പിശാചു പന്താടിയ കാലങ്ങൾ! സാത്താൻ അവന്റെ ഇഷ്ടം പോലെ എന്നെ കൊണ്ടുനടന്ന കാലങ്ങൾ! പാപത്തിൽ രസിച്ച കാലങ്ങൾ!

നാഥാ, ഇപ്പോൾ ഞാനെന്റെ ജീവിതം നിന്റെ കരങ്ങളിലേക്കു തരുന്നു. ഇതാ എന്നെത്തന്നെ നിന്റെ കരങ്ങളിലേക്കു ഞാൻ സമർപ്പിക്കുന്നു. എന്റെ ദേഹവും എന്റെ ദേഹിയും എന്റെ ആത്മാവും ഞാനിതാ തൃക്കൈയിലേക്ക് സമർപ്പിക്കുന്നു.

ഈ പാവപ്പെട്ടവന്റെ ഹൃദയത്തിലേക്ക് യേശുവേ, നീ എഴുന്നള്ളി വരണമേ. ഈ പാപിയായ മനുഷ്യന്റെ ഹൃദയത്തിലേക്ക്, ഈ നിസ്സാരസ്ത്രീയുടെ ഹൃദയത്തിലേക്ക് നീ എഴുന്നള്ളി വരണമേ. പിശാച് എല്ലാം തകർത്തുകളഞ്ഞ ജീവിതത്തിലേക്ക് യേശുവേ, നീ വരണമേ.

പ്രാർത്ഥിക്കൂ. യേശുവിന്റെ കരങ്ങളിലേക്കു നിങ്ങളെ കൊടുക്കൂ. യേശുവിനോടു പറയൂ. യേശുവേ, ഞാൻ unprepared ആയി പോകാൻ ഇടവരല്ലേ. ഞാൻ prepared ആവാൻ ആഗ്രഹിക്കുന്നു. ഞാനിതാ നിന്റെ കുരിശിൻ ചുവട്ടിൽ അഭയം പ്രാപിക്കുന്നു.

യേശുവിന്റെ കുരിശിൽനിന്ന് ഒലിച്ചിറങ്ങുന്ന തിരുരക്തം ഇപ്പോൾ നിങ്ങളുടെ തലമേൽ വന്നുവീഴും. ആ തിരുരക്തം കഴിഞ്ഞകാലങ്ങളെല്ലാം മറയ്ക്കും. എന്തെല്ലാം ഘോരപാപങ്ങൾ വന്നിട്ടുണ്ടെങ്കിലും ക്ഷമിക്കും. എന്തെല്ലാം മ്ലേച്ഛതകൾ സംഭവിച്ചാലും എല്ലാം പൊറുക്കും. എല്ലാം ക്ഷമിക്കും. എല്ലാം കഴുകുന്ന യേശുവിന്റെ തിരുരക്തം ഇപ്പോൾ നിങ്ങളെ കഴുകട്ടെ. കർത്താവിന്റെ അത്ഭുതകൃപ ഇറങ്ങട്ടെ. അത്ഭുതസ്നേഹം പകരട്ടെ.

കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഈ വചനം വായിക്കുന്ന മക്കളെ അനുഗ്രഹിക്കണമേ. നിന്റെ മക്കൾ എടുത്ത തീരുമാനത്തിന്മേൽ ശക്തി പകരണമേ. സ്വർഗ്ഗീയകൃപകൾ പകർന്ന് ഈ മക്കളുടെ സമർപ്പണത്തെ സ്വീകരിക്കണമേ. എല്ലാവരെയും അനുഗ്രഹിച്ച് അവിടുത്തെ രണ്ടാമത്തെ വരവിനായി ഒരുക്കണമേ. യേശുവിന്റെ നാമത്തിൽ തന്നേ, ആമ്മേൻ.

## അഞ്ച്

“കുരിശെടുത്തെൻ യേശുവിനെ
അനുഗമിക്കും ഞാനന്ത്യംവരെ
മാറിടും മനുജരെല്ലാം
മറന്നിടും സ്നേഹിതരും
മാറ്റമില്ലാത്തവനെൻ മനുവേൽ
മഹിമയിൽ വാഴുന്നു ഇന്നുമെനിക്കായ്
തീരണം പാരിലെൻനാൾ
തിരുപാദ സേവയതാൽ
ചേരുംഞാനൊടുവിലെൻ പ്രിയന്നരികിൽ
അരുമയോടവനെന്നെ മാറോടണയ്ക്കും...”

ദൈവമേ, ഒരു ചുരുങ്ങിയ ആയുഷ്ക്കാലം നീ എനിക്കു തന്നിട്ടുണ്ട്, അത് നിന്റെ വേല ചെയ്ത് തീർക്കണം. എനിക്ക് ആയുസ്സിന്റെ അന്ത്യത്തോളം, മൂക്കിലെ ജീവശ്വാസം തീരുന്ന തുവരെയും എന്റെ കർത്താവിന്റെ വേല ചെയ്യണം. അവസാനം വേല തികച്ച് എന്റെ പ്രിയന്റെ അരികിലേക്ക് ചെന്നുചേരും. അങ്ങനെ തിരുസന്നിധിയിലേക്ക് ചെല്ലുമ്പോൾ അവനെന്നെ സ്നേഹത്തോടെ തിരുമാറോടണയ്ക്കും. ഞാൻ നിത്യജീവനി ലേക്ക്, നിത്യസ്വർഗ്ഗത്തിലേക്ക് പ്രവേശിക്കും. ഞാൻ എന്റെ കർ ത്താവിന്റെ പാദപീഠമണയും. എനിക്കുവേണ്ടി മുറിഞ്ഞ ആ തൃപ്പാദം മുത്തും, ഞാൻ ചുംബിക്കും. ഞാൻ അവനിൽ ലയിച്ചു ചേരും.

ഈ ഭൂമിയിലുള്ള സകല മനുഷ്യരും ഒരു ദിവസം മരിച്ചു പോകും. ഏതു പ്രായത്തിലാണെന്നറിഞ്ഞുകൂടാ. എങ്ങനെയാ

ണെന്നറിഞ്ഞുകൂടാ; മരിക്കും എന്നുറപ്പാണ്. എല്ലാം തീർന്ന് അക്കരയിലേക്ക് പോകും. നിങ്ങൾ ചിന്തിച്ചുനോക്കുക. നിങ്ങളുടെ പൂർവ്വികന്മാർ ഉണ്ടായിരുന്നു. നിങ്ങളുടെ സ്വന്തക്കാർ, പ്രിയപ്പെട്ടവർ, മാതാപിതാക്കൾ ഇവരെല്ലാം കടന്നുപോയി. ഒരു ദിവസം നാമും ഓരോർമ്മ മാത്രമായിത്തീരും.

നാം കടന്നുപോയതിനുശേഷം ഈ ഭൂമിയിൽ എന്തെല്ലാം നടക്കുന്നു എന്നറിഞ്ഞിട്ട് കാര്യമില്ല. ഇവിടെ ജീവിക്കുമ്പോൾ എന്തെല്ലാം കഷ്ടപ്പാടുകളാണ് നാം സഹിക്കുന്നത്? എന്തെല്ലാം ദുരിതങ്ങളാണ് നാം അനുഭവിക്കേണ്ടി വരുന്നത്? എന്നാൽ നാം അക്കരെ ചെല്ലുമ്പോൾ ഈ പ്രശ്നങ്ങൾ നമ്മെ തൊടുന്നുണ്ടോ? നാം അറിയുന്നുണ്ടോ? ഇവിടെ നല്ല രുചികരമായ ആഹാരം ഉണ്ടാക്കണം; ജോലി ചെയ്യണം, മക്കളെ പഠിപ്പിക്കണം, നല്ലപോലെ വളർത്തണം.

എന്നാൽ മരണശേഷം ആവലാധിയില്ലാത്ത, ഒന്നും ചിന്തിക്കാൻ സാദ്ധ്യമല്ലാത്ത വേറൊരു രാജ്യത്തിലേക്ക് നാം എത്തിക്കഴിഞ്ഞു. നമ്മുടെ ശരീരത്തിൽനിന്ന് പ്രാണൻ വേർപെട്ടുപോയി; ആത്മാവ് നിത്യതയിലേക്ക് ചേർക്കപ്പെട്ടു. അവിടെ ചെല്ലുമ്പോൾ ഈ ഭൂമിയിലെ ആവലാധികൾ ഒന്നുമില്ല.

തിരുവചനം പറയുന്നു: “എപ്പോഴും ഭയത്തോടുകൂടിയിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ” എന്നുപറഞ്ഞാൽ മരണത്തെക്കുറിച്ചുള്ള ഭീതിയല്ല, മരണമുണ്ടെന്നുള്ള ചിന്ത ഓരോരുത്തർക്കും എപ്പോഴും ഉണ്ടായിരിക്കണം.

ഇന്നു നാം കടന്നുപോകുമെന്നുണ്ടെങ്കിൽ ഭാര്യയും ഭർത്താവും പിണങ്ങിയിരിക്കാൻ, മാതാപിതാക്കളോട് വഴക്കടിച്ചിരിക്കാൻ ഒക്കുകയില്ല. അപ്പനോട് വഴക്കടിച്ചിരിക്കുമ്പോൾ കടന്നുപോയാൽ പിന്നെ ചിന്തിച്ചിട്ടോ ദു:ഖിച്ചിട്ടോ എന്തു പ്രയോജനം? ഭർത്താവിനോടോ അല്ലെങ്കിൽ മക്കളോടോ, മാതാപിതാക്കളോടോ അനുസരണക്കേട് കാണിച്ചു ധിക്കാരമായി സംസാരിച്ചു; അയ്യോ, കഷ്ടം എന്ന് ചിന്തിച്ചിട്ട് കാര്യമില്ല. ഇനി മാപ്പു

ചോദിക്കാനോ, ക്ഷമപറയാനോ സാദ്ധ്യമല്ല. അപ്പുറം ലോകത്തേക്ക് ആൾ അങ്ങ് പോയി.

ഒരു ദിവസം ഞാനും കടന്നുപോകും എന്ന ചിന്ത വേണം. ഈ ലോകത്തെപ്രതി നിത്യജീവൻ നഷ്ടപ്പെടുത്താൻ പറ്റുകയില്ല. നിത്യസ്വർഗ്ഗം നഷ്ടപ്പെടരുത്. ഈ ലോകത്തിലെ എന്തെങ്കിലും നീരസങ്ങളോ, കയ്പ്പുകളോ, ഇഷ്ടക്കുറവുകളോ, പകയോ, വിദ്വേഷമോ, അശുദ്ധമായ ജീവിതങ്ങളോ ഒന്നും വച്ചുകൊണ്ടിരിക്കാൻ പറ്റുകയില്ല.

കടന്നുചെല്ലുമ്പോൾ ഞാനും നിത്യജീവനിലേക്കു പ്രവേശിക്കണം; Everlasting life പ്രാപിക്കണം. സ്വർഗ്ഗമുണ്ട്, നരകമുണ്ട്. സ്വർഗ്ഗത്തിൽ എത്തിയില്ലെങ്കിൽ മഹാനഷ്ടം; തീരാനഷ്ടം. അപ്പൊസ്തലനായ പൗലോസ് മരിക്കാറായപ്പോൾ തീമോത്തിയോസിന് എഴുതിയ ലേഖനത്തിൽ എഴുതി – എന്റെ നിര്യാണകാലം അടുത്തു; ഞാൻ നല്ല പോരാട്ടം പോരാടി,

> *"ഞാനോ ഇപ്പോൾ തന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കുംകൂടെ."*
>
> *2 തിമൊഥെയോസ് 4 : 6 – 8*

അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും ആ കിരീടം കിട്ടും. ഒരു കിരീടം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നു എന്ന ഉറപ്പ് അപ്പൊസ്തലനായ പൗലോസിനുണ്ടായിരുന്നു.

പൗലോസ്ശ്ലീഹാ പറഞ്ഞു: എനിക്ക് ഇനി ധൈര്യത്തോടെ മരണത്തിലേക്ക് കടക്കാം; ഈ ജയിലിൽ നിന്ന് എന്നെ ഒരുദിവസം പുറത്തുകൊണ്ടുപോകും; വധസ്ഥലത്തുകൊണ്ടുപോയി

നിർത്തും; എല്ലാവരും കാൺകെ നീറോചക്രവർത്തിയുടെ പട യാളികൾ എന്റെ കഴുത്തുവെട്ടും. പക്ഷേ, ഞാൻ സമാധാന ത്തോടെ നിത്യജീവനിലേക്കു പ്രവേശിക്കും.

സമാധാനത്തോടെ കടന്നുപോകാൻ സാധിക്കുന്നത് ഭാഗ്യമാണ്. മരിക്കാറാകുന്ന സമയത്ത് നിരാശയില്ലാതെ ഇരി ക്കുന്നത് ഭാഗ്യമാണ്; മരണസമയത്ത് ആക്രോശങ്ങളോ നില വിളികളോ ഇല്ലാതെ മരിക്കുന്നത് ഭാഗ്യമാണ്. ഞാൻ എന്റെ യേശുവിന്റെ കരങ്ങളിലാണ്, എന്റെ കരത്തിൽ യേശു പിടിച്ചി രിക്കുന്നു, യേശുവിന്റെ അടുത്തേക്ക് പോകുന്നു എന്നുള്ള ഉറ പ്പോടെ ഈ ഭൂമിയിൽനിന്ന് കടന്നുപോകുന്നത് ഭാഗ്യമാണ്. എന്നാൽ ആ ഭാഗ്യകരമായ അനുഭവം എല്ലാവർക്കും കിട്ടുന്നില്ല.

> *"ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ച് ദിനമ്പ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറ ഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു ധനവാന്റെ മേശയിൽനിന്നുവീഴുന്നതു തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു; നായ്ക്കളും വന്ന് അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തുനിന്ന് അബ്രാഹാമി നെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു: അബ്രാഹാംപിതാവേ, എന്നോടു കനിവുണ്ടാക ണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്ന് അവനെ അയയ്ക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചുപ റഞ്ഞു."* *ലൂക്കോസ് 16 : 19 – 24*

ഇത് നടന്ന ഒരു സംഭവമാണ്. ധനവാന്റെ പടിപ്പുരയ്ക്കൽ അവന്റെ മേശയിൽനിന്ന് വീഴുന്ന എച്ചിൽ തിന്നാൻ ആഗ്രഹിച്ചു കിടക്കുന്ന രോഗിയായ ഒരു പാവം ദരിദ്രനാണ് ലാസർ. ലാസറിന്റെ പേര് പറഞ്ഞിട്ടുണ്ട്. കർത്താവിന്റെ നാവുകൊണ്ട് പേരു പറയണമെങ്കിൽ അവന്റെ പേര് സ്വർഗ്ഗത്തിലുണ്ടായിരിക്കണം.

ഇവിടെ ധനവാന്റെ പേര് പറഞ്ഞിട്ടില്ല. കാരണം, കർത്താവ് പേരുപറയണമെങ്കിൽ ധനവാന്റെ പേര് സ്വർഗ്ഗത്തിൽ വേണം. ഈ ഭൂമിയിലെ പേരിന് വിലയില്ല. പേര് കർത്താവിന് ഉച്ചരിക്കാൻ കഴിയണമെങ്കിൽ സ്വർഗ്ഗത്തിൽ ആ പേര് എഴുതിയിരിക്കണം. നാം ചിന്തിക്കേണ്ട ഗൗരവമേറിയ കാര്യമാണ്. സ്വർഗ്ഗത്തിൽ എന്റെ പേര് ഉണ്ടോ? ജീവന്റെ പുസ്തകത്തിൽ എന്റെ പേര് ഉണ്ടോ?

ദൈവസന്നിധിയിൽ രണ്ടുതരം പുസ്തകങ്ങളുണ്ട്. ഒന്ന്, ജീവന്റെ പുസ്തകം; രണ്ട്, സ്മരണയുടെ പുസ്തകം അല്ലെങ്കിൽ ഓർമ്മയുടെ പുസ്തകം. സ്മരണയുടെ പുസ്തകത്തിൽ നാം ഓരോരുത്തരുടെയും പേരിൽ അക്കൗണ്ട് ഉണ്ട്. ഓരോരുത്തരുടെയും പേരിൽ കണക്കുകളുണ്ട്. അവരവരുടെ ജീവിതത്തിൽ വന്നുപോയ എല്ലാ പാപങ്ങളും എഴുതിവച്ചിരിക്കുന്നു.

ജീവന്റെ പുസ്തകത്തിൽ സ്വർഗ്ഗീയപൗരത്വം കിട്ടിയവരുടെ പേരുകൾ മാത്രമേയുള്ളൂ. നാം ഓരോരുത്തരും ഇന്ത്യൻ പൗരൻ എന്നു പറയും. നമുക്ക് തിരിച്ചറിയൽ കാർഡുണ്ട്. സ്കൂൾ രജിസ്റ്ററിലും കോളേജിലും പഞ്ചായത്തിലും നമ്മുടെ പേരുണ്ട്. ഇന്ത്യൻ പൗരൻ ആയതുകൊണ്ട് അതാതു സ്ഥലത്തു നമ്മുടെ പേരുണ്ട്.

എന്നാൽ സ്വർഗ്ഗത്തിന്റെ പൗരൻ ആയാൽ മാത്രമേ, സ്വർഗ്ഗത്തിൽ നമ്മുടെ പേര് ഉണ്ടായിരിക്കുകയുള്ളു. സ്വർഗ്ഗീയ പൗരത്വം നമുക്ക് വേണം. തീപ്പൊയ്ക ഉണ്ട്. ദൈവത്തിന്റെ തിരുവചനം പറയുന്നു: “ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.” ഒരു അന്തിമന്യായവിധിയുണ്ട്. ഈ ഭൂമിയിലെ ജീവിതം കഴിഞ്ഞ്

മരിച്ച് കടന്നു ചെല്ലുമ്പോൾ നാം അഭിമുഖീകരിക്കുന്നത് ഒരു ന്യായവിധിയാണ്. ഓരോരുത്തരും ന്യായവിധി ദിവസത്തിൽ ചെല്ലേണ്ടിവരും.

ഇന്ന് ദൈവത്തെ നിഷേധിക്കുന്നവരും ഉപദ്രവിക്കുന്നവരും ന്യായവിധി ദിവസത്തിൽ ചെല്ലേണ്ടിവരും; മുട്ടു മടക്കേണ്ടിവരും; ആർക്കും ഒഴികഴിവില്ല. സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങും എന്ന് വചനം പറയുന്നു. എല്ലാവരും മുട്ടുമടക്കും. ന്യായവിധിദിവസത്തിൽ ഓർമ്മയുടെ പുസ്തകം തുറക്കും. അതുപോലെ ജീവന്റെ പുസ്തകവും തുറക്കും.

ഓർമ്മയുടെ പുസ്തകത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന കാര്യങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. ആരും രേഖപ്പെടുത്തുകയല്ല, ഓട്ടോമാറ്റിക് റെക്കോർഡിംഗ് ആണ്. ഈ ഓർമ്മയുടെ പുസ്തകത്തിൽ എഴുതപ്പെട്ടതെല്ലാം പരസ്യമായിട്ട് വായിച്ചു കേൾപ്പിക്കും. ആബാലവൃദ്ധം എല്ലാവരുടെയും മുന്നിൽ വായിച്ചു കേൾപ്പിക്കും.

നിത്യനായ ദൈവത്തിന്റെ വെള്ളസിംഹാസനത്തിന്റെ മുന്നിൽ, അന്തിമന്യായവിധിയുടെ മുന്നിൽ എല്ലാവരും വന്നു കൂടും.

> *"ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്ന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാ*

*ളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."*

*വെളിപ്പാട് 20 : 11 – 15*

ജീവന്റെ പുസ്തകത്തിൽ പേരുണ്ടാകണം. അങ്ങനെ സ്വർഗ്ഗീയപൗരത്വം ലഭിക്കണം. കാരണം, നാം എല്ലാവരും ന്യായവിധി ദിവസത്തിൽ ചെല്ലേണ്ടിവരും; ഈ ഭൂമിയിൽനിന്ന് കടന്നുപോകുന്നതിന് മുമ്പ് ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കിട്ടുക എന്ന മഹത്തായ കാര്യം നാം സമ്പാദിക്കണം.

എപ്പോഴും ഒരുങ്ങിയിരിപ്പിൻ! ഇന്ന് എന്നുള്ള ഒരു ദിവസം നമ്മുടെ മുമ്പിൽ കിട്ടിയിട്ടുണ്ട്. എന്നാൽ ഏതുനിമിഷം വേണമെങ്കിലും മരണം വരാം. നാളെ നേരം പുലരണമെന്നില്ല; അത്രമാത്രം അനിശ്ചിതമാണ് മനുഷ്യജീവിതം. അതുകൊണ്ട് ഇപ്പോൾ എന്നുപറയുന്ന ഒരു ദിവസം നമുക്ക് കിട്ടിയിട്ടുണ്ട്. "Yesterday is a history, tomorrow is a mystery and today is a gift." ഇപ്പോൾ തന്നെ ജീവന്റെ പുസ്തകത്തിൽ പേര് എഴുതിക്കിട്ടണം. നാളെയാകട്ടെ എന്നു വിചാരിക്കരുത്. അതിനകം മരണം സംഭവിച്ചാലോ! അതുകൊണ്ട് ഇന്ന് എന്ന ദിവസം നാം പ്രയോജനപ്പെടുത്തണം. അങ്ങനെ പ്രയോജനപ്പെടുത്തിയ ഒരാളാണ് ലാസർ.

ലാസർ ദരിദ്രനാണ്; ശരീരമാസകലം വ്രണം നിറഞ്ഞവനാണ്. ലാസറിനെ ആരും അടുപ്പിക്കുകയില്ല. ധനവാന്റെ മേശയിൽനിന്നുവീഴുന്ന ഉച്ഛിഷ്ടങ്ങൾ എല്ലാം കൊണ്ടുവന്ന് വാരിയിടുമ്പോൾ, പട്ടി വന്ന് തിന്നും; ലാസറും തിന്നും. പാവം ദരിദ്രൻ! ദുരിതത്തിന്റെമേൽ ദുരിതം നിറഞ്ഞ ജീവിതം.

പക്ഷേ, ഈ ഭൂമിയിൽ ഒന്നുമില്ലെങ്കിലും സൗന്ദര്യമില്ലെങ്കിലും വിദ്യാഭ്യാസമില്ലെങ്കിലും സ്വന്തമായ കിടപ്പാടമില്ലെങ്കിലും, പുറമേ നോക്കിയാൽ ആനന്ദകരമായ യാതൊന്നുമില്ലെങ്കിലും അവന് ജീവന്റെ പുസ്തകത്തിൽ പേരുണ്ടായിരുന്നു. പത്തുരൂപയില്ലെങ്കിലും മാറാരോഗമാണെങ്കിലും ജീവന്റെ പുസ്തകത്തിൽ പേര് വേണം. ലാസറിന് കിട്ടിയ ഭാഗ്യം സ്വർഗ്ഗത്തിലെ ദൈവം ലാസറിന്റെ പേര് ഉച്ചരിച്ചു എന്നുള്ളതാണ്. ദൈവം സ്നേഹിക്കുന്നവരെ പേര് ചൊല്ലി വിളിക്കും.

അബ്രാഹാമിനെ അബ്രാഹാമേ! എന്ന് ദൈവം വിളിച്ചു. ആദാമേ! ആദാമേ! എന്നു ദൈവം ആദാമിനെ വിളിച്ചു. ശമൂവേലേ! ശമൂവേലേ! എന്ന് ദൈവം ശമൂവേലിനെ വിളിച്ചു. മാർത്തയേ! മാർത്തയേ! എന്ന് മാർത്തയെ വിളിച്ചു. വാത്സല്യത്തോടു കൂടിയാണ് യേശു രണ്ടുവട്ടം വിളിക്കുന്നത്. ഇന്ന് നമ്മെ കർത്താവ് പേരുചൊല്ലി വിളിക്കുന്ന ദിവസമാണ്. ജീവന്റെ പുസ്തകത്തിൽ പേരെഴുതാൻ നിങ്ങൾക്ക് ആഗ്രഹം വന്നാൽ മാത്രം മതി.

പുറമെ പാപമില്ലാത്തപ്പോഴും അകം പാപമാണ്. ദുരാഗ്രഹങ്ങളും അഹങ്കാരവും ഉണ്ടായിരുന്നു. മാതാപിതാക്കളോട് ധിക്കാരപരമായി പ്രവർത്തിക്കുകയും വീട്ടിൽ കലക്കമുണ്ടാക്കുകയും ചെയ്തവനാണ്. പഠിച്ച കോളേജിൽ ശല്യം ഉണ്ടാക്കിയവനാണ്. നിങ്ങൾ ഒരാൾ കാരണം അനേകം കുട്ടികളുടെ പഠിത്തം മുടങ്ങേണ്ടി വന്നിട്ടുണ്ട്. അദ്ധ്യാപകരെ കളിയാക്കിയവനാണ്. തെറ്റുകൾ ഏറെ വന്നുപോയിട്ടുണ്ട്.

എങ്കിലും ഇന്ന് ഈ പുസ്തകം വായിക്കാനിടയായത് ജീവന്റെ പുസ്തകത്തിൽ എന്റെയും പേരെഴുതാൻ നീ ആഗ്രഹിച്ചതുകൊണ്ടാണ്. അതുകൊണ്ട് നാഥാ, അവിടുന്ന് എന്റെ പേരുചൊല്ലി വിളിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇപ്പോൾ യേശു നിങ്ങളെ പേർചൊല്ലി വിളിക്കുകയാണ്. നിങ്ങളുടെ പേരും പശ്ചാത്തലവും പഴയ ജീവിതവും എല്ലാം എന്താണെന്ന് കർത്താവിനറിയാം. എല്ലാം അറിയുന്നവനാണ്

പേർചൊല്ലി വിളിക്കുന്നത്. ദൈവത്തെ മറയ്ക്കുവാൻ സാദ്ധ്യമല്ല. നിത്യനായ ദൈവം നിങ്ങളെ വിളിച്ചത് നിങ്ങളുടെ പേര് ജീവപുസ്തകത്തിൽ എഴുതാനാണ്.

അത് വളരെ വിലയേറിയ ഒരു കാര്യമാണ്. ഈ ഭൂലോകത്തെക്കാളും വിലയുള്ളതാണ് ഒരു മനുഷ്യന്റെ ആത്മാവ്. ഈ സ്വത്ത് എല്ലാം നേടി, ആത്മാവ് സ്വർഗ്ഗരാജ്യത്തിൽ എത്തിയില്ലെങ്കിൽ എന്ത് പ്രയോജനം?

അതുകൊണ്ട് ഈ ലോകത്തിൽ നമുക്ക് ലഭിക്കുന്ന വിലപ്പെട്ട സമയം സ്വർഗ്ഗത്തിൽ പേരു കിട്ടുവാനായി നാം ആഗ്രഹിക്കണം. അതിനുവേണ്ടി പ്രാർത്ഥിക്കണം. ജീവിതത്തിൽ വന്നുപോയ പാപങ്ങൾ ഓർത്ത് അനുതപിക്കണം. എന്തെല്ലാം ലജ്ജാകരമായ പാപങ്ങൾ! മറ്റുള്ളവർ കേട്ടാൽ അറയ്ക്കുന്ന തരം പാപങ്ങൾ! നമ്മെ വെറുപ്പോടെ നോക്കുന്ന പാപങ്ങൾ! ചിന്തയിൽ, വിചാരത്തിൽ, വികാരത്തിൽ, സ്പർശനത്തിൽ, സംസാരത്തിൽ, പ്രവൃത്തിയിൽ - ചിന്തിച്ചുനോക്കിയാൽ എണ്ണമില്ലാത്ത പാപങ്ങൾ വന്നുപോയി.

ഈ പാപങ്ങളെല്ലാം പരിഹരിക്കാനായി എനിക്കുവേണ്ടി കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്ന് വിശ്വസിച്ച് ആ തിരുരക്തത്തിൽ ആശ്രയിച്ച് ഇന്നുമുതൽ ഒരു പുതിയജീവിതം തുടങ്ങുമെങ്കിൽ ഈ പാപങ്ങൾ ഒക്കെയും യേശുവിന്റെ തിരുരക്തത്താൽ കഴുകിത്തരികയും പേര് ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കുകയും ചെയ്യും.

എല്ലാ പാപവും കഴുകും! അതിനാണ് കർത്താവിന്റെ തിരുവിലാവ് തുറന്നത്. എത്ര ഹീനമായ പാതകങ്ങളും - കൊലപാതകം, വ്യഭിചാരങ്ങൾ, ഏറ്റവും നിന്ദ്യവും ക്രൂരവുമായ പ്രവൃത്തികൾ, എല്ലാം കഴുകും. “യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.” ജീവപുസ്തകത്തിൽ പേര് ലഭിക്കുന്നു.

ലാസറിന്റെ പേര് ജീവപുസ്തകത്തിൽ ഉണ്ടായിരുന്നു.

ധനവാന്റെ പേര് ജീവപുസ്തകത്തിൽ ഉണ്ടായിരുന്നില്ല. ധനവാൻ ഭൂമിയിൽ സമ്പന്നനായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ച് ദിനമ്പ്രതി ആഡംബരത്തോടുകൂടി സുഖിച്ചുകൊണ്ടിരുന്നവനാണ്. ഭൗതികമായ നിറഞ്ഞ സമൃദ്ധിയും പ്രതാപവും ഐശ്വര്യവുമെല്ലാമുള്ള ആ ധനവാൻ മരിച്ചു. ശവമടക്ക് ഗംഭീരമായിരുന്നു. മരിച്ച് അടക്കപ്പെട്ടു എന്നാണ് ധനവാനെപ്പറ്റി പറയുന്നത്. എന്നാൽ ആ ദരിദ്രൻ മരിച്ചു എന്നേ പറയുന്നുള്ളു. അടക്കത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. ഒരനാഥപ്രേതം പോലെ എവിടെയെങ്കിലും കുഴിച്ചിട്ടു കാണും!

എന്നാൽ ആ ദരിദ്രൻ മരിച്ചപ്പോൾ മാലാഖമാർ കൂട്ടംകൂട്ടമായി ഇറങ്ങിവന്നു. ഈ ഭൂമിയിലെ മനുഷ്യരാരും കണ്ടില്ല. മാലാഖമാർ കൂട്ടത്തോടെ ഇറങ്ങി വന്ന് ലാസറിനെ കൂട്ടിക്കൊണ്ട് വിശുദ്ധന്മാരുടെ നിരയിലേക്ക്, അബ്രാഹാം പിതാവിന്റെ മടിയിലേക്ക് പോയി; ഈ ഭൂമിയിൽ ദുഃഖവും രോഗവും അനുഭവിച്ച ദരിദ്രനായ ലാസർ ജീവന്റെ പുസ്തകത്തിൽ പേരുണ്ട് എന്നുള്ള ഒറ്റ കാരണംകൊണ്ട് അബ്രാഹാം പിതാവിന്റെ മടിയിൽ, പറുദീസായിൽ എത്തി. എന്നാൽ പട്ടും ധൂമ്രവസ്ത്രവും ധരിച്ച ആ ധനവാൻ മരിച്ചു അടക്കം ചെയ്തു. പക്ഷേ, അവൻ നേരെ പോയത് പാതാളത്തിലേക്കായിരുന്നു; യാതനാസ്ഥലത്തേക്കായിരുന്നു.

ജീവപുസ്തകത്തിൽ പേരുള്ള ലാസർ പറുദീസായിലേക്ക് എടുക്കപ്പെട്ടു. എന്നാൽ ധനവാന്റെ പേര് ജീവപുസ്തകത്തിൽ ഇല്ല; അവന് മാനസാന്തരം ഉണ്ടായിരുന്നില്ല; വിശ്വാസം ഉണ്ടായിരുന്നില്ല; അവൻ തന്റെ ജീവിതം പാഴാക്കിക്കളഞ്ഞു. ഈ ലോകജീവിതത്തിന്റെ സമൃദ്ധിയിലും പദവിയിലും അഭിമാനിച്ച് ജീവിതം പാഴാക്കിക്കളഞ്ഞു. ഈ ലോകത്തിന്റെ ധനവും സമൃദ്ധിയും അവന് ലക്ഷ്യമായിരുന്നു. അവൻ ആഡംബരത്തോടെ സുഖിച്ചുപുളച്ചുകൊണ്ടിരുന്നു.

അവൻ പോയത് നേരെ യാതനാസ്ഥലത്തേക്ക്. ധനവാൻ, അവിടെ ഒരിറ്റുവെള്ളത്തിന് വേണ്ടി ദാഹിക്കുകയാണ്;

ഭൂമിയിൽ അവന്റെ ഫ്രിഡ്ജ് തുറന്നാൽ പലതരം വിദേശമദ്യങ്ങൾ കാണും. എന്തെല്ലാം തരം! വിലകൂടിയ ഇനങ്ങൾ എല്ലാം ഉണ്ട്; പണമുണ്ടല്ലോ. എല്ലായിടത്തും സ്വീകരണമുണ്ട്; പള്ളിയിൽ നല്ല സ്ഥാനം; രാഷ്ട്രീയത്തിൽ മുൻപന്തിയിൽ; ഏതെങ്കിലും സ്ഥാപനത്തിൽ ചെന്നാൽ 'stage' ൽ സ്ഥാനം. ഇങ്ങനെ എല്ലായിടത്തും സ്ഥാനമാനങ്ങളുണ്ട്.

പക്ഷേ, മരിച്ചതിനുശേഷം അവൻ ചെന്നത് പാതാളത്തിൽ! നിത്യയാതന! കൊടിയ യാതന! Eternal torture! അവസാനിക്കാത്ത ദണ്ഡനം! നിത്യദണ്ഡനം! രണ്ടും രണ്ടായി പിരിഞ്ഞു. ഭൂമിയിൽ ജീവിക്കുമ്പോൾ ഒരു ദേശത്ത്, ഒരു സ്ഥലത്ത് അവർ കഴിയുന്നു. ധനവാൻ വലിയ വീട്ടിൽ; ലാസർ പടിപ്പുരയ്ക്കൽ. എങ്കിലും ഒരുസ്ഥലത്താണ്.

ഭൂമിയിലെ ജീവിതം കഴിഞ്ഞുചെന്നപ്പോൾ ഒരിക്കലും അടുക്കാൻ പറ്റാത്ത സ്ഥലങ്ങളിലായി; അവിടെനിന്ന് ഇങ്ങോട്ട് കടക്കാൻ പാടില്ല; ഇവിടെനിന്ന് അങ്ങോട്ടും കടക്കാൻ പാടില്ല. പറുദീസായിൽ നിന്ന് പാതാളത്തിലേക്കും, പാതാളത്തിൽ നിന്ന് പറുദീസായിലേക്കും പോകാൻ പാടില്ല. പക്ഷേ, പരസ്പരം കാണാം; അതാണ് ഏറ്റവും പ്രയാസം.

> *"അവനോ: നിങ്ങൾ എവിടെനിന്ന് എന്നു ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു; അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോരേ, എന്നെ വിട്ടുപോകുവിൻ എന്നു പറയും. അവിടെ അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറത്തുതള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും."* *ലൂക്കോസ് 13 : 27, 28*

പാതാളത്തിൽ ഇരുന്നുകൊണ്ട് പറുദീസായിൽ ഇരിക്കുന്ന അബ്രാഹാമിനേയും, അബ്രാഹാമിന്റെ മടിയിൽ ഇരിക്കുന്ന ലാസറിനെയും ധനവാൻ കണ്ടു. ഭൂമിയിൽ വച്ച്

മേലോട്ട് നോക്കാൻ കൂട്ടാക്കിയില്ല. ഗൗരവമേറിയ ബിസിനസ്സ് ഉണ്ട്. ധനവാനും അഞ്ചു സഹോദരന്മാരും ചേർന്ന് വലിയ ബിസിനസ്സ് നടത്തുകയാണ്. ഭൂമിയിൽ ഒന്നിനും കുറവില്ല. പക്ഷേ, കടന്നുചെന്നപ്പോൾ ഒരിറ്റുവെള്ളത്തിനുവേണ്ടി ദാഹിക്കുകയാണ്.

അവൻ മുകളിലേക്ക് നോക്കി; ഭൂമിയിൽവച്ച് പ്രാർത്ഥിക്കാൻ നേരമുണ്ടായിരുന്നില്ല; കൂട്ടായ്മയ്ക്ക് പോകാൻ നേരമില്ല; ആരെങ്കിലും വിളിച്ചാൽ പുച്ഛമായിരിക്കും. വചനം പറയുന്നവരെ പുച്ഛമായിരിക്കും. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ ഇതൊക്കെ ചെയ്യാം. മുകളിലേക്ക് നോക്കുകയില്ല. പ്രാർത്ഥിക്കുന്നത് മറന്നുപോയി; അതൊരു ചിന്താവിഷയവുമല്ല. സന്ധ്യാനമസ്ക്കാരമില്ല; പ്രഭാതപ്രാർത്ഥനയുമില്ല.

നിങ്ങളുടെ വീടുകളിൽ രാവിലെയും വൈകുന്നേരവും പാട്ടുപാടി വചനം വായിച്ച് പ്രാർത്ഥനവേണം. പ്രാർത്ഥിക്കുന്ന കുടുംബം മുടിഞ്ഞുപോകുകയില്ല; നശിച്ചുപോകുകയില്ല. ഈ ധനവാനും പ്രാർത്ഥനയുണ്ടായിരുന്നില്ല. മരിച്ചുകഴിഞ്ഞ്, പാതാളത്തിൽ ചെന്നപ്പോൾ, വറുതി വന്നപ്പോൾ മേലോട്ടുനോക്കി.

> *"ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടുനോക്കി ദൂരത്തുനിന്ന് അബ്രാഹാമിനേയും അവന്റെ മടിയിൽ ലാസറിനേയും കണ്ടു: അബ്രാഹാംപിതാവേ, എന്നോടു കനിവുണ്ടാകേണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്ന് അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചുപറഞ്ഞു. അബ്രാഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു: നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും*

*നിങ്ങൾക്കും നടുവെ വലിയോരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെനിന്നും ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല എന്നു പറഞ്ഞു."*

*ലൂക്കോസ് 16 : 23 – 26*

പാതാളത്തിനും പറുദീസായ്ക്കും നടുവിൽ വലിയോരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. നിങ്ങളും, ഞങ്ങളും; രണ്ടായി പിരിഞ്ഞു.

ഭാര്യയും ഭർത്താവും ഒരുമിച്ച്, കഷ്ടത്തിലും ദു:ഖത്തിലും സന്തോഷത്തിലും എല്ലാം ഈ ഭൂമിയിൽ കഴിഞ്ഞു. പക്ഷേ, ഭാര്യ വചനം കേട്ട് മാനസാന്തരപ്പെട്ട് ജീവന്റെ പുസ്തകത്തിൽ പേര് പ്രാപിച്ചു. എന്നാൽ ഭർത്താവ് കൂട്ടാക്കിയില്ല. രണ്ടുപേരും കടന്നുപോയപ്പോൾ രണ്ടു സ്ഥലത്തായി. ഭാര്യ പറുദീസായിൽ, ഭർത്താവ് യാതനാസ്ഥലത്തും; അങ്ങനെ വന്നാൽ എങ്ങനെ സഹിക്കും? പാതാളത്തിൽ യാതന അനുഭവിക്കുന്നു. ഇത് മറിച്ചും ആകാം. അപ്പൻ സ്വർഗ്ഗത്തിൽ, മകൻ തീയിൽ കിടന്ന് യാതന അനുഭവിക്കുന്നു. എങ്ങനെ സഹിക്കും? ചാകാത്ത പുഴുവും, കെടാത്ത തീയും; എങ്ങനെ കണ്ടുകൊണ്ടു നിൽക്കും?

തീരാത്ത യാതനയാണ്; തീരാത്ത വേദനയാണ്. ഇത് ഗ്രഹിച്ചാൽ നമ്മുടെ ജീവിതത്തിന്റെ ഗതി മാറും. എല്ലാവരും ഒരുമിച്ച് കഴിയുന്നു. എല്ലാവരും യേശുവിന്റെ രാജ്യത്തിലെത്തണം എന്നുള്ള ദാഹം വരും; അപ്പോൾ എങ്ങനെയെങ്കിലും ഭർത്താവിനെ അല്ലെങ്കിൽ അപ്പനെ അല്ലെങ്കിൽ മകനെ, അങ്ങനെ എല്ലാവരെയും വിളിച്ചുകൊണ്ടുവരും വചനം കേൾക്കാൻ. യാതനാസ്ഥലത്തു പോകാതിരിക്കാൻ!

ധനവാൻ ദു:ഖിതനായി; എന്തുചെയ്യാം? എന്നാൽ അബ്രാഹാം പിതാവേ; ലാസറിനെ ഇങ്ങോട്ടല്ലേ അയക്കാൻ പാടില്ലാത്തത്. ഭൂമിയിലേക്ക് ഒന്ന് അയക്കാമോ? എന്റെ അഞ്ചുസഹോദരന്മാർ അവിടെയുണ്ട്. അവരും യാതൊരു

മാനസാന്തരമുള്ളവരല്ല; വിശ്വാസമുള്ളവരല്ല. അവരും ഈ യാതനാസ്ഥലത്തു വരും. അബ്രാഹാം പിതാവേ, ലാസറിനെ ഒന്ന് അയയ്ക്കണമേ. ലാസർ കണ്ടതും കേട്ടതുമായ കാര്യങ്ങൾ സാക്ഷ്യം പറയട്ടെ.

ഇവിടെ സാക്ഷ്യം പറയുന്നത് മോശമായി കാണുന്നവർ ഉണ്ട്. അതൊക്കെ നവീകരണസഭയിൽപ്പെട്ടവർക്കാണ്. പുരാതനസഭയിൽ ഉള്ളവർക്ക് സാക്ഷ്യം പറയലോ? അത് മോശമല്ലേ? അതൊക്കെ ആരോ കാണാതെ പറഞ്ഞ് പഠിപ്പിച്ച കാര്യങ്ങൾ പറയുന്നതാണ്. ഇങ്ങനെ ആക്ഷേപിക്കാൻ ആളുകളുണ്ട്. എല്ലാം സത്യം സത്യമായി നേരിട്ടറിയുന്ന ഒരു ദിവസം വരും.

അക്കരെ ചെല്ലുമ്പോൾ നിങ്ങൾ നോക്കും. ബുദ്ധിമാന്മാർ ആകാശത്തിലെ പ്രഭപോലെ പരിലസിക്കുന്നത് നിങ്ങൾ കാണും. അനേകരെ ദൈവത്തിങ്കലേക്ക് തിരിച്ചവർ, നക്ഷത്രങ്ങളെപ്പോലെ പ്രശോഭിക്കുന്നത് നിങ്ങൾ കാണും. ഇന്ന് ദൈവത്തിന്റെ വേല ചെയ്യുന്ന സുവിശേഷകന്മാർ, നിസ്വാർത്ഥമായി ത്യാഗം സഹിച്ച് കർത്താവിന്റെ വേലചെയ്ത വിശുദ്ധന്മാരായ സുവിശേഷകന്മാർ അന്ന് കർത്താവിന്റെ സന്നിധിയിൽ ശോഭയുള്ള കിരീടം ധരിച്ചുകൊണ്ടുനിൽക്കുന്നത് നിങ്ങൾ കാണും.

ഇന്ന് നിങ്ങൾക്ക് കളിയാക്കാം, ആക്ഷേപിക്കാം, തെറ്റിദ്ധരിക്കാം, പരിഹസിക്കാം. പലതരത്തിലുള്ള തെറ്റിദ്ധാരണകൾ പരത്താം. അന്ന് അക്കരെ കടന്നുചെല്ലുമ്പോൾ വിശുദ്ധന്മാർ ദൈവസന്നിധിയിൽ ശോഭയുള്ള കിരീടം ധരിച്ചുകൊണ്ടിരിക്കുന്നത് കാണാം.

സ്നേഹിതരേ, ഇവിടെയുള്ള ജീവിതംകൊണ്ട് തീരുന്നില്ല. ഈ ജീവിതത്തിൽ യേശുവിനെ അനുഭവിക്കണം, പ്രാപിക്കണം. യേശുക്രിസ്തു തരുന്ന പാപക്ഷമ അനുഭവിക്കണം. യേശുവിന്റെ സന്നിധിയിലേക്ക് ചേരുവാനായി നാം ഇവിടെ വെച്ച് ഒരുങ്ങേണ്ടതാണ്.

*“എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ*

*വീട്ടിൽ അയക്കേണമെന്ന് ഞാൻ അപേക്ഷിക്കുന്നു; എനിക്ക് അഞ്ചു സഹോദരന്മാർ ഉണ്ട്; അവരും ഈ യാതനാസ്ഥലത്തു വരാതിരിപ്പാൻ അവൻ അവരോടു സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു. അബ്രാഹാം അവനോട്: അവർക്കു മോശയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്നു പറഞ്ഞു."*

*ലൂക്കോസ് 16 : 27 – 29*

മോശയും പ്രവാചകന്മാരും ഭൂമിയിൽ ഉണ്ടല്ലോ, പിന്നെ എന്തിനാണ് ഇവിടെനിന്ന് മരിച്ച ഒരാൾ ചെല്ലേണ്ട ആവശ്യം? അവിടെ പ്രവാചകന്മാരെ നിയമിച്ചിട്ടുണ്ടല്ലോ. അതാതുകാലത്ത് വചനം പറയാൻ ഞാൻ ദൈവമക്കളെ ആക്കിയിട്ടുണ്ടല്ലോ. അവരുടെ വാക്ക് അവർ കേൾക്കട്ടെ. അവിടെയുള്ള ദൈവമക്കളുടെ വാക്കുകേട്ട് മാനസാന്തരപ്പെടട്ടെ.

അല്ല, മരിച്ചവരിൽ നിന്ന് ഒരുത്തൻ ചെന്നാൽ അവർ മാനസാന്തരപ്പെടും. അവർ ഭൂമിയിൽ ഉള്ള ഉപദേശിമാരുടെ വാക്കു കേൾക്കുന്നവരല്ല. അവർ വലിയ ധനവാന്മാർ ആണ്. രാഷ്ട്രീയ പ്രബുദ്ധരാണ്. സാമുദായിക പ്രമാണികളാണ്, പള്ളിപ്രമാണികളാണ്. ഈ ധനവാൻ ഇങ്ങനെ പറയുകയാണ്. "മരിച്ചവരിൽ നിന്ന് ഒരുത്തൻ ചെന്നാലെ മാനസാന്തരപ്പെടുകയുള്ളൂ" എന്നു പറഞ്ഞു.

ഒരു മനുഷ്യന് കിട്ടാവുന്ന ഏറ്റവും വലിയ നിധിയാണ് 'മാനസാന്തരം.' അത് വലിയ ഭാഗ്യമാണ്. ആ ഭാഗ്യം ലാസറിന് ലഭിച്ചു; ധനവാന് ലഭിച്ചില്ല.

# ആറ്

*"കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ച തിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു. നീ മർത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു."*

*സങ്കീർത്തനങ്ങൾ 90 : 1 – 3*

നാമെല്ലാം ഈ ഭൂമിയിൽനിന്ന് മടങ്ങിപ്പോകുന്ന ഒരു ദിവ സമുണ്ട്. ഓരോരുത്തരും ഓരോ സമയങ്ങളിൽ മടങ്ങിപ്പോകും; എങ്ങനെയാണെന്ന് നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ, രോഗം വന്നിട്ടാകാം; നാളുകൾ നാളുകൾ രോഗം വന്നു കിടന്നിട്ടായി രിക്കാം; ഒരു നിമിഷംപോലും മരണത്തെക്കുറിച്ച് ചിന്തിക്കാത്ത സമയത്തായിരിക്കാം; നല്ല ആരോഗ്യമുള്ള, ചോരത്തിളപ്പുള്ള പ്രായത്തിലായിരിക്കാം.

ഈ ചിന്ത നമുക്കുണ്ടെങ്കിൽ നമ്മുടെ ജീവിതത്തെ നാം ക്രമീകരിക്കും. ഒരു ദിവസം ഞാൻ ഇവിടെനിന്ന് പോകും. ഇവിടെയുള്ളതൊന്നും എന്റെ കൂടെ പോരുകയില്ല. എന്റെ ഏറ്റവും പ്രിയപ്പെട്ടവർ പോലും ദു:ഖത്തോടെ നിൽക്കുകയ ല്ലാതെ എന്റെ കൂടെ വരാൻ സാധിക്കുകയില്ല. ഞാൻ ഏക നായി ഭൂമിയിലേക്ക് വന്നു; ഏകനായി തന്നെ ഭൂമിയിൽ നിന്ന് പോകണം. ഇതൊരു പരമാർത്ഥമാണ്; ഒരു സത്യമാണ്. നമുക്കറി

യാമെങ്കിലും നാമാരും ഓർക്കാറില്ല.

ഈ തൊണ്ണൂറാം സങ്കീർത്തനം അഹറോന്റെ ശവസംസ്ക്കാരത്തോട് ബന്ധപ്പെട്ട് മോശ നടത്തുന്ന ഒരു പ്രാർത്ഥനയാണ്. ജ്യേഷ്ഠസഹോദരനാണ് അഹറോൻ. അഹറോനും മോശയും ജനത്തെ നടത്തിക്കൊണ്ടു പോകുകയായിരുന്നു. യിസ്രായേൽജനം അറുന്നൂറായിരം പേരുണ്ട്. വളരെ ക്ലേശകരമായ യാത്ര! പതിനൊന്ന് ദിവസംകൊണ്ട് യാത്ര തീരേണ്ടതായിരുന്നു. പക്ഷേ, നാല്പത് വർഷംകൊണ്ടേ ആ യാത്ര തീരുന്നുള്ളൂ.

ആ യാത്ര അത്രമാത്രം ദു:ഖകരവും ക്ലേശകരവുമായിരുന്നു. യാത്രയുടെ അവസാനസമയമായപ്പോൾ, ഏതാണ്ട് നാല്പതുവർഷം തീരാറായപ്പോൾ അഹറോൻ ഈ ഭൂമിയിൽ നിന്നു മാറ്റപ്പെട്ടു. ആ ശവശരീരത്തിലേക്ക് നോക്കിക്കൊണ്ട് തീവ്രമായ വേദനയിൽ മോശ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ് തൊണ്ണൂറാം സങ്കീർത്തനം.

ഓരോ വാക്കും ഓരോ വാക്യവും വളരെ ശ്രദ്ധയോടെ, പശ്ചാത്തലം മനസ്സിലാക്കിക്കൊണ്ട് വായിക്കുകയാണെങ്കിൽ, ആശയസമൃദ്ധി നിങ്ങൾക്ക് ലഭിക്കും. "ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രം ഇരിക്കുന്നു." ദിവസങ്ങൾ ഒക്കെയും വേഗം വേഗം തീർന്നുപോകുകയാണ്. മോശയുടെ മനസ്സിൽ അനേകം ചിന്തകൾ തെറുത്തുയർന്നു വരികയാണ്. മോശയും അഹറോനും ഒരുമിച്ചു നടന്ന കാലങ്ങൾ! അതിനുമുമ്പ് മോശ കൊട്ടാരത്തിൽ കഴിഞ്ഞ കാലങ്ങൾ! പിന്നീട് യിത്രോയുടെ ആടുകളെ മേയ്ച്ചുകൊണ്ട് സീനായ് മരുഭൂമിയിൽക്കൂടി നടന്ന കാലങ്ങൾ! ഇതെല്ലാം മോശ ഓർക്കുകയായിരുന്നു.

മോശയും അഹറോനും ഒരുമിച്ച് യാത്ര ചെയ്ത നാല്പതു വർഷം! അന്ന് മോശ അനുജനാണെങ്കിലും അഹറോന് തെറ്റു

പറ്റിയ സമയത്ത് അഹറോനെ ശാസിച്ചതും, തർജ്ജനം ചെയ്തതുമെല്ലാം മോശയുടെ മനസ്സിലേക്ക് വരികയാണ്. ഓരോ ചിന്തയും മനസ്സിൽക്കൂടി കടന്നുപോകുമ്പോൾ ചില പ്പോൾ നെടുവീർപ്പിടും, ഇടയ്ക്ക് കണ്ണുനീർ തുടയ്ക്കും. മോശ പ്രാർത്ഥിച്ച് ദൈവത്തോട് തന്റെ അപേക്ഷകൾ സമർപ്പി ക്കുകയാണ്.

നാമും മരണത്തോടടുത്തുവരുമ്പോൾ എന്തെല്ലാം ചിന്ത കളായിരിക്കും നമ്മുടെ മനസ്സിൽക്കൂടി വരുന്നത്!

നമ്മുടെ പ്രിയപ്പെട്ടവർ കടന്നുപോയിക്കഴിയുമ്പോൾ, നാം അവരോടൊരുമിച്ച് കഴിഞ്ഞ കാലങ്ങൾ, പറഞ്ഞ കാര്യങ്ങൾ അങ്ങനെ ഓരോന്നും മനസ്സിലേക്ക് വന്നു നിറയുകയാണ്. ചിലപ്പോൾ നിരാശ വരും; ചിലപ്പോൾ ദു:ഖിക്കും; ചിലപ്പോൾ സന്തോഷംകൊണ്ട് കരയും. ഒരുമിച്ച് ജീവിച്ചവർ മാറ്റപ്പെടുക എന്നു പറഞ്ഞാൽ നമുക്ക് ചിന്തിക്കാവുന്ന കാര്യമല്ല. എന്നാലും അത് സംഭവിച്ചേ പറ്റൂ. ഒരു ദിവസം നാം കടന്നുപോകേണ്ടിവരും.

ഞാൻ എപ്പോഴും ചിന്തിക്കുന്ന ഒരു വിഷയമാണ് മരണം എന്നുള്ളത്. അഞ്ച് മരണം നടന്ന വീടാണ് എന്റേത്. എനിക്ക് ഒരു വയസ്സുള്ളപ്പോൾ അപ്പൻ മരിച്ചു. രണ്ട് വയസ്സുള്ളപ്പോൾ ചേട്ടൻ മരിച്ചു. ചേട്ടന് പതിമൂന്ന് വയസ്സുപ്രായം. ചേട്ടനെ കണ്ട ഓർമ്മയില്ല. അപ്പനെ കണ്ട ഓർമ്മയില്ല. അപ്പൻ മരിക്കുമ്പോൾ മുപ്പത്തിമൂന്ന് വയസ്സ് പ്രായം.

അമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്, ഞാൻ പിറക്കുന്നതിന് മുമ്പ് മൂന്ന് കുഞ്ഞുങ്ങൾ മരിച്ചുപോയിരുന്നു. ഇങ്ങനെ അഞ്ച് മരണ ങ്ങൾ നടന്ന ഭവനം! മരണത്തിന്റെ വലിയ ബാധയും ശാപവുമുള്ള ഒരു ഭവനം! അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്, വീട് ഉറ ങ്ങിപ്പോയി എന്ന്. ധാരാളം ആളുകൾ വന്നിരുന്ന വീട്. ബിസി നസ്സ് ഉണ്ടായിരുന്നതിനാൽ അപ്പന്റെ സ്നേഹിതന്മാർ അനേ കർ വരുമായിരുന്നു. അനേകംപേർക്ക് വച്ചുവിളമ്പിയിരുന്ന വീട്. സമൃദ്ധിയുടെ കാലങ്ങൾ.

എന്നാൽ എല്ലാം തീർന്നു. എല്ലാം ഒടുങ്ങി, ഭവനം നിശ്ശബ്ദമായി. സംസാരിക്കാൻ ആരുമില്ല. ആകെ അഞ്ചുവയസ്സുള്ള പെങ്ങൾ, പിന്നെ ഒരുവയസ്സുള്ള ഞാൻ. ഈ കൊച്ചുകുട്ടികളെക്കൊണ്ട് അമ്മ ദു:ഖിച്ചും കരഞ്ഞും കഴിഞ്ഞുകൂടി. വീണ്ടും വീണ്ടും പറയുകയും കരയുകയും ചെയ്യും.

മരണം എന്നുള്ളത് എന്റെ മനസ്സിൽ വളരെ യാഥാർത്ഥ്യമായി പച്ചപിടിച്ചു നിൽക്കുകയായിരുന്നു അന്നും ഇന്നും എന്നും. മരിച്ചതിനുശേഷം എന്ത് എന്നുള്ളത് ഞാൻ ചിന്തിക്കുകയും പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന വിഷയമാണ്.

ഞാൻ ഒരു പുസ്തകം വായിച്ചു, 'To Hell and Back.' അതെഴുതിയത് Dr. Maurice Rawlings എന്ന ഹൃദ്രോഗ വിദഗ്ദ്ധനാണ്. നരകവാതിൽക്കൽ എത്തിയതിനുശേഷം തിരികെ പോന്ന ഒരാളുടെ അനുഭവമാണതിൽ. നരകം കണ്ടു; ഭീകരമായ നരകത്തിന്റെ ക്രൂരമായ വേദനകൾ അറിഞ്ഞു, മനസ്സിലാക്കി. പക്ഷേ, അരുളപ്പാട് കിട്ടി, ഇപ്പോൾ വരാൻ സമയമായില്ല; നീ തിരികെ പോവുക എന്ന്.

മരിച്ച് നരകം കണ്ട്, നരകത്തിന്റെ ഭീകരമായ വേദന മനസ്സിലാക്കിയതിനുശേഷം തിരികെ വന്ന് പറയുന്ന കാര്യങ്ങളാണ് ആ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. അതിൽ ഓരോന്നും വായിക്കുമ്പോൾ മരണത്തിന്റെ ഭീകരമുഖം എന്റെ മുമ്പിൽ വന്ന് നിൽക്കുകയാണ്. നരകത്തിന്റെ ഭീകരത കൂടുതൽ മനസ്സിലാക്കാൻ സാധിക്കുകയാണ്. അതിനെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് സ്വർഗ്ഗത്തിന്റെ സന്തോഷം മനസ്സിലേക്ക് ഓടിവരുന്നത്.

മനുഷ്യന് സ്വർഗ്ഗസന്തോഷം അനുഭവിക്കാൻ സാധിക്കും. സ്വർഗ്ഗം മനുഷ്യന് തുറന്നുവച്ചിരിക്കുന്നു. നരകത്തിന്റെ ഭയാനകതയിലേക്ക് പോകേണ്ട ആവശ്യമില്ല. എത്ര ഘോരപാപിയായ മനുഷ്യനും, മ്ലേച്ഛപാപിയായ മനുഷ്യനും നരകത്തി

ലേക്ക് പോകേണ്ട ആവശ്യമില്ല. അവന് നരകത്തിൽനിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിലേക്ക് പോകാനുള്ള വഴി തുറന്നിട്ടുണ്ട് എന്നുള്ള അത്ഭുതകരമായ സുവിശേഷസത്യം! ഏതു പാപിക്കും രക്ഷപ്പെടാം എന്നുള്ള സത്യം! ഏതു ഘോരപാപിക്കും സ്വർഗ്ഗത്തിൽ എത്താമെന്നുള്ള സത്യം! സദ്വർത്തമാനം! സുവിശേഷം! അതെല്ലാം ഓർക്കുമ്പോൾ ഹൃദയം തുടിക്കുന്നു.

ധനവാനും മരിച്ചു; അടക്കപ്പെട്ടു. ലൂക്കോസ് 16 : 28.

1. He died uncontented
2. He died unprepared
3. He died unconverted
4. He died unchanged

ഈ ഭൂമിയിലെ ജീവിതം, മരണം എന്നുള്ളത് ഉറക്കം പോലെയാണ്. "തിരികെ വരുവിൻ" എന്ന് അരുളിച്ചെയ്യുന്ന സമയത്ത്, സന്തോഷത്തോടെ, ഒരുക്കമുള്ളവനായിട്ട് പോകാൻ സാധിക്കുമോ?

*"പുലർച്ചയ്ക്കു മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും എല്ലാം യേശുവിനെ കൊല്ലുവാൻ കൂടി വിചാരിച്ചു. അവനെ ബന്ധിച്ചുകൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏല്പിച്ചു. അവനെ ശിക്ഷയ്ക്കു വിധിച്ചു എന്ന് അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പതുവെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കിക്കൊണ്ടുവന്നു: ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അതു ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക എന്നു അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു, ചെന്നു*

*കെട്ടിഞാന്നു ചത്തുകളഞ്ഞു." മത്തായി 27 : 1 – 5*

കെട്ടിഞാന്നു ചത്തുകളഞ്ഞു. He was unchanged. മാറ്റമില്ലാത്തവനായി മരിച്ചു.

*"അവൻ ഞങ്ങളുടെ എണ്ണത്തിൽ ഉൾപ്പെട്ടവനായി ഈ ശുശ്രൂഷയിൽ പങ്കു ലഭിച്ചിരുന്നുവല്ലോ– അവൻ അനീതിയുടെ കൂലികൊണ്ട് ഒരു നിലം മേടിച്ചു തലകീഴായി വീണു നടുവെപിളർന്നു അവന്റെ കുടലെല്ലാം തുറിച്ചുപോയി."*

*അപ്പൊസ്തലപ്രവൃത്തികൾ 1 : 17, 18*

അവൻ നിരാശയോടെ ആത്മഹത്യ ചെയ്തു. He died unchanged. ഇസ്ക്കരിയോത്താ യൂദാ, മൂന്ന് വർഷം യേശുവിനോടുകൂടെ സഞ്ചരിച്ചു. കർത്താവിനറിയാമായിരുന്നു അവൻ കള്ളനും ദ്രവ്യാഗ്രഹിയും വിശ്വസിക്കാൻ കൊള്ളാത്തവനുമാണെന്ന്. എങ്കിലും കർത്താവ് അവന് അവസരം കൊടുത്തു.

നാം കർത്താവിന്റെ കൂടെ നടക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, നാം സ്വഭാവം മാറ്റിയില്ലെങ്കിൽ, നാം changed ആയില്ലെങ്കിൽ അപകടമാണ്. നമ്മുടെ കോപസ്വഭാവം മാറ്റണം. ദ്രവ്യാഗ്രഹം മാറ്റണം. നമ്മുടെ ചതിക്കുന്ന സ്വഭാവം, ഒറ്റുകൊടുക്കുന്ന സ്വഭാവം ഇവയെല്ലാം മാറ്റണം. സ്വഭാവത്തിലുള്ള മാലിന്യങ്ങൾ നീക്കിയേ പറ്റൂ. അല്ലെങ്കിൽ അപകടമാണ്. ഇല്ലെങ്കിൽ നിരാശയോടെ കടന്നുപോകേണ്ടി വരും. നിരാശയോടെ അന്ത്യം കുറിക്കേണ്ടിവരും.

സഹോദരങ്ങളേ, എങ്ങനെയുണ്ട് നമ്മുടെ ജീവിതം? വാസ്തവത്തിൽ ഒരു സന്തോഷവും സമാധാനവുമുണ്ടോ? ഒരുപക്ഷേ, രോഗമുണ്ടായിരിക്കാം. പൈസയ്ക്ക് ഞെരുക്കവും പലതരത്തിലുള്ള കഷ്ടപ്പാടുകളും പ്രശ്നങ്ങളുമുണ്ടായിരിക്കാം. എന്നാൽ പ്രിയപ്പെട്ടവരേ, ഞാനൊരു കാര്യം പറഞ്ഞുതരാം. ഒരു യഥാർത്ഥ വിശ്വാസിയാണെങ്കിൽ ഇതിന്റെയെല്ലാം മദ്ധ്യ

ത്തിൽ ഒരു സമാധാനം ഉണ്ടാകും. ഇതു ഗ്രഹിച്ചാൽ നിങ്ങൾ ഭാഗ്യശാലികളായിരിക്കും.

"ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." കഷ്ടമുണ്ടെന്നുതന്നെയാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. ഇല്ല എന്ന് കർത്താവ് പറഞ്ഞില്ല. ലോകത്തെ ജയിച്ച ജയവീരനായ ഞാൻ നിങ്ങളോടുകൂടെയിരുന്നാൽ പോരയോ എന്നാണ് കർത്താവ് ചോദിക്കുന്നത്. രോഗമുണ്ട് എങ്കിലും എന്റെ കൃപ പോരയോ? "എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു."

അപ്പൊസ്തലനായ പൗലോസിന് ഒരു രോഗമുണ്ടായിരുന്നു. ഒരുപക്ഷേ, കണ്ണിൽ നിന്ന് എപ്പോഴും വേദനിച്ച് വെള്ളം വരുന്നതാണോ എന്ന് ചില ഭക്തന്മാരായ പിതാക്കന്മാർ പറഞ്ഞിട്ടുണ്ട്. എപ്പോഴും കണ്ണ് നിറഞ്ഞ് ഒലിച്ചുകൊണ്ടിരുന്നു; കണ്ണിൽ രോഗമുണ്ടായിരുന്നു. കാരണം, ഗലാത്യലേഖനം നാലാം അദ്ധ്യായത്തിൽ പറയുന്നു: "നിങ്ങളുടെ കണ്ണ് എനിക്കു ചൂഴ്ന്നെടുത്തു തരുമായിരുന്നു എന്നതിന് ദൈവം സാക്ഷി." ഗലാത്യവിശ്വാസികൾക്ക് അത്ര സ്നേഹമായിരുന്നു അപ്പൊസ്തലനോട്. എന്നാൽ ചില വേദപഠിതാക്കൾ പറയുന്നു വയറിൽ വേദനയായിരുന്നെന്ന്. നിരന്തരം വേദന! ഈ വേദന സഹിച്ചുകൊണ്ടാണ് അപ്പൊസ്തലൻ വേല ചെയ്തിരുന്നത്. ഒരു കാര്യം ഉറപ്പാണ്, അപ്പോഴും അദ്ദേഹത്തിന് നിരാശയുണ്ടായിരുന്നില്ല.

ഞാൻ പ്രാർത്ഥിച്ചാൽ ചിലർക്ക് രോഗം മാറ്റിക്കൊടുക്കുമല്ലോ? എങ്കിൽ എനിക്കെന്താണ് രോഗസൗഖ്യം തരാത്തത്? ഇങ്ങനെ ചോദ്യം വന്നില്ല. എന്നാൽ അപ്പൊസ്തലൻ ദൈവത്തോട് ചോദിച്ചു: ഇതൊന്ന് മാറ്റിത്തരാമോ? മറുപടിയില്ല, വീണ്ടും ചോദിച്ചു, മറുപടിയില്ല. മൂന്നാമതും ചോദിച്ചു. അപ്പോൾ കർത്താവ് പറഞ്ഞു: എന്റെ കൃപ നിനക്കു പോരേ! വേറെ വല്ലതും വേണമോ? എന്റെ ശക്തി ബലഹീനതയിൽ

തികഞ്ഞുവരുന്നു. നിന്റെ ഈ ബലഹീനതയിൽ തികഞ്ഞുവരുന്ന ഒരു ശക്തിയുണ്ട്. അത് നിനക്കു തന്നാൽ പോരേ മോനേ? അതു മതി കർത്താവേ. യേശുവിന്റെ കൃപ ലഭിക്കുക. അതുമതി.

ഒരു പക്ഷേ, വീട്ടിൽ വഴക്കുണ്ട്. ഭർത്താവ് ഉപദ്രവിക്കുന്നുണ്ട്. അദ്ദേഹം കുടിച്ചിട്ട് സുബോധമില്ലാതെ വന്ന് ഉപദ്രവിക്കുകയാണ്. കഠിനമായി മർദ്ദിക്കുന്നു. അല്ലെങ്കിൽ ഭാര്യ എന്നും വഴക്കും പരിഭവവും വാശിയും പിറുപിറുപ്പും പരാതിയും, എണ്ണിപ്പെറുക്കി കരഞ്ഞുകൊണ്ടിരിക്കുന്നു. മക്കൾക്ക് രോഗം. മാറിമാറി രോഗം. ചികിത്സിച്ചിട്ടും മാറുന്നില്ല. മക്കൾ പരീക്ഷയിൽ പാസ്സാകുന്നില്ല; കുഞ്ഞുങ്ങൾ പഠിക്കാത്തതുകൊണ്ടല്ല. അവർ പഠിക്കുന്നുണ്ട് പക്ഷേ, എന്തുകൊണ്ടോ പരീക്ഷ പാസ്സാകുന്നില്ല. എന്റെ കർത്താവേ, എനിക്കെന്താണിങ്ങനെ വന്നത്? ഞാൻ ദൈവത്തെയല്ലേ വിളിച്ചപേക്ഷിക്കുന്നത്? എത്രയോ കുട്ടികൾ നല്ലപോലെ എഴുതുന്നു; നല്ലപോലെ പഠിക്കുന്നു. എന്റെ കുഞ്ഞിനെന്താണ് പരീക്ഷ പാസ്സാകാൻ പറ്റാത്തത്?

പഠിക്കാത്തതുകൊണ്ടല്ല; അദ്ധ്വാനിക്കാത്തതുകൊണ്ടല്ല, മാർക്ക് കിട്ടുന്നില്ല. സങ്കടകരമായ കാര്യം അവരുടെ ബുദ്ധിയിൽ അത് നിലനിൽക്കുന്നില്ല. ഓർമ്മയിൽ കിട്ടുന്നില്ല. ഇങ്ങനെ എന്തെല്ലാം പ്രശ്നങ്ങൾ! നിങ്ങൾക്കുണ്ട് പ്രശ്നങ്ങൾ; എനിക്കുമുണ്ട് പ്രശ്നങ്ങൾ. എന്നാൽ ഒന്നെനിക്കറിയാം. ഈ പ്രശ്നങ്ങളുടെയും രോഗങ്ങളുടെയും മദ്ധ്യത്തിൽ യേശുക്രിസ്തുവിന്റെ കരം താങ്ങുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ കരം കണ്ണീർ തുടയ്ക്കുന്നത്, എന്റെ പുറം തലോടിത്തരുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്. എന്റെ കൂടെയിരിക്കുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്. സഹോദരങ്ങളേ, നിങ്ങൾ വിശ്വാസികളാണോ? എങ്കിൽ ഞാൻ നിങ്ങളോട് പറയാം: നിങ്ങളുടെ ജീവിതത്തിലെ ഭാരങ്ങളും ആകുലങ്ങളും ആവശ്യങ്ങളും എല്ലാം യേശുക്രിസ്തുവിന്റെ മുമ്പാകെ ഒന്നൊന്നായി കൊണ്ടുവന്ന് വയ്ക്കുക; എല്ലാ ചുമടുകളും ആ

കാൽപ്പാദത്തിൽ സമർപ്പിക്കുക.

കൊള്ളാകുന്നവന്റെ കരങ്ങളിലാണ് കൊണ്ടുവന്ന് വച്ചിരിക്കുന്നത്. എനിക്ക് വിശ്വസിക്കാൻ കൊള്ളാകുന്നവന്റെ അടുക്കലാണ് ഞാൻ വന്നിരിക്കുന്നത്. എന്നെ സ്നേഹിക്കുന്ന എന്റെ യേശുവിന്റെ അരികിലേക്കാണ് ഞാൻ വന്നിരിക്കുന്നത്. എനിക്ക് നല്ല ഉറപ്പുണ്ട്, യേശു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചവനാണ്, എനിക്കുവേണ്ടി രക്തം ചിന്തിയവനാണ്, എന്നെ സ്നേഹിച്ചവനാണ് എന്ന്.

എന്റെ പാപം പോക്കുവാൻ, ശാപം നീക്കുവാൻ എനിക്കുവേണ്ടി ക്രൂശിൽ മരിച്ച നാഥാ! അതുവിശ്വസിച്ച് ഞാൻ വരികയാണ്. കർത്താവേ, എന്റെ ഇതുവരെയുള്ള പാപങ്ങളെല്ലാം നീ ഇപ്പോൾ കഴുകിത്തരണം; എന്റെ ജീവിതത്തിൽ നിന്ന് ശാപങ്ങൾ മാറ്റിത്തരണം. ദുഷ്ടപ്പിശാച് അവകാശം പറയുന്ന എല്ലാറ്റിൽനിന്നും ഒരു മോചനം തരണം. എന്റെ ഈ കഷ്ടപ്പാടുകളും ദു:ഖങ്ങളും ഭാരങ്ങളും ദുരിതങ്ങളും ഇനി ഞാൻ തിരികെ എടുക്കുകയില്ല. നീ എല്ലാം ഏറ്റെടുത്തു എന്ന് വിശ്വസിച്ച് ഞാൻ സ്വതന്ത്രനായി എഴുന്നേറ്റു പോകുന്നു.

നിന്റെ വചനം പറയുന്നു: “നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക; ഞാൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകുവാൻ ഞാൻ ഒരുനാളും സമ്മതിക്കുകയില്ല” എന്ന്. “അവൻ നിങ്ങൾക്കായ് കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.” ഈ വചനങ്ങളെല്ലാം ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് എന്റെ ഭാരമെല്ലാം നിന്റെമേൽ ഇടുകയാണ്.

“നമ്മുടെ രക്ഷയാകുന്ന ദൈവമായി നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു. മരണത്തിൽനിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളവ തന്നെ.” ഇതും ഞാൻ വിശ്വസിക്കുന്നു. എന്റെ

നാഥൻ നാൾതോറും ഭാരങ്ങൾ ചുമക്കുന്നവനാണ്. വിശ്വസിക്കാൻ കൊള്ളാകുന്നവന്റെ കരങ്ങളിലേക്ക് ഞാൻ എന്റെ ജീവിതം കൊടുത്തിരിക്കുകയാണ്.

നിങ്ങളുടെ ജീവിതം യേശുവിന് കൊടുത്താൽ അവൻ ഏറ്റെടുത്തുകൊള്ളും. അവൻ നയിച്ചുകൊള്ളും; അവൻ നടത്തിക്കൊള്ളും. ആകുലങ്ങളെല്ലാം അവൻ ഏറ്റെടുത്തുകൊള്ളും. ഒരുപക്ഷേ, ഇന്നുതന്നെ മറുപടി ലഭിച്ചു എന്ന് വരികയില്ല. നിന്നെ നിരസിച്ചു എന്ന് വിചാരിക്കരുത്. Delay ആയി എന്നേയുള്ളൂ, അത് നിരസിച്ചതല്ല; ചോദിക്കുമ്പോൾ തന്നെ തന്നു എന്നു വരികയില്ല. നിരസിച്ചു എന്നോ, ദൈവം കൈക്കൊണ്ടില്ല എന്നോ വിചാരിക്കരുത്. പ്രാർത്ഥന ദൈവം കേട്ടിട്ടുണ്ട്.

“Delays are not denials.”

ദാനിയേലിനോട് ദൈവം പറഞ്ഞു: നീ എന്നോട് അപേക്ഷിച്ചപ്പോൾ തന്നെ ഞാൻ ആ പ്രാർത്ഥന കേട്ടിരിക്കുന്നു. ഇപ്പോൾ ഇരുപത്തൊന്ന് ദിവസം കഴിഞ്ഞിട്ടാണ് നിന്റെ അടുക്കലേക്ക് ഞാൻ വന്നിരിക്കുന്നത്. അന്നുതന്നെ ദൈവം പ്രാർത്ഥന കേട്ടതാണ് പക്ഷേ, ഇരുപത്തൊന്ന് ദിവസം കഴിഞ്ഞിട്ടേ ദാനിയേലിന്റെ അടുക്കലേക്ക് ദൂതൻ എത്തിയുള്ളൂ. ആദ്യദിവസം തന്നെ ദൈവം ഗബ്രിയേലിനെ അയച്ചതാണ്. പക്ഷേ, ഇടയ്ക്ക് വച്ച് പിശാചിനോട് യുദ്ധം ചെയ്യേണ്ടി വന്നു.

> *“അവൻ എന്നോടു പറഞ്ഞത്: ദാനിയേലേ, ഭയപ്പെടേണ്ട; നീ തിരിച്ചറിയേണ്ടതിന്നും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നേ താഴ്ത്തേണ്ടതിന്നും മനസ്സുവെച്ച ആദ്യദിവസംമുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു. പാർസി രാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോടു എതിർത്തുനിന്നു; എങ്കിലും പ്രധാനപ്രഭുക്കന്മാ*

*രിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു: അവനെ ഞാൻ പാർസിരാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ചു.” ദാനിയേൽ 10 : 12, 13*

ദാനിയേലേ, നിന്റെ പാപവും ജനത്തിന്റെ പാപവും ഏറ്റു പറഞ്ഞ് നീ പ്രാർത്ഥിച്ചില്ലേ; അന്നുതന്നെ ഞാൻ പ്രാർത്ഥന കേട്ടിരിക്കുന്നു. ഗബ്രിയേൽ മാലാഖ പറയുകയാണ്: നിന്റെ വാക്കു ഹേതുവായിത്തന്നേ ഞാൻ വന്നിരിക്കുന്നു. ഈ ഇരുപത്തിയൊന്ന് ദിവസം വൈകാൻ കാരണം, ഇടയ്ക്കൊരു യുദ്ധം ഉണ്ടാകേണ്ടി വന്നു. നിന്റെ പ്രാർത്ഥനയ്ക്ക് മറുപടിയുമായി പുറപ്പെട്ടപ്പോൾ, അന്ന് പാർസിരാജ്യത്തിന്റെ പ്രഭു എന്നോടു എതിർത്തുനിന്നു.

ഓരോ രാജ്യത്തിനും സാത്താൻ territorial commanders - നെ നിയമിച്ചിട്ടുണ്ട്. പിശാചിന്റെ ദൂതന്മാരെ ആക്കിയിട്ടുണ്ട്. അവർ ഇരുപത്തൊന്നു ദിവസം എതിർത്തുനിന്നു; ഗബ്രിയേൽ, ദാനിയേലിന്റെ അടുക്കലേക്ക് മറുപടിയുമായി പോകുമ്പോൾ ദുഷ്ടനായ പിശാച് എതിർത്തു. അപ്പോൾ ഗബ്രിയേൽ ദൂതനെ സഹായിപ്പാൻ മീഖായേൽ വന്നു. അപ്പോൾ പാർസിരാജാക്കന്മാർ എല്ലാവരും വന്ന് അവരോട് എതിർത്തുനിന്നു. ഇപ്പോൾ അവരെ മീഖായേലിന്റെ അടുക്കൽ വിട്ടേച്ച് ഗബ്രിയേൽ ദൂതൻ ദാനിയേലിന്റെ അടുക്കലേക്ക് പറന്നുവന്നിരിക്കയാണ്.

നിങ്ങളുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം, നിങ്ങളുടെ അടുക്കലേക്ക് ദൂതനെ അയയ്ക്കുന്നുണ്ട്. നിങ്ങളുടെ യാചന അറിയുന്ന ദൈവം, നിങ്ങൾക്കുവേണ്ടി ദൂതനെ അയയ്ക്കുന്നുണ്ട്. മുട്ടിപ്പായി പ്രാർത്ഥിച്ചുകൊള്ളുക. ഒട്ടും തളരാതെ പ്രാർത്ഥിച്ചുകൊള്ളുക. കർത്താവേ, സഹായിക്കണമേ എന്നു പറഞ്ഞുകൊള്ളുക. എന്റെ ദൈവമേ, നീ എന്നെ വിട്ടുപോയാൽ എന്തുചെയ്യും എന്നുപറഞ്ഞ് പ്രാർത്ഥിച്ചുകൊള്ളുക. അങ്ങനെ മുട്ടിപ്പായി പ്രാർത്ഥിച്ചാൽ പ്രാർത്ഥന കേൾക്കുന്ന

ഒരു ദൈവമുണ്ട്. പ്രാർത്ഥനയ്ക്ക് മറുപടി തരുന്ന ഒരു ദൈവമുണ്ട്.

ഹബക്കൂക്ക് പ്രവാചകൻ പറയുന്നു:

*“ഞാൻ കൊത്തളത്തിൽനിന്നു കാവൽകാത്തു കൊണ്ട്: അവൻ എന്നോട് എന്തരുളിച്ചെയ്യും എന്നും എന്റെ ആവലാധി സംബന്ധിച്ച് ഞാൻ എന്തു ത്തരം പറയേണ്ടൂ എന്നും കാണേണ്ടതിന്നു ദൃഷ്ടി വയ്ക്കും. യഹോവ എന്നോട് ഉത്തരം അരുളി യത്: നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വര യ്ക്കുക. ദർശനത്തിനു ഒരു അവധിവച്ചിരിക്കുന്നു; അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അത് വൈകിയാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയു മില്ല.” ഹബക്കൂക്ക് 2 : 1 – 3*

മുട്ടിപ്പായി പാപം ഏറ്റുപറഞ്ഞുപേക്ഷിച്ചുകൊണ്ട് യാചി ച്ചുകൊള്ളൂ. മേലിൽ പാപം വരികയില്ല എന്നു പറഞ്ഞ് യാചി ച്ചുകൊള്ളൂ. ഒരു കാരണവശാലും മറുപടി തരാതെ ഞാൻ മാറുകയില്ല. ചോദിക്കാൻ എനിക്ക് വേറെ ഒരിടമില്ല. കർത്താവേ, സഹായിച്ചേ പറ്റൂ എന്നു പറഞ്ഞുകൊണ്ട് മുട്ടിപ്പായി, വാശി പിടിച്ചു ചോദിക്കണം. അങ്ങനെ ചോദിക്കുമ്പോൾ കർത്താവ് നിങ്ങളുടെ സഹായത്തിനായി വരും. “അത് സമാപ്തിയി ലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകി യാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമ സിക്കയുമില്ല.”

അനേകം അവസരങ്ങൾ ഇസ്ക്കര്യോത്താ യൂദായ്ക്ക് കിട്ടി; ദൈവത്തോടുകൂടി നടക്കുന്ന ദൈവമക്കൾ പാപം മാറ്റി ക്കൊള്ളണം, ഒരു നിമിഷം വൈകരുത്; “കൂടെക്കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്ന് നശിച്ചുപോകും.” ദൈവത്തിന്റെ വചനമാണ്. ജീവന്റെ വചന

മാണ്. സ്വർഗ്ഗത്തിന്റെ അരുളപ്പാടാണ്. സ്വർഗ്ഗത്തിന് നിങ്ങളോട് പറയാനുള്ള സ്പെഷ്യൽ ദൂതാണ് നിങ്ങൾ കേൾക്കുന്നത്. അതു കേട്ടിട്ട് പിന്നേയും അവഗണിച്ചാൽ, ശാഠ്യം കാണിച്ചാൽ നീക്കുപോക്കില്ലാതെ പെട്ടെന്ന് നശിച്ചുപോകും.

അനുതപിക്കാൻ സാധിക്കുന്നതിനുമുമ്പ് നശിച്ചു പോകും. ആയുസ്സു കുറഞ്ഞുപോയി എന്നു വരും; മാനസാന്തരപ്പെടാൻ സാധിച്ചില്ല എന്നു വരും; അത് വരരുത് എന്ന് കർത്താവ് ആഗ്രഹിക്കുന്നതുകൊണ്ടാണ് നിങ്ങൾക്ക് വ്യക്തമായ ഉപദേശം തരുന്നത്. ഇസ്ക്കരിയോത്താ യൂദാ കിട്ടിയ സമയങ്ങളെല്ലാം പാഴാക്കിക്കളഞ്ഞു. മൂന്നരക്കൊല്ലം കിട്ടി. എല്ലാ അത്ഭുതങ്ങളുടെ സമയത്തും അവൻ കൂടെയുണ്ടായിരുന്നു.

തളർവാതരോഗിയെ സൗഖ്യമാക്കുമ്പോൾ അവൻ കൂടെയുണ്ട്. 38 വർഷം രോഗിയായിരുന്നവനെ സൗഖ്യമാക്കുമ്പോൾ അവൻ കൂടെയുണ്ട്. പന്ത്രണ്ട് വർഷം രക്തവാർച്ചയുണ്ടായിരുന്ന സ്ത്രീയെ സൗഖ്യമാക്കുമ്പോൾ കൂടെയുണ്ട്. പതിനെട്ടുവർഷം കൂനുബാധിച്ച സ്ത്രീയെ സംഘാലയത്തിൽവച്ച് യേശു അവളുടെ മുതുകത്ത് കരം വച്ചു, അവൾ നിവർന്നുനിന്നു. അതും യൂദാ കണ്ടതാണ്. യായീറോസിന്റെ മകൾ മരിച്ചുകിടന്ന ഭവനത്തിലും യൂദാ ഉണ്ടായിരുന്നു. ആ മുറിയിൽനിന്നും കുട്ടി ചിരിച്ചുകൊണ്ടു പുറത്തേക്ക് വരുന്നത് കണ്ടതാണ്. പന്ത്രണ്ടുവയസ്സുള്ള കുട്ടി ഉയിർത്തെഴുന്നേറ്റത് കണ്ടതാണ്.

നയീൻ പട്ടണത്തിലൂടെ വിധവയുടെ മകന്റെ ശവശരീരം കൊണ്ടുപോവുകയായിരുന്നു. വിധവ കരഞ്ഞുകൊണ്ട് പിന്നാലെ പോകുന്നു. യേശു അവളോട്: “കരയേണ്ട” എന്നു പറഞ്ഞു. യേശു ശവമഞ്ചത്തിൽ തൊട്ടു. അവൻ എഴുന്നേറ്റിരുന്നു; മകനെ അമ്മയുടെ കൈയിലേൽപ്പിച്ചു. ആ യുവാവ് ഉയിർത്തെഴുന്നേറ്റ് അമ്മയുടെ കൈയിൽ പിടിച്ച് യേശുവിന്റെ കൂടെ നടക്കുന്നതും യൂദാ കണ്ടതാണ്. മരിച്ച് നാലാംനാൾ ഉയിർത്തെ

ഴുന്നേറ്റ ലാസറിനേയും യൂദാ കണ്ടു. കരം കൊടുക്കേണ്ടി വന്നപ്പോൾ, ചൂണ്ടൽ ഇട്ടു മീൻ പിടിച്ചതും വായിൽ നാല് ദ്രഹ്മ പ്പണം ഇരുന്നതും രണ്ടെണ്ണം നിനക്കും രണ്ടെണ്ണം എനിക്കും വേണ്ടി കൊടുപ്പിൻ എന്ന് പത്രോസിനോടു പറഞ്ഞതും അവൻ കണ്ടതാണ്.

ഭയങ്കരമായ കോളിളക്കമുള്ള കടലിന്റെ മീതെ യേശു നടന്നു വരുന്നത് കണ്ടതാണ്; യേശു കടലിനെ ശാന്തമാക്കി യത് കണ്ടതാണ്; എല്ലാം കണ്ടതാണ്.

ഞാനും ഭയപ്പെടുന്നു. എന്തെല്ലാം അതിശയങ്ങൾ കണ്ട താണ്! എന്റെ ജീവിതത്തിൽ അനേകം അത്ഭുതങ്ങൾ അനുഭ വിച്ചവനാണ്; അത്ഭുതരോഗസൗഖ്യം! അത്ഭുതകരമായ മാറ്റം! പിശാചിനെപ്പോലെ അലറുന്നവർ കുഞ്ഞാടുപോലെ ശാന്തരാ കുന്നത് ഞാൻ കണ്ടു. ആത്മഹത്യയ്ക്കുവേണ്ടി ഒരുങ്ങിയവർ ഇന്ന് സന്തോഷത്തോടെ നടക്കുന്നത് ഞാൻ കാണുന്നു. കടം വന്ന് വീർപ്പുമുട്ടി മരിക്കാൻ ഒരുങ്ങിയവർ ഇന്ന് സന്തോഷ ത്തോടെ ആർത്തുപാടി സ്തുതിക്കുന്നത് ഞാൻ കാണുന്നു.

ഭാര്യയെ തല്ലിക്കൊണ്ടിരുന്നവർ ഇന്ന് ചിരിച്ച് ആർത്ത് സന്തോഷത്തോടെ രണ്ടുപേരും യോഗത്തിലേക്ക് വരുന്നത് കാണുന്നു. അത്ഭുതങ്ങൾ യേശു പ്രവർത്തിക്കുന്നത് ഞാൻ കണ്ടു. യേശു മനുഷ്യരുടെ ഇടയിലൂടെ സഞ്ചരിക്കുന്നത് ഞാൻ കണ്ടു. കൊടുംക്രൂരപാപിയെ യേശു താലോലിക്കു ന്നത്, അവരെ ലാളിക്കുന്നത് ഞാൻ കണ്ടു. അനേകം അത്ഭുത ങ്ങൾ കണ്ടു. അതുകൊണ്ട് ഞാനും പേടിക്കുന്നു. അതു കൊണ്ട് എനിക്ക് ഒരപേക്ഷയുണ്ട്. നിങ്ങൾ ഇനി യേശുവിനെ കൂടാതെ പോകരുത്. യേശു ജീവിതത്തിലില്ലാതെ നിങ്ങൾ മുന്നോട്ടു പോകരുത്. യേശുവിനെ വിളിക്കാതെ പോകരുത്. മടുക്കരുത്, തളരരുത്. യേശുവിനെ ചേർത്തു നിർത്തിക്കൊ ള്ളൂ. അവൻ വിശ്വസിക്കാൻ കൊള്ളാകുന്നവനാണ്. സ്നേഹി ക്കാൻ കൊള്ളാകുന്നവനാണ്. അനുഗമിക്കാൻ കൊള്ളാകുന്ന

വനാണ്.

യേശു ജീവിതത്തിലേക്ക് വലിയ സൗഭാഗ്യങ്ങൾ തരുന്നവനാണ്. എല്ലാ നന്മകളുടെയും ഉറവിടമാണവൻ! കൃപകളുടെ നിധിയാണവൻ! സ്നേഹത്തിന്റെ നികേതനമാണവൻ! അവൻ കരുണാക്കടലാണ്! പാപം ക്ഷമിക്കുന്നവനാണ്! ശാപം നീക്കുന്നവനാണ്! ബന്ധനങ്ങൾ അഴിക്കുന്നവനാണ്! കോട്ടകൾ തകർക്കുന്നവനാണ്! കുടുംബസമാധാനം നൽകുന്നവനാണ്! പ്രശ്നങ്ങൾക്ക് പരിഹാരം തരുന്നവനാണ്! ഊരാക്കുടുക്കുകളിൽനിന്ന് മോചനം നൽകുന്നവനാണ്! ഇന്നും ജീവിക്കുന്നവനാണ്! ഈ യേശുവിനെക്കൂടാതെ ഇനി ഒരുനിമിഷം ജീവിക്കല്ലേ; യേശു നിങ്ങളെ അനുഗ്രഹിക്കും; സ്വർഗ്ഗസൗഭാഗ്യം തരും.

യൂദാ എല്ലാം കണ്ടു പക്ഷേ, നിർഭാഗ്യം! കണ്ടതിനൊന്നും അവൻ വിലകൊടുത്തില്ല; അവന്റെ അകത്തുള്ള ദ്രവ്യാഗ്രഹം മാറ്റിയില്ല; വേറെ വേണ്ടാതീനത്തിനൊന്നും പോയതായി കാണുന്നില്ല. യൂദാ, കൂട്ടായ്മയുടെ പണം സൂക്ഷിപ്പുകാരൻ, ട്രഷറർ ആയിരുന്നു. പണത്തിന്റെ ചുമതല അവനായിരുന്നു. ഇങ്ങനെയെല്ലാമുള്ള യൂദാ കർത്താവിനെ ഒറ്റിക്കൊടുത്തു.

പ്രിയപ്പെട്ടവരേ, നിങ്ങളാരും കർത്താവിനെ ഒറ്റിക്കൊടുക്കരുതേ! നിങ്ങൾ വചനം കേട്ടു. ചില സത്യങ്ങൾ ഗ്രഹിച്ചു. എന്നാൽ ഇതിനെക്കുറിച്ച് വളച്ചൊടിച്ച് തെറ്റായ രീതിയിൽ മറ്റുള്ളവരുടെ മുന്നിൽ പറഞ്ഞുകൊടുക്കരുത്. പരിഹസിക്കാൻ ഇടവരുത്തരുത്. മറ്റുള്ളവർ കർത്താവിനെ ക്രൂശിക്കാൻ ഇടവരുത്തരുത്.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്കു ലഭിച്ച അനുഗ്രഹത്തിന്റെ സമ്പത്ത് ഇഷ്ടംപോലെ തട്ടിത്തൂകാൻ ദുഷ്ടന്മാർക്ക് കൊടുക്കരുത്. “നിങ്ങളുടെ മുത്ത് പന്നികളുടെ മുന്നിൽ ഇടരുത്.” പന്നിക്ക് അറിഞ്ഞുകൂടാ മുത്തിന്റെ വില എന്താണെന്നുള്ളത്. പന്നി ചവിട്ടിക്കളയും, തിരിഞ്ഞ് നിങ്ങളെ ചീന്തിക്കളയു

കയും ചെയ്യും.

> *“വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്; അവ കാൽകൊണ്ട് അവയെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളകയും ചെയ്‌വാൻ ഇടവരരുത്.” മത്തായി 7 : 6*

യൂദായ്ക്ക് മാനസാന്തരപ്പെടാൻ പത്ത് അവസരം കൊടുത്തു. അവസാനത്തെ അവസരം, യൂദാ ഗത്സമനതോട്ടത്തിൽവച്ച് കർത്താവിനെ ചുംബിച്ചു; നേരത്തെ ഗൂഢാലോചനയുണ്ടായിരുന്നു; മഹാപുരോഹിതന്മാരോട് പറഞ്ഞിരുന്നു. മുപ്പത് വെള്ളിക്കാശ് തന്നാൽ ഞാൻ ഒറ്റിത്തരാം. എല്ലാവരും ഏതാണ്ട് ഒരുപോലെയാണിരിക്കുന്നത്. അതുകൊണ്ട് ഞാൻ ആരെ ചുംബിക്കുന്നുവോ അവനെ പിടിക്കേണം. യൂദാ ചെന്ന് യേശുവിനെ ‘റബ്ബീ’ എന്നു പറഞ്ഞ് ചുംബിച്ചു.

അപ്പോൾ കർത്താവ് ചോദിച്ചു: സ്നേഹിതാ, നീ വന്ന കാര്യം എന്ത്? കർത്താവിനറിയാം ഒറ്റിക്കൊടുക്കാനാണെന്ന്. ചുംബിച്ചത് തന്നെ കാണിച്ചുകൊടുക്കാനാണെന്ന്. കർത്താവ് ചോദിച്ചു: ചുംബനംകൊണ്ടോ മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്നത്? സ്നേഹചുംബനംകൊണ്ട് മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നുവോ?

യൂദാ അവിടെനിന്നു പോയി. അവനു സ്വസ്ഥതയില്ല; സമാധാനമില്ല. യേശുവിനെ ശിക്ഷയ്ക്കു വിധിച്ചു. കർത്താവിനെ പിടിച്ചു ക്രൂശിക്കാൻ ഏല്പിച്ചു. മൂന്ന് പ്രാവശ്യം “ഇവനിൽ ഒരു കുറ്റവും കാണുന്നില്ല” എന്ന് പീലാത്തോസ് വിധിച്ചു: “ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല, നിങ്ങൾ കൊണ്ടുപോയി ക്രൂശിപ്പിൻ!” എന്തിനാണ് കുറ്റമില്ലാത്തവനെ ക്രൂശിക്കുന്നത്? കയ്യാഫാവ് പറഞ്ഞു, ഹന്നാവ് പറഞ്ഞു, ഹെരോദാവ് പറഞ്ഞു; മാറിമാറി വിസ്തരിച്ചു, കുറ്റം ഒന്നും കാണുന്നില്ല; എന്തുപറഞ്ഞാണ് ശിക്ഷിക്കുന്നത്. “തൂക്കുക,

തൂക്കുക" എന്ന് എല്ലാവരും പറയുന്നു പക്ഷേ, ഒരു കുറ്റവും കാണുന്നില്ല.

ചിലർ കപടന്യായം പറയുന്നു. കൈസർക്ക് കരം കൊടുക്കണ്ട എന്ന് അവൻ പറയുന്നു; യേശു അങ്ങനെ പറഞ്ഞിട്ടില്ല; കൈസർക്കുള്ളത് കൈസർക്കും, ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ എന്നാണ് കർത്താവ് പറഞ്ഞത്. ദേവാലയം പൊളിക്കാൻ പറഞ്ഞു എന്ന് അവർ കുറ്റം ചുമത്തി. പക്ഷേ, ദേവാലയം പൊളിക്കാനല്ല തന്റെ ദേഹമെന്ന ആലയത്തെക്കുറിച്ചാണ് യേശു പറഞ്ഞത്. മൂന്നുദിവസംകൊണ്ട് താൻ ഉയിർത്തെഴുന്നേൽക്കും എന്നാണ് പറഞ്ഞത്. ഇല്ലാത്തത് ഉള്ളതുപോലെ ഉണ്ടാക്കിപ്പറഞ്ഞ് അങ്ങനെ കുറ്റംചാരി യേശുവിനെ ക്രൂശിക്കാൻ തീരുമാനിച്ചു.

യൂദായ്ക്ക് മനസ്സിലായി കർത്താവിനെ ക്രൂശിക്കും എന്ന്; അവന് സമാധാനമില്ല, സ്വസ്ഥതയില്ല. പാപം വന്നാൽ സ്വസ്ഥത പോകും. ജീവിതത്തിൽ അഴുക്ക് വന്നാൽ സ്വസ്ഥത പോകും. പാപമില്ലെങ്കിൽ തന്റേടമാണ്; ഒരുകാര്യത്തിലും പിശാചിന് അവകാശം പറയാനില്ലെങ്കിൽ നല്ല ധൈര്യമായിരിക്കും. അഴുക്കായ കാര്യത്തിന് കിട്ടുകയില്ലെങ്കിൽ, പരദൂഷണം പറയുകയില്ലെങ്കിൽ, പിന്നെ പേടിക്കേണ്ട ആവശ്യമില്ല. ഒരു സഭയ്ക്കും എതിരല്ല. ഒരു കൂട്ടായ്മയ്ക്കും എതിരല്ല. പിന്നെ പേടിക്കേണ്ടത് എന്തിനാണ്?

യൂദാ കണ്ടു യേശുവിനെ ശിക്ഷയ്ക്കു വിധിച്ചു എന്ന്.

> *"അവനെ ശിക്ഷക്കു വിധിച്ചു എന്ന് അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു: ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അത് ഞങ്ങൾക്ക് എന്ത്? നീ തന്നേ നോക്കിക്കൊൾക*

*എന്നു അവർ പറഞ്ഞു.”* *മത്തായി 27 : 3, 4*

ശരിയായ കുമ്പസാരമായിരുന്നു യൂദായുടേത്. എല്ലാ പാപവും ചെയ്തു എന്നല്ല ഏറ്റുപറഞ്ഞത്, കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു എന്നാണ് പറഞ്ഞത്. തുറന്നു പറഞ്ഞു. അപ്പോൾ: “അതു ഞങ്ങൾക്ക് എന്ത് നീ തന്നെ നോക്കിക്കൊൾക” എന്നു അവർ പറഞ്ഞു. നീ പാപം ചെയ്തെങ്കിൽ ഞങ്ങൾക്കെന്താ? ഞങ്ങളോട് പറയുന്നതെന്തിനാണ്?

എന്നാൽ യൂദാ മുപ്പതുവെള്ളിക്കാശ് തിരിച്ചുകൊണ്ടുവന്ന് കൊടുക്കാൻ നോക്കി. അവർ അത് വാങ്ങിയില്ല; നിനക്ക് അത് കൂലിയായിത്തന്നതാണ്. ഞങ്ങൾക്ക് വേണ്ട എന്നു പറഞ്ഞു. എന്നാൽ ആ കാശ് മന്ദിരത്തിലേക്ക് വലിച്ചെറിഞ്ഞ്, യൂദാ ചെന്ന് കെട്ടി ഞാന്നു ചത്തുകളഞ്ഞു. അവന്റെ കുടൽ എല്ലാം തുറിച്ചുപോയി എന്ന് വചനം പറയുന്നു.

“He died unchanged” സഹോദരങ്ങളേ, നാം മരിക്കുമ്പോൾ changed ആയി മരിക്കണം. സംതൃപ്തിയോടെ മരിക്കണം. പൗലോസ് ശ്ലീഹാ സംതൃപ്തിയോടെ മരിച്ചു. ധനവാനായ മനുഷ്യൻ ഒരുക്കമില്ലാത്തവനായി മരിച്ചു. He died unprepared. മറ്റൊരു ധനവാൻ മാനസാന്തരമില്ലാത്തവനായി മരിച്ചു. He died unrepented. ഇപ്പോൾ യൂദാ മാറ്റമില്ലാത്തവനായി മരിച്ചു. നാം മരിക്കുന്നത് എങ്ങനെയാണ്? പൗലോസ്ശ്ലീഹാ മരിച്ചതുപോലെ മരിക്കണം. He died contented.

ഞാൻ നല്ല പോരാട്ടം പോരാടി, ഞാൻ വിശ്വാസം കാത്തു, ഓട്ടം ഓടി തീർത്തു. നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസം എനിക്കു തരും. എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ. വേല തികച്ച്, വിശ്വാസം കാത്ത്, ഓട്ടം ഓടിത്തികച്ച് സംതൃപ്തിയോടെ അക്കരെദേശത്തേക്ക് കടന്നുചെല്ലണം. “ഇവിടെ കയറി വരുവിൻ” എന്നുള്ള ശബ്ദം കേൾക്കണം.

മാലാഖമാർ നമ്മെ എതിരേല്ക്കണം. നമ്മുടെ നാഥൻ ആ തൃക്കരം നീട്ടി നമ്മെ സ്വീകരിക്കും. നമ്മുടെ രക്ഷകന്റെ മുറിഞ്ഞ പാദം ചുംബിക്കും; തെരുതെരെ ചുംബിക്കും; അവന്റെ തൃക്കരം തലയിൽ വയ്ക്കും. “നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും” എന്നു പറയുന്ന ശബ്ദം നാം കേൾക്കും. സന്തോഷത്തോടെ അനുഗൃഹീത മായ ആ പറുദീസായിലേക്ക് നാം ചേർക്കപ്പെടും.

ഈ ഭാഗ്യം നിങ്ങൾക്ക് വേണ്ടേ എന്നാണ് കർത്താവ് ചോദിക്കുന്നത്. ഇന്ന് മാറ്റം വരട്ടെ. നിങ്ങളുടെ ജീവിതത്തിൽ കർത്താവ് അത്ഭുതം പ്രവർത്തിക്കട്ടെ, നിങ്ങളുടെ ഭാരങ്ങൾ കർത്താവ് ഏറ്റെടുക്കട്ടെ. ബന്ധനങ്ങൾ അഴിക്കട്ടെ, ക്ലേശങ്ങൾ നീക്കട്ടെ. കടഭാരങ്ങൾക്ക് പൊറുതി തരട്ടെ. പ്രശ്നങ്ങൾക്ക് ഒരു പരിഹാരം തരട്ടെ. നിങ്ങൾക്ക് സമാധാനജീവിതം തരട്ടെ. ഭാവി ശോഭനമാക്കിത്തീർക്കട്ടെ. അനുഗൃഹീതമായ നല്ല നാളെയി ലേക്ക് കുതിച്ച് നീങ്ങട്ടെ!

# ഏഴ്

*“യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു; എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു; ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം; അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം; അവൻ ധനം സമ്പാദിക്കുന്നു; ആർ അനുഭവിക്കും എന്നറിയുന്നില്ല.”*

*സങ്കീർത്തനങ്ങൾ 39 : 4 – 6*

ഞാൻ അക്കരെ കടന്നുചെല്ലുമ്പോൾ എനിക്ക് ഒരു ബിരുദം ലഭിക്കും! സ്വർഗ്ഗീയമായ ബിരുദം! അതാർക്കും അപഹരിക്കാൻ സാധിക്കുകയുമില്ല. ആരെല്ലാം അതെന്നിൽനിന്ന് എടുത്തുമാറ്റാൻ ശ്രമിച്ചാലും സാധിക്കുകയില്ല.

“ലഭിക്കും നിശ്ചയം എൻ വിരുതെനിക്ക്
ശത്രുക്കൾ ആരുമേ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ രാജൻ കൈയിൽനിന്നും
ദൂതന്മാരുടെ മദ്ധ്യത്തിൽ.”

രാജാധിരാജാവായ യേശുക്രിസ്തുവിന്റെ കൈകളിൽനിന്ന് ആ സ്വർഗ്ഗീയ ബിരുദം ഞാൻ പ്രാപിക്കും. അന്ന് ആ

അനുഗൃഹീത സമയത്ത് ഞാൻ മാനിക്കപ്പെടും; ഞാൻ ആദരിക്കപ്പെടും. ഞാൻ പരിഗണിക്കപ്പെടും. ഞാൻ സന്തുഷ്ടനായിത്തീരും. അനുഗൃഹീതമായ ഒരനുഭവത്തിൽ ഈ ഭൂമിയിൽ നിന്ന് കടന്നുപോകുന്ന ഒരാളുടെ ജീവിതം എത്ര ഭാഗ്യമുള്ളത്!

ഒരുദിവസം നാം ഈ ഭൂമിയിൽനിന്ന് കടന്നുപോകും, അതിനു സംശയമില്ല. നമ്മുടെ പ്രിയപ്പെട്ടവർക്ക് ദു:ഖത്തോടെ നിൽക്കുവാനേ സാധിക്കുകയുള്ളൂ. നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവർ, ഭാര്യയാകാം, ഭർത്താവാകാം, അമ്മയാകാം, മക്കളാകാം എല്ലാവർക്കും ശ്വാസമടക്കിപ്പിടിച്ച് അതിദു:ഖത്തോടെ നോക്കി നിൽക്കാം എന്നല്ലാതെ അതിനപ്പുറത്ത് ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

മരണത്തിന്റെ അതിർത്തിയിൽ ചെല്ലുമ്പോൾ ഏകനായി വന്ന മനുഷ്യൻ ഏകനായി അക്കരയ്ക്ക് കടന്നുപോകും. ഇവിടെ എന്തെല്ലാം നേടിയെന്നുള്ളതിന് യാതൊരു പ്രസക്തിയുമില്ല. എന്തെല്ലാം സമ്പാദിച്ചു എന്നുള്ളതിനും യാതൊരു പ്രാധാന്യവുമില്ല. എന്തെല്ലാമുണ്ടെങ്കിലും എല്ലാം വിട്ടുപോകും.

“മനുഷ്യൻ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം. അവൻ ധനം സമ്പാദിക്കുന്നു. ആർ അനുഭവിക്കും എന്നറിയുന്നില്ല.” നാം ഇവിടെ സമ്പാദിച്ചതും നേടിയതുമെല്ലാം ഇവിടെത്തന്നെ. ഒന്നും അക്കരയ്ക്ക് കൊണ്ടുപോകയില്ല. “യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കണമേ; ഞാൻ എത്ര ക്ഷണികൻ എന്ന് അറിയുമാറാകട്ടെ.”

വളരെ ക്ഷണികമായ ജീവിതം! താത്ക്കാലികമായ ജീവിതം! നശ്വരമായ ജീവിതം! എല്ലാം വിട്ട് നാം പോകും. നാമെല്ലാവരും ആ പ്രത്യേക നിമിഷത്തെ അഭിമുഖീകരിച്ചേ പറ്റൂ. അതൊഴിവാക്കാൻ ആർക്കും സാധിക്കയില്ല.

പണ്ട് റഷ്യൻ ഭരണാധികാരിയായിരുന്ന സ്റ്റാലിൻ ആഗ്ര

ഹിച്ചു മരണത്തെ ഒഴിവാക്കണമെന്ന്. സ്റ്റാലിൻ, തന്റെ സ്ഥാനം ഉറപ്പിക്കാൻവേണ്ടി എതിരാളികളായിരുന്ന പലരേയും കൊന്നൊടുക്കി. വളരെ സമർത്ഥന്മാരായ ഉന്നത ഉദ്യോഗസ്ഥന്മാരെയെല്ലാം കൊന്നൊടുക്കി. എന്നും രാവിലെയും വൈകുന്നേരവും അദ്ദേഹത്തിന്റെ Personal Doctor അദ്ദേഹത്തെ പരിശോധിക്കുമായിരുന്നു. മരണം ഒഴിവാക്കിക്കിട്ടണം. അതിനുവേണ്ടി എന്തെല്ലാം ചെയ്യാമോ, അതൊക്കെ ചെയ്യാൻ നോക്കി. പക്ഷേ, അദ്ദേഹത്തിന് മരണത്തെ ഒഴിവാക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ അവസാനസമയത്തെക്കുറിച്ച് അദ്ദേഹത്തിന്റെ മകൾ Swetlana Stalin ഒരു പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്; സ്റ്റാലിന്റെ അവസാന നിമിഷങ്ങൾ ഏറ്റവും നിരാശ മുറ്റിയതായിരുന്നു. ഒരു കാരണവുമില്ലാതെ അന്തരീക്ഷത്തിലേക്ക് കൈവീശി മുഷ്ടി ചുരുട്ടി ഇടിയ്ക്കുകയും എന്തെല്ലാമോ ആക്രോശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഉച്ചത്തിൽ ചിലപ്പോൾ മുറവിളി കൂട്ടും. ചിലപ്പോൾ ഭയത്തോടെ കരയും. അതിദീനമായ കരച്ചിൽ! ഒരു സമാധാനവുമില്ലാതെ അദ്ദേഹം പുളഞ്ഞു. മരണമടുത്തപ്പോൾ തീർത്തും അസ്വസ്ഥനായിത്തീർന്നു. എന്തെല്ലാമായിരിക്കാം അദ്ദേഹത്തിന്റെ മുമ്പിൽ വന്നത്? അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്ന വികാരാവേശങ്ങൾ എന്തെല്ലാമായിരുന്നു? ഭയപ്പാടും ഭീതിയും ആശങ്കയും കരിനിഴൽ വീശിയ സമയം. സ്റ്റാലിൻ അതീവ ദു:ഖത്തോടെ ഈ ഭൂമിയിൽനിന്ന് കടന്നുപോയി.

ഹിറ്റ്ലർ ഒരു വലിയ ഭരണാധികാരിയായിരുന്നു, അദ്ദേഹം ധരിച്ചുവച്ചിരുന്നത് ആർക്കെങ്കിലും ഒരാളോട് സഹതാപം തോന്നിയാൽ അയാൾ ബലഹീനനായി എന്നാണ്.

ഒരാൾക്ക് വേറെയൊരു രോഗിയായ മനുഷ്യനോടോ, വേദനിക്കുന്ന മനുഷ്യനോടോ സഹതാപം തോന്നിയാൽ, ആ സഹതാപം തോന്നിയ ആൾ അവശനായി, ബലഹീനനായി എന്ന്. അതുകൊണ്ട് രോഗികളെയും അവശന്മാരെയും അദ്ദേഹം കൊന്നൊടുക്കി. മാത്രമല്ല, പ്രായമായവരെയെല്ലാം കൊന്നൊ

ടുക്കി വീരന്മാരുടെ ഒരു സമൂഹത്തെ വാർത്തെടുക്കാൻ അയാൾ ശ്രമിച്ചു.

പക്ഷേ, അവസാനസമയമായപ്പോഴേക്കും ഹിറ്റ്ലറും അമ്പരപ്പിലായി. ഹിറ്റ്ലറും കരഞ്ഞു, ആക്രോശിച്ചു, മുറവിളി കൂട്ടി. സമാധാനത്തോടെ മരണത്തെ നേരിടുവാൻ സാധിച്ചില്ല. ഹിറ്റ്ലർ അത്യന്തം നിരാശയോടെ കടന്നുപോയി.

ലോകചരിത്രത്തിലെ ഒരു വലിയ ചിന്തകനായിരുന്നു വോൾട്ടയർ. അദ്ദേഹം മരിക്കാൻ കിടന്നപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതരും ശിഷ്യന്മാരുമായി വലിയയൊരു കൂട്ടം അദ്ദേഹത്തിന്റെ ചുറ്റുമുണ്ടായിരുന്നു. അവരോട് പറഞ്ഞു: എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു ക്രിസ്തുഭക്തനെ വിളിച്ചു കൊണ്ടുവരാമോ? അവർ ചോദിച്ചു: അങ്ങെന്താണീ പറയുന്നത്? ക്രിസ്തുഭക്തനോ? അങ്ങ് ക്രിസ്തുവിനെ നിഷേധിച്ച ആളല്ലേ? അങ്ങ് വേദപുസ്തകത്തെ തള്ളിപ്പറഞ്ഞ ആളല്ലേ? അങ്ങ് ക്രിസ്തുമതത്തെ നിരസിച്ച ആളല്ലേ? അങ്ങ് ദൈവവിശ്വാസത്തെ ഏറ്റവും വലിയ പാപ്പരത്വമാണെന്ന് വിശേഷിപ്പിച്ച ആളല്ലേ? ഇപ്പോൾ ക്രിസ്തുഭക്തനെ വിളിച്ചുകൊണ്ടുവരികയോ?

അദ്ദേഹം പറഞ്ഞു: വയ്യ, എനിക്ക് വയ്യ. എനിക്ക് സാധിക്കുന്നില്ല. ഞാൻ അഗാധങ്ങളിലേക്ക് താണുതാണ് പോകുന്നു. ഞാനിപ്പോഴാണ് ജീവിതം എന്താണെന്ന് മനസ്സിലാക്കുന്നത്. നഷ്ടമായിപ്പോയി. I'am lost and I'm lost. ഞാൻ നഷ്ടപ്പെട്ടുപോയി, ഞാൻ നഷ്ടപ്പെട്ടുപോയി. അദ്ദഹം പിന്നെയും പറഞ്ഞു: ദൈവം എന്നെ ഉപേക്ഷിച്ചു. നിങ്ങളുമെന്നെ ഉപേക്ഷിച്ചുവോ?

ഇല്ല. ഞങ്ങൾ വിളിച്ചുകൊണ്ടുവരില്ല. ഇതുവരെയും നിരീശ്വരത്വം പ്രഖ്യാപിച്ച അങ്ങ് ഇപ്പോൾ ദൈവവിശ്വാസം പറയാൻ തുടങ്ങിയാൽ, ഈ മരണനേരത്ത് പറയുന്ന ദൈവവിശ്വാസത്തിനു വലിയ പ്രസക്തിയൊന്നുമില്ല. ഞങ്ങൾ പോവില്ല. അദ്ദേഹം കുറേനേരം കണ്ണടച്ചുകിടന്നു. മരണവെപ്രാളം പൂണ്ട് വീണ്ടും

ഞെട്ടിയുണർന്നു. പിന്നെയും ഉച്ചത്തിൽ നിലവിളിക്കുകയും മുറവിളി കൂട്ടുകയും ചെയ്തു.

അയ്യോ! ഞാൻ താണുതാണ് പോകുന്നല്ലോ. നരകത്തിന്റെ ഭീകരാഗ്നിയിലേക്ക് ഞാൻ താണുപോകുന്നല്ലോ. "Oh, I am sinking deep deep into the fire of hell, who can rescue me from this fire of hell?" നരകത്തിന്റെ തീയിലേക്ക് ഞാൻ താണുതാണു പോകുന്നു. എന്നെ ആര് രക്ഷിക്കും? ആർക്കെന്നെ രക്ഷി ക്കാൻ കഴിയും?

അദ്ദേഹം ഡോക്ടറോട് ചോദിച്ചു: ഡോക്ടറെ, എനിക്ക് ആറുമാസം ആയുസ്സ് നീട്ടി തരാമോ? ഡോക്ടർ ചോദിച്ചു: എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? എന്തിനാണ് ആറുമാസം? ഡോക്ടറെ, എന്റെ ആയുസ്സ് മുഴുവനും ദൈവവിശ്വാസത്തെ തള്ളിപ്പറഞ്ഞ മനുഷ്യനാണ് ഞാൻ. ദൈവമില്ലെന്ന് വാദിച്ച മനുഷ്യനാണ്. അതിനുള്ള ന്യായങ്ങളും യുക്തിപൂർവ്വം കണ്ടു പിടിച്ചു. പക്ഷേ, ഇപ്പോൾ എനിക്ക് സമാധാനമില്ല. ഒരു ആറ് മാസമെങ്കിലും ദൈവം വാസ്തവമായിട്ടുണ്ടെന്ന് മാത്രമല്ല, ക്രിസ്തുവാണ് സാക്ഷാൽ ദൈവമെന്നും ക്രിസ്തുവിനെ വിശ്വ സിച്ചാൽ മാത്രമേ രക്ഷയുള്ളൂ എന്ന് പ്രഖ്യാപിക്കണമെന്നും എ നിക്ക് ഒരാഗ്രഹമുണ്ട്. ഒരു ആറുമാസം!

ഡോക്ടർ പറഞ്ഞു: Medical Science അനുസരിച്ച് നിങ്ങൾക്ക് ആറുമാസമല്ല, ആറാഴ്ചപോലും ആയുസ്സുള്ളതായി കാണുന്നില്ല. അദ്ദേഹം പിന്നെയും നിരാശയോടെ നിലവിളിച്ചു. അദ്ദേഹം ഏറെനേരം കരഞ്ഞുകൊണ്ടിരുന്നു. അവസാനം അദ്ദേഹം തീർത്തും അവശനായി, നിരാശനായി, ഭയപ്പാടോടെ, ഭീതിയോടെ കണ്ണടച്ചു.

അദ്ദേഹത്തെ ശുശ്രൂഷിച്ച നഴ്സ് പറഞ്ഞു: ഈ ഫ്രാൻസിലെ സ്വത്ത് മുഴുവൻ എനിക്ക് തന്നാലും ശരി, ഇനി ഞാനൊരു നിരീശ്വരനെ മരണക്കിടക്കയിൽ ശുശ്രൂഷിക്കയില്ല. വയ്യ, എനിക്ക് ആ വേദന കാണാൻ. എനിക്ക് വയ്യ ആ ദുരിതം

കാണാൻ. എന്തെല്ലാം എനിക്ക് തന്നാലും ഒരു നിരീശ്വരനെ മരണക്കിടക്കയിൽ ഞാൻ ശുശ്രൂഷിക്കയില്ല.

ജീവിതത്തിൽ നാം ഓരോരുത്തരും മരണത്തെ അഭിമുഖീകരിക്കും. എന്നാണെന്ന് അറിഞ്ഞുകൂടാ. ഒരുപക്ഷേ, ഇന്ന് രാത്രിതന്നെ ആയിക്കൂടെന്നില്ല. അല്ല, നാളുകൾ കഴിഞ്ഞായിക്കൂടെന്നില്ല. അതാണ് സങ്കീർത്തനക്കാരൻ പറയുന്നത്: “യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കണമെ. ഞാനെത്ര ക്ഷണികനെന്ന് ഞാനറിയുമാറാകട്ടെ.”

മരണം ഒരു യാഥാർത്ഥ്യമാണ്. മരണശേഷം നിത്യതയും ഒരു യാഥാർത്ഥ്യമാണ്. നമുക്ക് ദേഹമുണ്ട്, ദേഹിയുണ്ട്, ആത്മാവുണ്ട്.

ശരീരത്തിന് മരണമുണ്ട്. ആത്മാവിന് മരണമില്ല. അനന്തതയിൽ രണ്ട് രാജ്യമുണ്ട്. ഒന്ന്, സ്വർഗ്ഗരാജ്യം. മറ്റൊന്ന് നരകം. ഈ ഭൂമിയിലുള്ള എല്ലാവരും സ്വർഗ്ഗത്തിൽ എത്തണമെന്നാണ് സ്രഷ്ടാവായ ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമുണ്ടായിരുന്ന മനുഷ്യൻ ദൈവത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തി; ദൈവസ്നേഹത്തിന്റെ സ്വരൂപം നഷ്ടപ്പെടുത്തി. മനുഷ്യൻ പാപം ചെയ്തു പോയതുകൊണ്ട് പിശാചിന് സദൃശമായിത്തീർന്നു. അങ്ങനെ പിശാചിനോട് സാദൃശനായിത്തീർന്ന മനുഷ്യൻ മരണശേഷം നേരെ നരകത്തിലേക്ക് പോകും.

എന്നാൽ പിശാചിനോട് സാദൃശ്യമുള്ളവനായി, പിശാചിന്റെ ദാസനായി, പിശാചിന്റെ അടിമയായി, പിശാചിന്റെ മകനായി കഴിഞ്ഞിരുന്ന മനുഷ്യൻ ഭാഗ്യവശാൽ മാനസാന്തരപ്പെട്ട്, വീണ്ടുംജനനം പ്രാപിച്ച് ക്രിസ്തുവിന്റെ വകയായിത്തീർന്നാൽ മരണശേഷം അവൻ നിത്യസ്വർഗ്ഗത്തിലേക്കെടുക്കപ്പെടും.

നിത്യസ്വർഗ്ഗത്തിലേക്കോ നിത്യനരകത്തിലേക്കോ, എവി

ടേക്കാണ് നാം പോകുന്നത് എന്ന് നിർണ്ണയിക്കപ്പെടുന്നതിനുള്ള ഒരു ന്യായവിധി ദിവസമുണ്ട്. ആ ന്യായവിധി ദിവസം നാം ഓരോരുത്തരും ന്യായവിസ്താരത്തിന്റെ മുമ്പിൽ ചെല്ലേണ്ടിവരും. ന്യായാധിപതിക്ക് മുഖപക്ഷമില്ല.

ഇവിടെ എത്രകാലം ദൈവവേല ചെയ്തവനാണെന്ന് നോക്കുകയില്ല. ഇവിടെ എങ്ങനെ ജീവിച്ചവനാണെന്ന് നോക്കുകയില്ല. രാജാധിരാജനായ ക്രിസ്തുവിന്റെ ഛായയുണ്ടോ എന്നു മാത്രം നോക്കും. യേശുക്രിസ്തുവിന്റെ സ്വരൂപവും സാദൃശ്യവുമുണ്ടോ എന്നു നോക്കും. യേശുക്രിസ്തുവിന്റെ സ്വരൂപവും സാദൃശ്യവുമുണ്ടെങ്കിൽ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കാം. ഇല്ലെങ്കിൽ നരകത്തിലേക്ക് പോകാം.

ഏതൊരു മനുഷ്യനും ഇതെല്ലാം അഭിമുഖീകരിച്ചേ പറ്റുകയുള്ളൂ. ഇന്ന് ഈ ഭൂമിയിൽ ജീവിക്കുമ്പോൾ ഇതെല്ലാം നമുക്ക് മനസ്സിലാക്കുവാൻ ഇടയാകുന്നത് ദൈവത്തിന്റെ വചനമുള്ളതുകൊണ്ടാണ്. “The Holy Word of God.” ദൈവത്തിന്റെ വിശുദ്ധ വചനമുള്ളതുകൊണ്ട് നമുക്ക് എല്ലാം മനസ്സിലാക്കുവാൻ സാധിക്കുന്നു. യേശുക്രിസ്തു എല്ലാം നമുക്ക് വെളിവാക്കി തന്നിട്ടുണ്ട്. കർത്താവിന്റെ വിശുദ്ധന്മാരും അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഇതെല്ലാം മനസ്സിലാക്കി തന്നിട്ടുണ്ട്. അതുകൊണ്ട് നമുക്കിതെല്ലാം മനസ്സിലാകും.

ഈ ഭൂമിയ്ക്ക് അപ്പുറമൊരു ജീവിതമുണ്ടെന്നും, അപ്പുറമുള്ള ജീവിതം നരകമാണോ സ്വർഗ്ഗമാണോ എന്നും തീരുമാനിക്കാനുള്ള അവകാശം നമുക്കോരോരുത്തർക്കുമാണ്. എനിക്ക് നരകമാണോ സ്വർഗ്ഗമാണോ വേണ്ടത് എന്ന് തീരുമാനിക്കാനുള്ള അവകാശം എനിക്കാണ്; എന്റെ മക്കൾക്കല്ല, എന്റെ ഭാര്യയ്ക്കല്ല, എന്റെ മാതാപിതാക്കൾക്കല്ല, മറ്റാർക്കുമല്ല. ഞാൻ തന്നെയാണത് തീരുമാനിക്കേണ്ടത്.

അതിനു ഞാൻ ചെയ്യേണ്ടത് ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ഞാൻ ക്രിസ്തുവിന്റെ ഛായ പ്രാപിക്കുക. യേശു

ക്രിസ്തുവിന്റെ സ്വരൂപവും സാദൃശ്യവും പ്രാപിക്കുക. ആ അനുഭവത്തിലേക്ക് നാം വരാൻ വേണ്ടിയാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. യേശുക്രിസ്തു ക്രൂശിൽ മരിച്ച് തന്റെ തിരുരക്തത്താൽ നമ്മെ വീണ്ടെടുത്തു.

നാം ഓരോരുത്തരും വീണ്ടുംജനനം അനുഭവിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. അമ്മയുടേയും അപ്പന്റെയും മകനായി, മകളായി, ഈ ഭൂമിയിൽ ജനിച്ച നാമോരോരുത്തരും ദൈവത്തിന്റെ മകനും മകളുമായിത്തീരുവാൻ ഈ ആയുഷ്കാലത്ത് കഴിയുമെന്ന് കർത്താവ് തെളിയിച്ചു. അതിനുവേണ്ടിയാണ് കർത്താവ് ക്രൂശിൽ മരിച്ചത്.

മരിച്ച് കടന്നുചെല്ലുമ്പോൾ നല്ലവനും വിശ്വസ്തനുമായ ദാസനേ, എന്ന വിളി കേൾക്കണം. പിതാവായ ദൈവത്തിൽ നിന്നും ബിരുദം പ്രാപിക്കണം. വിരുത് പ്രാപിക്കണം. പിതാവായ ദൈവത്തിൽനിന്നും സ്വർഗ്ഗീയ ഡിഗ്രി സമ്പാദിക്കണം. ഇവിടെ നമുക്ക് B.A., B.Com., B.Sc., M.Sc., Ph.D., MBBS, B.Tech. തുടങ്ങിയ ഡിഗ്രികളെല്ലാം നല്ലതുപോലെ അദ്ധ്വാനിച്ച് പഠിച്ചു കിട്ടി. ഇവിടുത്തെ ഡിഗ്രിയെല്ലാം മരണത്തോടെ തീരും. എന്തുമാത്രം വിജ്ഞാനം സമ്പാദിച്ചാലും മരണത്തോടെ എല്ലാം തീരും.

എത്ര മഹാജ്ഞാനിയായാലും മരിക്കുമ്പോൾ ആ ജ്ഞാനമെല്ലാം സമാഹരിച്ചു വച്ചിരുന്ന തലച്ചോറ് മുഴുവനും നിർജ്ജീവമായിത്തീരും. ഒന്നും പിന്നെ പ്രയോജനപ്പെടുകയില്ല. ബുദ്ധി നിർജ്ജീവമായി. എല്ലാം തീർന്നു.

എന്നാൽ കടന്നുചെല്ലുമ്പോൾ നമുക്ക് ബിരുദം പ്രാപിക്കണം.

രാജാധിരാജനായ ക്രിസ്തുവിന്റെ കരങ്ങളിൽനിന്നും എനിക്ക് ഈ ബിരുദം കിട്ടും. കടന്നുചെല്ലുമ്പോൾ കിട്ടുന്ന ബിരുദം എന്താണ്? “നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധിക

ത്തിനു വിചാരകനാക്കും." നല്ല ബിരുദമാണ്.

അല്പത്തിൽ നീ വിശ്വസ്തനായിരുന്നു. ഒരു ചെറിയ കാലം ഈ ഭൂമിയിൽ നീ ജീവിച്ചു. അന്ന് നീ വിശ്വസ്തനായി ജീവിച്ചു. നിന്നെ ഏല്പിച്ച സമയം നീ വിശ്വസ്തതയോടെ കൈകാര്യം ചെയ്തു. നിന്നെ ഏല്പിച്ച പണം നീ വിശ്വസ്തത യോടെ കൈകാര്യം ചെയ്തു. നിനക്കു ഞാൻ തന്ന നിന്റെ ശരീരം നീ വിശ്വസ്തതയോടെ കൈകാര്യം ചെയ്തു.

നിനക്കു ഞാൻ തന്ന നിന്റെ കുടുംബം നീ വിശ്വസ്തത യോടെ കൈകാര്യം ചെയ്തു. നല്ലവനും വിശ്വസ്തനുമായ ദാസനെ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. വലിയോരു മഹത്വത്തിലേക്ക് ഞാൻ നിന്നെ പ്രവേശിപ്പിക്കുകയാണ്. അധി കത്തിനു ഞാൻ നിന്നെ വിചാരകനാക്കും. ഇതാണ് ലഭിക്കുന്ന ബിരുദം.

ഒരു മിഷനറി ഉണ്ടായിരുന്നു. 'Peter Milne'. 'ന്യൂ ഹീബ്രിഡ്സ്' എന്ന ഒരു ദ്വീപിൽ അദ്ദേഹം സുവിശേഷം പ്രസം ഗിക്കാൻ ചെന്നു. അദ്ദേഹം കുറേനാൾ അവിടെ ദൈവത്തിന്റെ വചനം പറഞ്ഞു. ത്യാഗോജ്ജ്വലമായ ജീവിതമാണ് അവിടെ അദ്ദേഹം നയിച്ചത്.

അദ്ദേഹം മരിച്ചുകഴിഞ്ഞപ്പോൾ ആ ശവകുടീരത്തിൽ ആ നാട്ടുകാർ എഴുതിവച്ചു: 'When he came, there was no light here; And when he died, there was no darkness here."

"അദ്ദേഹം വന്നപ്പോൾ ഇവിടെ ഒട്ടും വെളിച്ചമുണ്ടായിരു ന്നില്ല. അദ്ദേഹം മരിച്ചപ്പോൾ ഇവിടെ ഒട്ടും ഇരുട്ടും ഉണ്ടായിരു ന്നില്ല."

അതൊരു നല്ല സാക്ഷ്യപത്രമാണ്; ഒരു നല്ല ബിരുദമാണ്. പക്ഷേ, മനുഷ്യൻ കൊടുത്ത ബിരുദമാണത്. സ്വർഗ്ഗത്തിലെ ദൈവം നമുക്ക് ബിരുദം തരണം. ഒരു സെക്കന്റ് ചിന്തിക്കൂ, ഇന്ന് ഞാൻ കടന്നുപോയാൽ, കർത്താവായ യേശുക്രിസ്തു വിന്റെ നിത്യതേജോമയമായ സിംഹാസനത്തിനു മുമ്പാകെ

ഞാൻ ചെന്നാൽ, അപ്പോൾ കർത്താവേ, നീ എന്നോട് എന്ത് പറയും? "നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന് നീ വിളിക്കുമോ? അതോ ദുഷ്ടദാസനേ എന്നു വിളിക്കുമോ?

ഒന്നുകിൽ 'നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്ന് നീ വിളിക്കും. അല്ലെങ്കിൽ 'ദുഷ്ടദാസനേ' എന്നു വിളിക്കും. ദുഷ്ടദാസനെ കൈയുംകാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയുമെന്ന് വേദപുസ്തകം പറയുന്നു. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും!

ഇന്ന് ഇതൊന്നും നമുക്ക് മനസ്സിലാകുകയില്ല. അന്ന് കട ന്നുചെല്ലുമ്പോൾ എല്ലാം മനസ്സിലാകും. അന്ന് അത്ഭുതപ്പെടും. ഭൂമിയിൽ വച്ച് ഇതെല്ലാം കേട്ടതായിരുന്നുവല്ലോ എന്ന് അന്ന് ഓർക്കും.

അപ്പൊസ്തലനായ പൗലോസ് സംതൃപ്തനായി മരിച്ചു. നമുക്കും സംതൃപ്തിയോടെ മരിക്കാൻ സാധിക്കണം.

എപ്പോഴാണ് എങ്ങനെയാണ് മരിക്കുന്നതെന്ന് ആർക്കും അറിഞ്ഞുകൂടാ. എപ്പോൾ മരിച്ചാലും "He died contented" എന്ന് അപ്പൊസ്തലനെക്കുറിച്ച് പറയുന്നതുപോലെ നാം സംതൃപ്തരായി മരിക്കണം.

## എട്ട്

1. അപ്പൊസ്തലനായ പൗലോസ് മരിച്ചു. “He died contented.'' സംതൃപ്തനായി മരിച്ചു.
2. ധനവാൻ മരിച്ചു. “He died unprepared.” ഒരുക്കമില്ലാത്തവനായി മരിച്ചു.
3. ധനവാന്റെയും ലാസറിന്റെയും സംഭവത്തിൽ ധനവാൻ മരിച്ചു. “He died unconverted” - മാനസാന്തരപ്പെടാത്തവനായി മരിച്ചു.
4. യൂദാ മരിച്ചു.“He died unchanged” – മാറ്റമില്ലാത്തവനായി മരിച്ചു.

ക്രൂശിന്റെ വലത്തും ഇടത്തും ഓരോ കള്ളൻ ഉണ്ടായിരുന്നു. അവർ രണ്ടുപേരും കർത്താവിനെ ദുഷിച്ചു. കാരണം, അവർ യേശുവിനെക്കുറിച്ച് മോശമായതേ കേട്ടിട്ടുള്ളൂ. അവർ കൊള്ളയും കലഹവും കൊലപാതകവും വൃത്തികെട്ട ജീവിതവുമായി ആ നാട്ടിലൂടെ സഞ്ചരിച്ചു. ആ കാലത്ത് യേശുവിനെക്കുറിച്ച് കേട്ടതെല്ലാം ചീത്തവാക്കുകളാണ്. അവരും അതെല്ലാം വിശ്വസിച്ചു.

മഹാപുരോഹിതന്മാർ യേശുവിനെ കളിയാക്കുന്നു. യെരൂശലേം ദൈവാലയത്തിലെ മഹാപുരോഹിതന്മാർ യേശുവിനെക്കുറിച്ച് ചീത്ത പറയുന്നു. അവിടെയുള്ള മഹാപണ്ഡിതന്മാരായ ശാസ്ത്രിമാർ യേശുവിനെ കുറ്റം പറയുന്നു. മതതീക്ഷ്ണതയുള്ള പരീശന്മാർ യേശുവിനെ കുറ്റം പറയുന്നു. അവിടെയുള്ള രാഷ്ട്രീയചായ്വുള്ള സദൂക്യർ യേശുവിനെ കുറ്റം പറ

യുന്നു. യേശുവിനെക്കുറിച്ച് നല്ലതൊന്നും അവർ കേൾക്കുന്നില്ല.

കൊള്ളക്കാരാണ്. ഭൂമിയിൽ ജീവിച്ചപ്പോൾ യേശുവിനെക്കുറിച്ച് നല്ലതൊന്നും പറഞ്ഞ് അവർ കേട്ടിട്ടില്ല. അതുകൊണ്ട് അവർ ക്രൂശിൽ കിടന്നുപിടയുമ്പോഴും യേശുവിനെ ദുഷിച്ചു. ദുഷിച്ചിട്ട് പ്രയോജനമൊന്നും ഉണ്ടായിട്ടല്ല. അവരുടെ മനസ്സിൽ അടിഞ്ഞുകൂടിയ ചില ആശയങ്ങൾ അപ്പോൾ പൊന്തിവന്നു.

പക്ഷേ, ഒരു സമയത്ത് യേശു പ്രാർത്ഥിച്ചു: "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവരറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ." അത് വലതുഭാഗത്തെ കള്ളനെ ചിന്തിപ്പിച്ചു. ഇങ്ങനെ എങ്ങനെ പ്രാർത്ഥിക്കും? ഇപ്പോൾ ഈ വേദനയേറ്റു പിടയുമ്പോൾ, പുറം ഉഴവുചാലുപോലെ കീറി ചാട്ടവാറേറ്റു പിടയുമ്പോൾ, ശരീരത്തിൽ ആ അഞ്ച് മുറിവുകളിൽക്കൂടെ രക്തം ധാരധാരയായി ഒഴുകുമ്പോൾ, മുഖത്ത് തുപ്പലേറ്റ്, കവിളത്ത് അടിയേറ്റ്, ശിരസ്സിൽ മുൾമുടിയേറ്റ് ദുരിതത്തിന്റെ പ്രതീകമായി കുരിശിൽ കിടന്ന് പിടയുമ്പോൾ എങ്ങനെ ഇങ്ങനെ പ്രാർത്ഥിക്കാൻ പറ്റും? ഇതെല്ലാം ചെയ്തവർക്കുവേണ്ടി പ്രാർത്ഥിക്കാൻ എങ്ങനെ സാധിക്കും?

"He died repented." അവൻ അനുതപിച്ചവനായി മരിച്ചു. അവൻ ഭാഗ്യവാനായി മരിച്ചു. അവൻ പറഞ്ഞു: "മശിഹാ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെക്കൂടെ ഒന്നു ഓർത്തുകൊള്ളണമേ." യേശുവിന്റെ പ്രാർത്ഥന കേട്ടപ്പോൾ വലതുഭാഗത്തെ കള്ളൻ യേശുവിനെ തിരിഞ്ഞുനോക്കി. നല്ലതുപോലെ കണ്ടു. ഇതുവരെയും മഹാപുരോഹിതന്മാർ പറഞ്ഞതുപോലെയല്ലല്ലോ എന്ന് അവനു മനസ്സിലായി.

പള്ളിയിൽ നിന്ന് പ്രഖ്യാപിച്ച, പള്ളി മദ്ബഹായിൽനിന്നു പറഞ്ഞുകേട്ട കാര്യങ്ങൾ പോലെയല്ലല്ലോ ഇപ്പോൾ ഈ കുരിശിന്മേൽ കിടക്കുന്നവന്റെ സ്വഭാവം കണ്ടിട്ട്! ആ കള്ളൻ അനുതപിച്ചു. "He died repented." അവൻ അനുതാപത്തോടുകൂടി

മരിച്ചു. സന്തോഷത്തോടെ മരിച്ചവരുണ്ട്. വേദനയോടെ, നിർഭാഗ്യത്താൽ മരിച്ചവരുണ്ട്. നമുക്ക് മരണത്തെ നേരിടണം. എപ്പോഴും ഒരുങ്ങിയിരിക്കണം. Converted ആയിരിക്കണം. Repented ആയിരിക്കണം. Contented ആയിരിക്കണം. അങ്ങനെ കടന്നുപോകാൻ സാധിക്കണം. ഇല്ലെങ്കിലോ നാം നിരാശാഭരിതരായിപോകും. നാം unconverted ആയി പോകും. മാത്രമല്ല നാം unprepared ആയിരിക്കും. നാം ഒരുക്കമില്ലാത്തവരായിരിക്കും. അത് നമുക്ക് വരരുത്.

> *"പുലർച്ചയ്ക്കു മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും എല്ലാം യേശുവിനെ കൊല്ലുവാൻ കൂടി വിചാരിച്ചു, അവനെ ബന്ധിച്ചുകൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏല്പിച്ചു. അവനെ ശിക്ഷയ്ക്കു വിധിച്ചു എന്നു അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു: ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അത് ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക എന്നു അവർ പറഞ്ഞു."*
>
> *മത്തായി 27: 1 – 4*

അയ്യോ, ഞാൻ പാപം ചെയ്തുപോയല്ലോ. ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു. മഹാപുരോഹിതന്മാർ പറഞ്ഞു: അത് നിന്റെ കാര്യം. നീ പാപം ചെയ്തോ എന്നു നീ നോക്കിയാൽ മതി. ഞങ്ങളോട് പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങളോട് പറഞ്ഞാൽ നിന്റെ പാപം പോകില്ല. നീ പറഞ്ഞ ജോലിക്ക് ഞങ്ങൾ കൂലി തന്നു. ഇനി ഞങ്ങളോട് ഒന്നും പറയണ്ട. ഇനി നിനക്ക് നിന്റെ വഴിക്ക് പോകാം.

സമയം കഴിഞ്ഞ് അവൻ അനുതപിച്ചു, നിലവിളിച്ചു. ക്രൂശിക്കാൻ യേശുവിനെ കൊണ്ടുപോയിക്കഴിഞ്ഞു. സമയം

കഴിഞ്ഞുള്ള നിലവിളി പ്രയോജനമില്ല. അനുതപിക്കാനും മാനസാന്തരപ്പെടാനും ഒരു സമയമുണ്ട്. നമുക്ക് ഓരോരുത്തർക്കും ഒരു സന്ദർശന കാലമുണ്ട്. ഒരു നിശ്ചിതസമയം കർത്താവ് നമുക്ക് തന്നിട്ടുണ്ട്. എന്നും ദൈവത്തിന്റെ പരിശുദ്ധാത്മാവ് വാദിച്ചുനിൽക്കുകയില്ല. "My spirit must not for ever be disgraced in man." എന്റെ ആത്മാവ് എക്കാലത്തും മനുഷ്യനോട് വാദിച്ചു നിൽക്കയില്ല. "Wholy evil as he is; I will give him 120 years to mend his ways." അവന്റെ വഴി നേരെയാക്കാൻ ഞാൻ അവന് 120 കൊല്ലം കൊടുക്കും.

> *"മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി; അവർക്ക് പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യം ഉള്ളവരെന്ന് കണ്ടിട്ട് തങ്ങൾക്ക് ബോധിച്ച ഏവരേയും ഭാര്യമാരായി എടുത്തു. അപ്പോൾ യഹോവ: മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിയിരുപത് സംവത്സരം ആകും എന്ന് അരുളിച്ചെയ്തു."* *ഉല്പത്തി 6 : 1 – 3*

മനുഷ്യർക്ക് ഒരു സമയം കൊടുത്തു. മാനസാന്തരപ്പെടാൻ അവസരം കൊടുത്തു. അവർക്ക് വചനം കൊടുത്തു. ഉപദേശം കൊടുത്തു. വെളിവ് കൊടുത്തു. "മനുഷ്യൻ എന്റെ ആത്മാവിനെ കൈക്കൊള്ളാതെ വരുമ്പോൾ എന്റെ ആത്മാവ് അപമാനിക്കപ്പെടാൻ ഇനി ഞാൻ സമ്മതിക്കില്ല."

സ്നേഹിതരേ, നമുക്ക് ഒരു നിശ്ചിതകാലം തന്നിരിക്കയാണ്. ആ സമയം ഇന്ന് തീരുമോ? നമുക്കറിഞ്ഞുകൂടാ. എന്നാണ് തീരാൻ പോകുന്നത്? അറിഞ്ഞുകൂടാ. എന്നോ ഒരു സമയത്ത് തീർന്നുപോകും.

ഇത് മാനസാന്തരപ്പെടുവാനുള്ള സമയമാണ്. ഇപ്പോൾ എല്ലായിടത്തും എല്ലാവരോടും മാനസാന്തരപ്പെടുവാൻ ദൈവം

മനുഷ്യനോട് കല്പിക്കുന്നു. നിന്റെ ഇന്നത്തെ വഴികൾ വിട്ടു മാറുക. യഹോവയെ കണ്ടെത്താവുന്ന കാലത്ത് അവനെ വിളിച്ചപേക്ഷിപ്പിൻ. അവൻ അടുത്തിരിക്കുമ്പോൾ വിളിച്ചപേക്ഷിപ്പിൻ. കണ്ടെത്താവുന്ന ഒരു കാലമുണ്ട്. ഇന്ന് വിളിച്ചപേക്ഷിക്കാം. അവൻ നമുക്ക് അനുഗ്രഹം തരും. അവൻ നമുക്ക് സമാധാനം തരും. അവൻ പാപങ്ങൾ ക്ഷമിച്ചു തരും. വന്ന തെറ്റെല്ലാം ക്ഷമിച്ചുതരും.

നോഹ നൂറ്റിയിരുപത് കൊല്ലം പ്രസംഗിച്ചു. നോഹ പെട്ടകത്തിന്റെ വാതിൽക്കൽ നിന്നു വിളിച്ചുപറഞ്ഞു: ദൈവത്തിന്റെ കല്പനപ്രകാരമാണ് പെട്ടകം ഒരുക്കിയിരിക്കുന്നത്. നിങ്ങൾ അതിവേഗം പെട്ടകത്തിൽ കയറിക്കൊൾവിൻ. ഇവിടെ സുരക്ഷിതത്വമുണ്ട്. ഇവിടെ ഭദ്രമാണ്. പേടിക്കേണ്ട. ഇവിടെ വന്നാൽ രക്ഷയാണ്. ഇതിനകത്ത്, രക്ഷപ്പെടാനുള്ളവർ കയറിക്കഴിഞ്ഞിട്ടുണ്ട്. നിങ്ങൾക്കും കയറാം.

നോഹ, നീണ്ടനാളുകൾ പ്രസംഗിച്ചിട്ടും ആരും തിരിഞ്ഞില്ല. മനുഷ്യർ കളിയാക്കി. ഇതെല്ലാം തൊഴിലില്ലാത്തവരുടെ പരിപാടിയാണ്. വയോവൃദ്ധനായ നോഹയ്ക്ക് എന്തോ കിറുക്ക് വന്നതായിരിക്കും. അല്ലാതെ ഇവിടെല്ലാം മഴപെയ്യാൻ പോകുന്നുണ്ടോ? എന്താ ഈ പറയുന്നത്? അന്നുവരെ ഭൂമിയിൽ മഴ പെയ്തിരുന്നില്ല. ജനത്തിന് വിശ്വാസം വന്നില്ല. മഴ എന്ന് പറഞ്ഞാൽ എന്താണ്?

അതുവരെയും ഭൂമി മഞ്ഞുകൊണ്ട് നനഞ്ഞ് വന്നിരുന്നു. മഴ അവർ കണ്ടിട്ടില്ല. അതുകൊണ്ട് അവർക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. നോഹ പിന്നെയും പറഞ്ഞു: കൂട്ടരേ, അങ്ങനെയല്ല, ആകാശത്ത് നിന്ന് വെള്ളത്തുള്ളികൾ ഭൂമിയിലേക്ക് വീഴും. ജനം പറഞ്ഞു: എവിടെ ഈ വെള്ളത്തുള്ളി? നീ എന്താണീ പറയുന്നത്? നോഹ പറഞ്ഞു: എനിക്ക് വേറെയൊന്നും അറിഞ്ഞുകൂടാ, ദൈവം പറഞ്ഞതാണ്. ആകാശത്തുനിന്ന് മഴത്തുള്ളി വീഴും. ഭൂമി വെള്ളംകൊണ്ട് നിറയും. നിങ്ങൾ വെള്ളത്തിൽ മുങ്ങിച്ചാകും. രക്ഷപ്പെടാൻ പെട്ടകം

ഒരുക്കിയിട്ടുണ്ട്. വാതിൽ തുറന്നിരിക്കുകയാണ്. ആർക്കും കടന്നുവരാം.

പുള്ളിപ്പുലിയ്ക്കും കരടിയ്ക്കും ചെന്നായ്ക്കും കടുവയ്ക്കും സിംഹത്തിനും എല്ലാ ദുഷ്ടജീവികൾക്കും എല്ലാ ഹിംസ്രജീവികൾക്കും കടന്നുവരാം. ദുഷ്ടഹൃദയമുള്ളവർക്കും നിഷ്ഠൂര ജീവിതം നയിച്ചവർക്കും വ്യഭിചാരിണികൾക്കും കടന്നുവരാം. നോഹ വിളിച്ചു പറഞ്ഞു: ആരും ഗൗനിച്ചില്ല. പെട്ടകം പണിതുണ്ടാക്കിയ ആശാരിമാർ പോലും ഗൗനിച്ചില്ല. അവർക്കും അത് വിശ്വസിക്കാൻ കഴിഞ്ഞില്ല.

ഈ മനുഷ്യന് കിറുക്കുണ്ടായിട്ട് കപ്പലുപോലെ എന്തോ പണിതുണ്ടാക്കി. അവൻ പറഞ്ഞതുപോലെ ഞങ്ങൾ പണിതു എന്നല്ലാതെ ഇതിനകത്ത് കയറുക എന്നത് ഞങ്ങളുടെ കാര്യമല്ല. പെട്ടകത്തെക്കുറിച്ച് വിശദീകരണം തരാൻ തിയോളജിയിൽ ഡോക്ടറേറ്റ് ഉണ്ട്. പെട്ടകത്തെക്കുറിച്ച് പ്രബന്ധം തയ്യാറാക്കാൻ കഴിവുണ്ട്. പക്ഷേ, അവരും കടന്നില്ല.

നോഹ പിന്നെയും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ദൈവം പറഞ്ഞു: ഞാൻ ഇനി അധികകാലം വാദിച്ചുകൊണ്ട് നിൽക്കുകയില്ല. മനുഷ്യൻ പാപം തന്നെയാണ്. ഞാൻ നൂറ്റിയിരുപത് കൊല്ലം കൊടുത്തിരിക്കയാണ് അവന്റെ വഴികളെ നേരെയാക്കാൻ. ആരും പെട്ടകത്തിൽ കടന്നില്ല. സമയം കഴിഞ്ഞു. പെട്ടകത്തിന്റെ വാതിലടച്ചു. ഒന്നാം ദിവസം മഴപെയ്തില്ല. രണ്ടാം ദിവസം മഴപെയ്തില്ല. ഏഴു ദിവസത്തേയ്ക്ക് മഴപെയ്തില്ല. ജനം പറഞ്ഞു: കിറുക്കൻ അകത്തുകയറി. അയാളും ഭാര്യമാരും കുറെ മൃഗങ്ങളും കയറിയിട്ടുണ്ട്. എന്ത് വിഡ്ഢിത്തമാണ് ഇവരീ കാണിക്കുന്നത്? ആളുകൾ ഏഴുദിവസം പെട്ടകത്തിനു ചുറ്റും നൃത്തം ചെയ്ത് കളിയാക്കിക്കൊണ്ടിരുന്നു.

പക്ഷേ, ഏഴുദിവസം കഴിഞ്ഞപ്പോഴുണ്ട് ആകാശത്ത് നിന്ന് വെള്ളത്തുള്ളികൾ ഭൂമിയിലേക്ക് വീഴുന്നു. മഴ പെയ്തു തുടങ്ങി. പിന്നെ വെള്ളം നിറഞ്ഞ് തുടങ്ങി. അപ്പോഴാണ്

അവർക്ക് കാര്യം ഗൗരവമായി തോന്നിയത്. അവർ വെള്ള ത്തിൽ കിടന്നുകൊണ്ട് നിലവിളിക്കാൻ തുടങ്ങി. അയ്യോ, നോഹേ, വാതിൽ തുറക്കണേ, ഞങ്ങൾക്ക് അബദ്ധം പറ്റി പ്പോയി. വൈകിപ്പോയി! സമയം കഴിഞ്ഞുള്ള നിലവിളി!

യൂദാ യിസ്ക്കര്യോത്താ സമയം കഴിഞ്ഞ് നിലവിളിച്ചു. യേശുവിനെ ശിക്ഷയ്ക്ക് വിധിച്ചു എന്നറിഞ്ഞപ്പോൾ അവൻ അനുതപിച്ചു. ആ മുപ്പതു വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞ്, പോയി കെട്ടി ഞാന്നു ചത്തുകളഞ്ഞു. നിരാശയോടെ ആത്മ ഹത്യ ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടുപേരിൽ ഒരാളാ യിരുന്നു. ഒരു പ്രത്യേക ഔദ്യോഗിക ചുമതല യൂദയ്ക്ക് കൊടു ത്തിരുന്നു. പണപ്പെട്ടി സൂക്ഷിക്കാനുള്ള ചുമതല യൂദയ്ക്കായി രുന്നു. പക്ഷേ, യൂദാ ആ അനുഗ്രഹങ്ങൾ എല്ലാം നഷ്ടപ്പെ ടുത്തി.

പ്രിയപ്പെട്ടവരേ, നിങ്ങൾ ചിന്തിക്കൂ, നിങ്ങൾക്കും അവ സരങ്ങൾ തന്നില്ലേ? നിങ്ങൾക്കും സാഹചര്യം ഒരുക്കിത്തന്നില്ലേ? വചനം നിങ്ങളുടെ വീട്ടുപടിക്കൽ വന്നു മുഴങ്ങിയിട്ടില്ലേ? നിങ്ങളുടെ കാതുകളിൽ വചനം മുഴങ്ങിയിട്ടില്ലേ? നിങ്ങളുടെ വായ്ക്ക് സമീപത്തേയ്ക്ക് വചനം കൊണ്ടുതന്നില്ലേ? നിങ്ങ ളുടെ നാട്ടിൽ വചനം മുഴങ്ങിയിട്ടില്ലേ? നിങ്ങൾക്ക് വചനം കേൾക്കാൻ അവസരം തന്നില്ലേ?

സത്യവചനം സ്വീകരിക്കുന്നവരേയും, വചനം അനുസ രിച്ച് ജീവിക്കുന്നവരേയും നിങ്ങൾ കണ്ടില്ലേ? ആരെല്ലാം കളി യാക്കിയാലും കുറ്റം പറഞ്ഞാലും നമുക്ക് വ്യക്തമായ ചില ദർശനങ്ങൾ ഉണ്ട്. ഒരിക്കലും ആരോടും പണം ചോദിക്കയില്ല. സംഭാവന പിരിക്കയില്ല. മെമ്പർഷിപ്പ് ഇല്ല. നാം ഒരു പുതിയ സഭയല്ല, സമുദായമല്ല. അവരവർ ജനിച്ച സഭയിൽ, അവ രവരുടെ പള്ളികളിൽ ആരാധനക്കു പോകുന്നു. പള്ളിയുടെ പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്നു. എത്രയോ പേർ ആദ്യത്തെ ശമ്പളം ആണെന്ന് പറഞ്ഞ് കൊണ്ടുതന്നിട്ടുണ്ട്! ഞാൻ വാങ്ങിയിട്ടില്ല. ആരോടും പണം ചോദിച്ചിട്ടില്ല.

പ്രിയപ്പെട്ടവരേ, ഞാൻ സ്നേഹത്തോടെ നിങ്ങളോട് പറയട്ടെ. ഇന്ന് രക്ഷപ്പെടാൻ വഴിയുണ്ട്. സമയം നിങ്ങൾക്ക് തന്നിട്ടുണ്ട്. ഈ സമയം കഴിഞ്ഞാൽ പിന്നെ രക്ഷപ്പെടാൻ സാധ്യമല്ല. ഏശാവ് നിലവിളിച്ചു. സമയം കഴിഞ്ഞ് നിലവിളിച്ചു.

> *"ആരും ദൈവകൃപ വിട്ടു പിന്മാറുകയും വല്ല കയ്പ്പുള്ള വേരും മുളച്ച് കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിന്നു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന്ന് ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ."*
>
> *എബ്രായർ 12 : 15 — 17*

സമയം കഴിഞ്ഞുള്ള നിലവിളി പ്രയോജനരഹിതമാണ്. സമയം കഴിയുംമുമ്പ് ഇന്ന് തന്നെ നിങ്ങൾ മാനസാന്തരപ്പെട്ടുകൊൾക. ഇന്ന് സമയം നിങ്ങളുടെ മുന്നിൽ തുറന്നു വെച്ചിരിക്കുന്നു.

Jude died unchanged! അവൻ മാറ്റമില്ലാത്തവനായി മരിച്ചു!

1. St. Paul died contented – അപ്പൊസ്തലനായ പൗലോസ് സംതൃപ്തനായി മരിച്ചു.
2. The rich man died unprepared – ധനവാനായ മൂഢൻ ഒരുക്കമില്ലാത്തവനായി മരിച്ചു.
3. The rich man died Unconverted – ധനവാൻ മാനസാന്തരമില്ലാതെ മരിച്ചു.
4. Jude died unchanged – യൂദാ മാറ്റമില്ലാത്തവനായി

മരിച്ചു.

5. The thief died repented. ആ കള്ളൻ അനുതാപമുള്ളവനായി മരിച്ചു.

ഇന്ന് നിങ്ങൾ മരിച്ചാൽ എങ്ങനെയായിരിക്കും? Prepared ആയിരിക്കുമോ? മാനസാന്തരപ്പെട്ടവൻ ആയിരിക്കുമോ?

ഒരേ ഒരാശ മാത്രം, കർത്താവേ, കടന്നുവരുമ്പോൾ 'നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്നുള്ള വിളി കേൾക്കണം. വേറൊന്നും വേണ്ട. വേറൊന്നും സമ്പാദിക്കണ്ട. എല്ലാം മാറിപ്പോകും. ബാങ്ക് ബാലൻസ് അവിടെ കിടക്കും. മനുഷ്യൻ അദ്ധ്വാനിക്കുന്നു. അവൻ ധനം സമ്പാദിക്കുന്നു. ആരനുഭവിക്കും എന്നറിയുന്നില്ല. ഇന്ന് എന്റേത് എന്നു പറയുന്ന സ്ഥലങ്ങൾ നാളെ മറ്റൊരാളുടെ കൈയിലായിരിക്കും. ഇന്ന് ഞാൻ കിടക്കുന്ന എന്റെ കട്ടിലിൽ നാളെ വേറൊരാൾ കിടക്കും. ഇന്ന് ഞാൻ ഇരുന്ന് എഴുതുന്ന മേശയിൽ നാളെ വേറൊരാൾ ഇരിക്കും.

ഇന്ന് എനിക്ക് പ്രിയങ്കരമായ പേന പിന്നെ വേറെ ആരെങ്കിലുമായിരിക്കും ഉപയോഗിക്കുക. ഇന്നത്തെ എന്റെ വേദപുസ്തകം വേറൊരാൾ വായിച്ചു എന്നിരിക്കും. എല്ലാം വിട്ടിട്ട് ഞാൻ എന്നു പറയുന്ന മനുഷ്യൻ നിത്യതയിലേക്ക് പ്രവേശിക്കും. എന്തായിരിക്കും എന്റെ സ്ഥിതി? ഞാൻ സമാധാനത്തോടെ കടന്നുപോകുമോ? സംതൃപ്തിയോടെ കടന്നുപോകുമോ? മാനസാന്തരമുള്ളവനായി, ഒരുക്കമുള്ളവനായി, മാറ്റമുള്ളവനായി, അനുതാപമുള്ളവനായി കടന്നുപോകുമോ? എങ്കിൽ ഭാഗ്യം. നല്ലൊരു സമയം കർത്താവ് തന്നിരിക്കുന്നു. വിലപ്പെട്ട സമയം, വിലയേറിയ സമയം നിങ്ങൾ പാഴാക്കരുത്.

ഇപ്പോൾ നിങ്ങൾക്ക് അനുതപിക്കാം. നിങ്ങളുടെ തൊട്ടടുത്ത് നിൽക്കുന്ന കർത്താവിനോട് പറയാം: കർത്താവേ, ക്ഷമിക്കണമേ. യേശുവേ, മാപ്പ് തരണമേ. പാപങ്ങൾ എല്ലാം കഴുകിത്തരണമേ. അനേകം പാപങ്ങൾ, എണ്ണിയാൽ തീരാത്ത പാപങ്ങൾ വന്നുപോയി. പ്രായശ്ചിത്തം ചെയ്വാൻ കഴിവില്ല.

തിരുത്താൻ വകയില്ല, പ്രാപ്തിയില്ല.

കർത്താവേ, നിന്റെ തിരുരക്തം എന്നെ കഴുകുകയല്ലാതെ ഞാൻ എന്തുചെയ്യും? വേറെ പോംവഴിയില്ലല്ലോ. യേശുനാഥാ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താൽ എന്നെ കഴുകണമേ. തിരുരക്തം പുരണ്ട കരം എന്റെ തലമേൽ വയ്ക്കണമേ. നിന്റെ രക്തത്താൽ എന്നെ അഭിഷേകം ചെയ്യണമേ.

തിരുരക്തത്താൽ മുദ്ര തരണമേ. നാഥാ, ഞാൻ ഇന്നു കടന്നുവന്നാൽ നിന്റെ സന്നിധിയിലേക്ക് പറന്നുവരാൻ ഒരുക്കണമേ. ജീവിതം സമർപ്പിക്കുമോ നിങ്ങൾ? യേശുവിന്റെ കൈയിലേക്ക് കൊടുക്കുമോ? യേശു ഇതാ, കരം നീട്ടി നിൽക്കുന്നു. മകനേ, നിന്റെ ഹൃദയം എനിക്കു തരിക. കാലം തീരുംമുമ്പെ ഹൃദയം എനിക്കു തരിക. ആയുസ്സു തീരുംമുമ്പെ ഹൃദയം എനിക്കു തരിക.

ഇന്ന് പാപത്തെ എന്നെന്നേക്കുമായി ഉപേക്ഷിക്കുക. പാപജീവിതത്തോട് യാത്ര പറയുക. പുതിയ ജീവിതം തുടങ്ങുക. “ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി. ഇതാ, അത് പുതിയതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ.” പുതിയ അനുഭവം പ്രാപിക്കുക.

സമയം പാഴാക്കരുത്. മാനസാന്തരപ്പെടുവിൻ. വിശുദ്ധി പ്രാപിപ്പിൻ. ക്രിസ്തുവിനോട് വാക്കുപറയുവിൻ. ഞാൻ ഇന്നു മുതൽ നിന്റെ വക. നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഞാൻ ഇന്നുമുതൽ നിനക്കായ് ജീവിക്കും. എന്നോട് മനസ്സലിയണമേ. എന്റെ ഹൃദയത്തിലേക്ക് വരണമേ. എന്നെ നിന്റെ രാജ്യത്തിന്റെ അവകാശിയാക്കണമേ.

# ഒൻപത്

*"ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു; അതു പറഞ്ഞത്: എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു."*

*വെളിപ്പാട് 14 : 13*

സ്വർഗ്ഗത്തിലെ ശബ്ദം ഭൂമിയിൽ മുഴങ്ങി കേൾക്കുകയാണ്. ക്രിസ്തുവിൽ മരിക്കുന്നവരാണ് ഭാഗ്യവാന്മാർ. നാം എത്രകാലം ജീവിച്ചിരുന്നു എന്നതല്ല. നാം ജീവിച്ച് എന്നു കടന്നുപോയാലും കർത്താവിൽ മരിക്കാൻ നമുക്ക് സാധിക്കുക. അതാണ് ഭാഗ്യം. നാം ഏതു സഭയിലാണോ, ഏതു കൂട്ടായ്മയിലാണോ, ധനികനാണോ, ദരിദ്രനാണോ, വിദ്യാഭ്യാസം ഉള്ളവനാണോ, ഇല്ലാത്തവനാണോ എന്നുള്ളതൊന്നുമല്ല ഏറ്റവും വലിയ ഭാഗ്യം ക്രിസ്തുവിൽ കടന്നുപോകാൻ സാധിക്കുക, ക്രിസ്തുവിൽ മരിക്കുവാൻ സാധിക്കുക എന്നുള്ളതാണ്.

"ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."

ഇടതുഭാഗത്തുള്ള കള്ളൻ, മരിച്ചതെങ്ങനെയാണ്? He died unrepented. അവൻ മരിച്ചത് കല്ലിച്ച ഹൃദയത്തോടെയാണ്. He died stone hearted.

*"തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ: നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നേയും ഞങ്ങ*

*ളെയും രക്ഷിക്ക എന്നു പറഞ്ഞു അവനെ ദുഷിച്ചു. മറ്റവനോ അവനെ ശാസിച്ചു: സമശിക്ഷാവിധി യിൽ തന്നേ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നി ല്ലയോ?" ലൂക്കോസ് 23 : 39, 40*

ദുഷ്പ്രവൃത്തിക്കാരിൽ രണ്ടുപേർ യേശുക്രിസ്തുവിന്റെ രണ്ടുവശത്തുമായി കിടക്കുകയാണ്. അതിൽ ഒരു കള്ളൻ repented ആയി മരിച്ചു. അവൻ അവന്റെ ജീവിതത്തിൽ വന്നു പോയ തെറ്റുകളെ ഓർത്ത് അനുതപിച്ച് സമാധാനത്തോടെ മരിച്ചു. അവൻ പറുദീസായ്ക്ക് അവകാശിയായിത്തീർന്നു.

എന്നാൽ ഇടതുവശത്തെ കള്ളൻ, തൂക്കിയ ദുഷ്പ്രവൃ ത്തിക്കാരിൽ ഒരുത്തൻ: നീ ക്രിസ്തു അല്ലയോ? നിന്നെത്ത ന്നേയും ഞങ്ങളെയും രക്ഷിക്ക എന്നു പറഞ്ഞ് യേശുവിനെ ദുഷിച്ചു. രണ്ടു കള്ളന്മാരും ദുഷിച്ചവരായിരുന്നു. മർക്കോ സിന്റെ സുവിശേഷവും ലൂക്കോസിന്റെ സുവിശേഷവും വായിക്കുമ്പോൾ കാണാം, ഈ രണ്ട് കള്ളന്മാരും ദുഷി ച്ചുകൊണ്ടിരുന്നവരാണ്. മരണം അടുക്കുന്നതുവരെ ദുഷി ക്കുകയായിരുന്നു. പക്ഷേ, ദുഷിച്ചവരിൽ ഒരാൾക്ക് ക്രൂശി ന്മേൽ കിടക്കുമ്പോൾ യേശു പറഞ്ഞ ഒരു വാചകം ഉള്ളത്തിൽ തട്ടി. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയാ യ്കയാൽ ഇവരോട് ക്ഷമിക്കണമേ." യേശുക്രിസ്തുവിന്റെ സ്നേഹം അവൻ കണ്ടെത്തി. ആ പ്രാർത്ഥനയിൽ യേശുവിനെ അവന് കിട്ടുകയാണ് ചെയ്തത്.

ഇന്നും ആ സ്നേഹം നാം കാണുകയാണെങ്കിൽ നമുക്ക് അനുതാപം വരും. ഇന്നും ആ സ്നേഹം കാണുന്നില്ലെങ്കിൽ നമ്മുടെ ഹൃദയം കല്ലിച്ചിരിക്കും. ക്രിസ്തുവിന്റെ സ്നേഹം! ക്രിസ്തു എന്നെ സ്നേഹിക്കുന്ന സ്നേഹം! മുഖത്ത് തുപ്പിയ വർക്ക് വേണ്ടി, മുഖത്തേക്ക് മുഷ്ടിചുരുട്ടി കുത്തിയവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! മുഖത്തുനിന്ന് രോമം പിഴു തെടുത്തവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! ശിരസ്സിൽ മുൾമുടി വച്ച്, അടിച്ചടിച്ച് ചേർത്തവർക്കുവേണ്ടി പ്രാർത്ഥി ക്കുന്ന സ്നേഹം!

കൈയിൽ കോലുകൊടുത്ത് "യഹൂദന്മാരുടെ രാജാവേ, ജയജയ" എന്നു പറഞ്ഞ് ആക്ഷേപിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! വസ്ത്രം പറിച്ചുരിഞ്ഞ്, മേലങ്കി ധരിപ്പിച്ച് കുരിശും ചുമപ്പിച്ച് പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! പുറത്തേക്ക് ചാട്ടവാർകൊണ്ട് ആഞ്ഞാഞ്ഞടിച്ച വർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! ചങ്കിലേക്ക് കുന്തം കൊണ്ട് കുത്തിയവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! കൈകളും കാലുകളും ആണിയടിച്ച് ഉണങ്ങിയ മരത്തോട് ചേർത്തടിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! ഈ സ്നേഹം കാണുമ്പോൾ പ്രിയപ്പെട്ടവരേ, നമ്മുടെ ഹൃദയം തകരും.

ഇടത്ത് ഭാഗത്തെ കള്ളൻ ഇതെല്ലാം കണ്ടു. പക്ഷേ, അവന്റെ ഹൃദയം തകർന്നില്ല. He was stone hearted. അവൻ കല്ലിച്ചവനായിരുന്നു. ഇന്ന് ഇങ്ങനെയുള്ള അനേകരുണ്ട്. എന്തുകണ്ടാലും കരയാത്തവർ! എന്തു വേദനാജനകമായ കാര്യം കണ്ടാലും കരയുകയില്ല. ഉള്ള് കല്ലിച്ചിരിക്കും. എന്തുകൊണ്ടാണ് ഉള്ള് കല്ലിച്ചിരിക്കുന്നതെന്നറിയാമോ? ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചിട്ടുണ്ടെങ്കിൽ ഹൃദയം കല്ലുപോലെയിരിക്കും.

പരിശുദ്ധാത്മാവ് തരുന്ന വചനത്തെ എതിർത്തിട്ടുണ്ടെങ്കിൽ, ആക്ഷേപിച്ചിട്ടുണ്ടെങ്കിൽ, പരിശുദ്ധാത്മാവ് ചെയ്യുന്ന പ്രവൃത്തികളെ വിശ്വസിക്കാതിരുന്നിട്ടുണ്ടെങ്കിൽ ഹൃദയം കല്ലിച്ചിരിക്കും. നിങ്ങളുടെ ഹൃദയം എങ്ങനെയാണ്? ഒരാൾ വേദനിക്കുന്നത് കാണുമ്പോൾ നിങ്ങളുടെ ഉള്ള് പിടയുമോ? നമുക്ക് ഒരു പരിചയവുമില്ലാത്ത ആളായിരിക്കും. പക്ഷേ, വല്ലാത്ത വേദന അനുഭവിക്കുന്ന ഒരു കാര്യം കേൾക്കുന്നു; പുറത്ത് പറയാൻ അറയ്ക്കുന്ന ചില കാര്യങ്ങൾ ഏറ്റ് പാവപ്പെട്ട പെൺകുട്ടികൾ നശിക്കുന്നത് നാം പത്രത്തിൽ വായിക്കുന്നു. അതൊക്കെ കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ നമ്മുടെ ഉള്ള് കരയുന്നുണ്ടോ? എന്റെ കർത്താവേ, മനുഷ്യർ എന്താണ് ഇങ്ങനെ ആയിപ്പോയത്? ഇങ്ങനെ കല്ലിച്ചവരായിപ്പോയത് എന്താണ്? നമ്മുടെ ഹൃദയത്തിൽ അങ്ങനെ തോന്നാറുണ്ടോ?

വേറൊരാളുടെ വേദനയിൽ നമുക്ക് വേദനിക്കാൻ സാധിക്കുമ്പോഴാണ് വാസ്തവത്തിൽ ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ ഉണരാൻ തുടങ്ങുന്നത്. മറ്റൊരാളുടെ വേദനയും ദുഃഖവും, നമ്മുടെ വേദനയും ദുഃഖവുമായി മാറ്റിയെടുക്കാൻ സാധിക്കണം. നമ്മുടെ ഹൃദയം എപ്പോഴും ആർദ്രതയുള്ളതായിരിക്കണം. യേശുവിന്റെ പ്രാർത്ഥന വലതുഭാഗത്തെ കള്ളൻ കേട്ടു. അവൻ പറഞ്ഞു: മിശിഹാ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെക്കൂടെ ഓർത്തുകൊള്ളണമേ.

ഇടതുഭാഗത്തെ കള്ളന്റെ ഹൃദയം കല്ലിച്ചിരുന്നു. യേശുവിന്റെ പ്രാർത്ഥന വലതുഭാഗത്തെ കള്ളൻ കേട്ടതുപോലെ തന്നെ അവനും കേട്ടു. വലതുഭാഗത്തെ കള്ളനെപ്പോലെതന്നെ അവനും തിരിയാമായിരുന്നു. പക്ഷേ, അവൻ യേശുവിനെ ദുഷിക്കുകയായിരുന്നു. നീ ദൈവപുത്രൻ എങ്കിൽ ക്രൂശിൽനിന്നിറങ്ങി വാ. നിന്നെയും രക്ഷിക്ക്, ഞങ്ങളെയും രക്ഷിക്ക്. പ്രാർത്ഥന, രക്ഷിക്കണേ എന്നാണ്.

ഇന്ന് പല അപേക്ഷകളും കർത്താവേ, ഞങ്ങളോട് കരുണചെയ്ത് അനുഗ്രഹം ചെയ്യണമേ. കർത്താവേ, കൃപചെയ്ത് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ. കർത്താവേ, ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ, എന്നെല്ലാമാണ്. പ്രാർത്ഥനയുണ്ട് പക്ഷേ, ഹൃദയത്തിൽ തൊട്ടുള്ള പ്രാർത്ഥനയല്ല; ഉള്ളഴിഞ്ഞുള്ള പ്രാർത്ഥനയല്ല.

‘സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ’ എന്നു പ്രാർത്ഥിക്കുന്നു. സ്വർഗ്ഗസ്ഥനായ, നിത്യനായ ദൈവത്തെ അപ്പനായി കാണുന്നുണ്ടോ? അപ്പന്റെ സ്വഭാവമുണ്ടോ? നാം ചിന്തിക്കാറുണ്ടോ? ഞാൻ പ്രാർത്ഥിക്കുന്നത് എത്ര മണ്ടത്തരമാണ്! സ്വർഗ്ഗത്തിലെ നിത്യ പരിശുദ്ധനായ ദൈവത്തെ ‘അപ്പാ’ എന്ന് വിളിക്കാൻ എനിക്കു യോഗ്യതയുണ്ടോ? ആ അപ്പന്റെ മകനായി മകളായി ഞാൻ തീർന്നോ? അപ്പന്റെ സ്വഭാവം എന്തെങ്കിലും എന്നിലുണ്ടോ? അപ്പന്റെ വിശുദ്ധി എന്നിലുണ്ടോ? അപ്പന്റെ കരുണ എന്നിലുണ്ടോ?

കർത്താവേ, നിന്റെ സ്വഭാവമില്ലാതെ ഞാൻ ‘അപ്പാ’ എന്ന് വിളിച്ചുപോയല്ലോ. ഞാൻ ദൈവത്തിന്റെ വചനം പറയുന്ന മനുഷ്യനാണ്. പക്ഷേ, ഞാൻ ചിലപ്പോൾ കർത്താവിന്റെ സന്നിധിയിൽ ഇരുന്ന് പ്രാർത്ഥിക്കുമ്പോൾ പറയും: കർത്താവേ, നിന്റെ പരിശുദ്ധമായ നാമം ഉച്ചരിക്കുവാൻ പോലും എനിക്ക് യോഗ്യതയില്ല. നിത്യപരിശുദ്ധനായ, തേജോമയനായ ദൈവത്തെ ‘അപ്പാ’ എന്ന് വിളിക്കാൻ ഞാനാര്!

പിന്നെ ഞാൻ പറയും: നിത്യ പരിശുദ്ധനായ, നിത്യോന്നതനായ, നിത്യപിതാവായ സ്വർഗ്ഗത്തിലെ ദൈവത്തെ ‘അപ്പാ’ എന്ന് വിളിക്കാൻ എനിക്ക് നീ പദവി തന്നതിനായി നിനക്ക് സ്തോത്രം! ദൈവത്തെ അപ്പാ, എന്ന് വിളിക്കാനുള്ള പദവിയാണ് നമുക്ക് തന്നിരിക്കുന്നത്.

ഇപ്പോൾ നിങ്ങൾ പറയണം: കർത്താവേ, സാക്ഷാലുള്ള പ്രാർത്ഥന എനിക്ക് തരണമേ. സ്വർഗ്ഗത്തിലെ അപ്പനോട് വിളിച്ചപേക്ഷിക്കാനുള്ള, കാര്യങ്ങൾ തുറന്ന് പറയാനുള്ള ഒരു സ്വാതന്ത്ര്യം എനിക്കു തരണമേ. നിത്യനായ ദൈവത്തോട് പ്രാർത്ഥിക്കാനുള്ള പ്രാഗത്ഭ്യം നേടുവാനുള്ള അനുഭവം നീയെനിക്ക് തരണമേ. നിങ്ങൾ ഇന്ന് യഥാർത്ഥ പ്രാർത്ഥനയുള്ളവരായിത്തീരണം.

വലതുഭാഗത്തെ കള്ളൻ പ്രാർത്ഥിച്ചു: “മിശിഹാ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെക്കൂടെ ഓർത്തുകൊള്ളണമേ.” ഇടതുഭാഗത്തെ കള്ളൻ പറഞ്ഞു. “നീ ദൈവപുത്രൻ എങ്കിൽ ക്രൂശിൽനിന്നിറങ്ങി വാ; നിന്നെയും രക്ഷിക്ക് ഞങ്ങളെയും രക്ഷിക്ക്.” പ്രാർത്ഥന, രക്ഷിക്കണമെന്നാണ്. പക്ഷേ, പ്രാർത്ഥനയിൽ ഹൃദയമില്ല. ആ പ്രാർത്ഥനയിൽ പുച്ഛമാണ്. പ്രാർത്ഥനയിൽ ഹൃദയം അലിയുന്നില്ല.

വളരെ സങ്കടത്തോടെ ഞാൻ പറയട്ടെ: നമ്മുടെ ദൈവാലയങ്ങളിൽ സുന്ദരമായ പ്രാർത്ഥനകളുണ്ട്. നമ്മുടെ പ്രെമിയോനുകളും സെദറാകളും എല്ലാം അതിമനോഹരങ്ങളായ പ്രാർത്ഥനകൾ തന്നെ. നമ്മുടെ ഗീതങ്ങളും അർത്ഥവത്താണ്.

എന്നാൽ ഇതെന്താണ് പ്രാർത്ഥിക്കുന്നതെന്നോ, ആരോടാണ് പ്രാർത്ഥിക്കുന്നതെന്നോ വല്ലതും ചിന്തിക്കുന്നുണ്ടോ? പ്രാർത്ഥിക്കുമ്പോൾ ആരെങ്കിലും ധ്യാനിക്കുന്നുണ്ടോ?

"ക്രോബേ സ്രാപ്പികൾ തൻ സവിധം വിട്ടവതരണം
ചെയ്താ കന്യക ത-ന്നുദരേ വാണോനേ
ആദാമ്യരെ സാത്താൻ മൃതിയിവതന്നടിമയിൽ നി-
ന്നേറ്റിടുവാൻ മെയ്യേ-ന്തിയ വീരാ സ്തോത്രം."

"ക്രോബേ സ്രാപ്പികൾ തൻ സവിധം വിട്ട് അവതരണം ചെയ്ത് - ക്രോബേന്മാരുടെയും സ്രോപ്പേ മാലാഖമാരുടെയും സവിധം വിട്ട് ഭൂമിയിലേക്ക് തിരുവവതാരം ചെയ്ത് - കന്യകമറിയാമിന്റെ ഉദരത്തിൽ വസിച്ചവനായ കർത്താവായ യേശുവേ, ആദാമ്യരായ ഞങ്ങളെ സാത്താന്റേയും മൃതിയുടെയും അടിമത്തത്തിൽനിന്ന് വിടുവിക്കുവാൻവേണ്ടി ശരീരം എടുത്ത വീരനാം ദൈവമേ, നിനക്കു സ്തോത്രം! വിശുദ്ധ കുർബ്ബാന മദ്ധ്യത്തിൽ ഇതു നമ്മൾ പാടാറുണ്ട്. ആരെങ്കിലും അർത്ഥം ചിന്തിക്കാറുണ്ടോ?

"കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്ത് നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി കൊണ്ടുവന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ." ഈ ചെറിയ പ്രാർത്ഥന പോലും അർത്ഥം മനസ്സിലാക്കിയാണോ നാം പ്രാർത്ഥിക്കുന്നത്? അല്ല എന്നുള്ളതാണ് സത്യം.

ഇടതുഭാഗത്തെ കള്ളനെപ്പോലെയാണ് നാം പ്രാർത്ഥിക്കുന്നത്; രക്ഷിക്കണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. പക്ഷേ, ആ പ്രാർത്ഥനയിൽ രക്ഷിക്കണമേ എന്നു പറയുന്നുവെങ്കിലും അതിനുള്ള ദാഹമില്ല. രക്ഷ പ്രാപിക്കാൻ ദാഹമുണ്ടെങ്കിൽ വേദപുസ്തകം പറയുന്നു: "ഇപ്പോൾ ഞാൻ എഴുന്നേൽക്കും. രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും." ഇടതുഭാഗത്തെ കള്ളന് രക്ഷയ്ക്കായി കാംക്ഷ ഉണ്ടായിരുന്നില്ല.

ഇന്ന് നിങ്ങൾ ഓരോരുത്തരും: ഞാൻ പ്രാർത്ഥിക്കുന്ന

പ്രാർത്ഥന അർത്ഥം അറിഞ്ഞ് പ്രാർത്ഥിക്കും എന്നൊരു തീരുമാനം എടുത്തുനോക്കൂ. കാണാം നിങ്ങളുടെ ജീവിതം മാറുന്നത്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. നിന്റെ രാജ്യം വരണമേ എന്നു പ്രാർത്ഥിച്ചു. എന്താണ് ആ പ്രാർത്ഥനയുടെ അർത്ഥം? ദൈവരാജ്യം ഭൂമിയിൽ വരണം.

ദൈവരാജ്യം ഭൂമിയിൽ വരണമെങ്കിൽ ദൈവരാജ്യത്തിലുള്ള സ്വഭാവം എന്റെ ജീവിതത്തിൽ വരണം. ദൈവരാജ്യത്തിലുള്ള സ്വഭാവം എന്താണ്? അവിടെ സ്നേഹം, പരസ്പര സൗഹൃദം, ഐക്യം; ഭിന്നതയില്ല, വഴക്കില്ല, അഭിപ്രായവ്യത്യാസമില്ല. കലഹമില്ല. അവിടെ അഴുക്കില്ല, അശുദ്ധിയില്ല. അവിടെ വിശുദ്ധി മാത്രം. അത് നമ്മുടെ സ്വഭാവത്തിൽ വരണം. ദൈവരാജ്യം ഭൂമിയിൽ വരണമെങ്കിൽ എന്റെ ഹൃദയത്തിൽ ദൈവരാജ്യം വരണം. എന്റെ ഹൃദയത്തിൽ ദൈവരാജ്യം വന്നോ? വന്നിട്ടില്ല. പിന്നെ ഞാനെങ്ങനെയാണ് പ്രാർത്ഥിക്കുന്നത്?

എന്റെ ഹൃദയത്തിൽ സ്വർഗ്ഗം വരുമ്പോൾ എന്റെ വീട്ടിൽ സ്വർഗ്ഗം വരും! എന്റെ വീട്ടിൽ സ്വർഗ്ഗം വരുമ്പോൾ എന്റെ ദേശത്ത് സ്വർഗ്ഗം വരും! നിങ്ങൾ ഒരാൾ യേശുക്രിസ്തു ഹൃദയത്തിൽ വരുന്ന അനുഭവത്തിൽ ജീവിക്കാമോ? നിങ്ങളുടെ കുടുംബം അനുഗ്രഹമാകും. മക്കൾ അനുഗ്രഹിക്കപ്പെടും. ഞാൻ ഒരാൾ കറ തീർന്ന് ജീവിക്കും. ഞാൻ ഒരാൾ പാപം കൂടാതെ ജീവിക്കും.

ഞാൻ ഒരാൾ ഏതൊരു സാഹചര്യം വന്നാലും ഇനി തിന്മയിലേക്ക് പോകില്ല. ഞാൻ കോപിക്കില്ല. എന്റെ ഭാര്യയെ ഉപദ്രവിക്കില്ല. ആരേയും സംസാരംകൊണ്ട് മുറിവേല്പിക്കയില്ല. എന്റെ വാക്ക് ആർക്കും മുറിവേല്ക്കുന്ന രീതിയിൽ ആകില്ല. എല്ലാവർക്കും കഴിവുള്ള ഉപകാരം ചെയ്യും. ഇന്നുമുതൽ പുതിയ മനുഷ്യനായി ജീവിക്കും.

നിങ്ങൾക്കങ്ങനെ തീരുമാനിക്കാൻ പറ്റുമോ? ഒറ്റയ്ക്കൊരാൾ അങ്ങനെ തീരുമാനിച്ചാൽ നിങ്ങളുടെ കുടുംബം സ്വർഗ്ഗമാകും. കാരണം, ഒറ്റയ്ക്കൊരാൾ തീരുമാനിക്കുമ്പോൾ അവിടെ വിളക്ക് തെളിയുന്നു. അന്ധകാരമുള്ള വീട്ടിൽ വിളക്കു കൊളുത്തുന്നു. ആ മുറിയിൽ മറ്റു ഭാഗങ്ങളിലേക്ക് പ്രകാശം ചെല്ലുന്നു. മുക്കിലും മൂലയിലും പ്രകാശം ചെല്ലുന്നു. അന്ധകാരം മാറി അവിടെയുള്ളവരിലേക്ക് പ്രകാശം പകരുന്നു.

നിങ്ങൾ ഒരാൾ വിശ്വാസത്തിലും വിശുദ്ധിയിലും നിൽക്കുമെങ്കിൽ നിങ്ങൾ പഠിക്കുന്ന ക്ലാസ്സുമുറി സ്വർഗ്ഗമാകും. നിങ്ങൾ താമസിക്കുന്ന ഹോസ്റ്റൽ സ്വർഗ്ഗമാകും. നിങ്ങളുടെ റുംമേറ്റ്, ക്ലാസ്സ്മേറ്റ് എല്ലാവരും ഈ വെളിച്ചം അനുഭവിക്കാൻ തുടങ്ങും. ഈ സമാധാനം കൂടെ ജോലിചെയ്യുന്നവർക്ക് കിട്ടിത്തുടങ്ങും. അത്ഭുതങ്ങൾ സംഭവിക്കും. ഒരു സംശയവുമില്ല.

മുപ്പത്തിമൂന്ന് കൊല്ലം ഞാൻ കോലഞ്ചേരി കോളേജിൽ ജോലിചെയ്തു. കോളേജ് തുടങ്ങിയ ദിവസം മുതൽ മുപ്പത്തിമൂന്ന് കൊല്ലം. ഞാൻ ആരോടും കോളേജിൽ വച്ച് സുവിശേഷം പറഞ്ഞിട്ടില്ല. ക്ലാസ്സിലൊന്നും സുവിശേഷം പറഞ്ഞിട്ടില്ല. ഞാൻ പഠിപ്പിക്കാനുള്ളത് പഠിപ്പിക്കും. പക്ഷേ, അന്നത്തെ അനുഭവത്തിന്റെ പ്രയോജനം ഇന്നാണ് ഞാൻ കാണുന്നത്. ഇന്നും അനേകർ എന്നെക്കാണാൻ വരുന്നു. ഞാൻ പഠിപ്പിച്ച കുട്ടികൾ, എന്റെ കൂടെ ജോലി ചെയ്തവർ. കാരണം, ഞാൻ ആത്മാർത്ഥമായിട്ടാണ് പഠിപ്പിച്ചത്.

അദ്ധ്യാപകരോട് ഞാൻ പറയട്ടെ, നിങ്ങൾ നിങ്ങളുടെ conduct & character ആണ് കുട്ടികളിലേക്ക് പകർന്നുകൊടുക്കുന്നത്. നിങ്ങൾ പറഞ്ഞുകൊടുക്കുന്ന വാക്കുകളല്ല, നിങ്ങളുടെ സ്വഭാവം കുട്ടികളിലേക്ക് പകരും. നിങ്ങളുടെ കയ്യക്ഷരം പോലും കുട്ടികൾ അനുകരിക്കും. സംസാരരീതി അനുകരിക്കും. അവർ അദ്ധ്യാപകരായാൽ നിങ്ങളുടെ അദ്ധ്യാപനരീതി അവർ അനുകരിക്കും. നിങ്ങളുടെ ജീവിതം മറ്റുള്ളവർക്ക് ആവേശവും സ്വാധീനവും ചെലുത്തുന്ന ഒന്നായിത്തീരണം.

അങ്ങനെ ജീവിതം ശോഭനമായി തീരും. വീട്ടിൽ പ്രകാശമായി നിൽക്കാൻ സാധിക്കും. ക്ലാസ്സുമുറിയിൽ പ്രകാശമായി നിൽക്കാൻ സാധിക്കും.

നിങ്ങൾ തീരുമാനിക്കണം: കർത്താവേ, ഞാൻ എന്റെ വീട്ടിൽ, എന്റെ ഭാര്യയുടെ മുന്നിൽ, എന്റെ മക്കളുടെ മുന്നിൽ, എന്റെ മാതാപിതാക്കളുടെ മുന്നിൽ, എന്റെ ഭർത്താവിന്റെ മുന്നിൽ ഒരു പുതിയ പ്രകാശമായി നിൽക്കും. മാതൃകയായി നിൽക്കും.

ഈ ലോകജീവിതത്തിൽ സാക്ഷ്യജീവിതം നയിച്ച് എനിക്ക് കടന്നുപോകണം. എന്റെ പ്രിയപ്പെട്ടവരുടെ മുന്നിൽ സാക്ഷാൽ ക്രിസ്തുഭക്തൻ എങ്ങനെയെന്ന് കാണിച്ചുകൊടുത്തിട്ട് എനിക്ക് കടന്നുപോകണം. ഞാൻ കടന്നുപോയാലും എന്റെ സ്വഭാവം അനേകർക്ക് ശക്തിയായും ആവേശമായും തീരണം. അതിന് തക്കവണ്ണം എന്നെ രൂപാന്തരപ്പെടുത്തണമേ. എന്റെ പാപങ്ങൾ മാറ്റിത്തരണമേ. അതിന് നിനക്കേ സാധിക്കുകയുള്ളൂ, എനിക്ക് സാധിക്കില്ല.

നിന്റെ തിരുരക്തം ഒരു തുള്ളി നെറ്റിയിൽ പുരട്ടി എന്നെ പറഞ്ഞുവിടണം. കർത്താവേ, തിരുരക്തത്തിന്റെ ആ കൃപ എനിക്ക് പകർന്ന് തന്ന് ശുദ്ധീകരിച്ച് പറഞ്ഞുവിടണം. നീ എന്റെ കൂടെ എന്റെ വീട്ടിലേക്ക് പോരണം. നിന്നോട് ചേർന്ന് എനിക്ക് വീട്ടിലേക്ക് പോകണം. എന്റെ വീട്ടിൽ നിന്റെ രാജ്യം വരണം. അങ്ങനെ കുടുംബം ഐശ്വര്യമാകണം. എനിക്ക് സമാധാനം തരണം. ക്രിസ്തുവിൽ ജീവിച്ച് ക്രിസ്തുവിൽ മരിക്കാനുള്ള ഭാഗ്യം എനിക്കു തരണം. അതിനായി എന്റെ ജീവിതം ഞാൻ നിനക്കു സമർപ്പിക്കുന്നു. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## പത്ത്

*"സീയോനിൽനിന്ന് യിസ്രായേലിന്റെ രക്ഷ വന്നെങ്കിൽ! യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കുകയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും."*

*സങ്കീർത്തനങ്ങൾ 14 :7*

*"ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും."* *സങ്കീർത്തനങ്ങൾ 53 : 6*

ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുന്നു. ജനത്തിന്റെ കഷ്ടത മാറ്റുന്നു. ജനത്തിന്റെ ദുരിതം മാറ്റുന്നു. ദൈവം തന്നോട് പ്രാർത്ഥിയ്ക്കുന്നവരുടെ അപേക്ഷ കേട്ട് അവരുടെ ജീവിതത്തിലെ യാതനകൾക്കും വേദനകൾക്കും പൊറുതി അരുളുന്നു. "ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കുകയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും."

*"ഞാൻ യെഹൂദയുടെയും യെരുശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാൾ"* *യോവേൽ 3 : 1*

*"നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിഞ്ഞ് നീയും നിന്റെ മക്കളും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ, ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്നതുപോലെ ഒക്കെയും അവന്റെ വാക്കു കേട്ടനുസരിച്ചാൽ നിന്റെ ദൈവമായ യഹോവ നിന്റെ സ്ഥിതി മാറ്റുകയും*

*നിന്നോടു മനസ്സലിഞ്ഞ് നിങ്കലേക്കു തിരികയും നിന്റെ ദൈവമായ യഹോവ നിന്നെ ചിതറിച്ചിരുന്ന സകലജാതികളിൽനിന്നും നിന്നെ കൂട്ടിച്ചേർക്കു കയും ചെയ്യും.” ആവർത്തനപുസ്തകം 30 : 2, 3*

*“യെഹൂദയേ, ഞാൻ എന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ, നിനക്കും ഒരു കൊയ്ത്തു വെച്ചിരി ക്കുന്നു.” ഹോശേയ 6 : 11*

ഇന്ന് പലരീതിയിൽ ദുരിതം അനുഭവിക്കുന്ന ആളുക ളുണ്ട്. ദുഃഖം അനുഭവിക്കുന്ന ആളുകളുണ്ട്. പെട്ടെന്നുള്ള വിയോഗംകൊണ്ട്, പെട്ടെന്ന് ഏറ്റവും പ്രിയപ്പെട്ടവർ വേർപി രിഞ്ഞ് പോയതുകൊണ്ട് കനത്ത കദനഭാരം പേറി വലയുന്ന ആളുകളുണ്ട്. മനസ്സമാധാനമില്ലാതെ ഉലഞ്ഞ് അലഞ്ഞ് കഴി യുന്ന ആളുകളുണ്ട്. പൈസയുടെ ഞെരുക്കംകൊണ്ടും കടബാധ്യതയുടെ വലിപ്പംകൊണ്ടും മനസ്സുഷ്ണിച്ച് വിഷമിച്ച് കഴിയുന്നവരുണ്ട്. രോഗത്തിന്റെ ബാധകൊണ്ട് വലയുന്ന ആളുകളുണ്ട്. പലതരത്തിലുള്ള പ്രശ്നങ്ങൾ, പ്രതിസന്ധികൾ, കുടുംബത്തിലെ സ്വൈര്യക്കേടുകൾ, അഭിപ്രായവ്യത്യാസ ങ്ങൾ, ഇണക്കക്കുറവുകൾ എന്നിങ്ങനെ എന്തെല്ലാം പ്രശ്നങ്ങ ളാണ് മനുഷ്യജീവിതത്തെ അലട്ടിക്കൊണ്ടിരിക്കുന്നത്!

എന്നാൽ, ദൈവത്തിന്റെ വചനം പറയുന്നു: ഞാൻ നിന്റെ സ്ഥിതി മാറ്റും. വൃഥാ ആശ്വസിപ്പിക്കുവാനല്ല ദൈവം പറയുന്നത്. ദൈവം വാക്ക് പറഞ്ഞാൽ മാറാത്തവനാണ്.

സ്ഥിതി മാറ്റും. നമ്മുടെ ഇന്നത്തെ അവസ്ഥ മാറ്റും. നമ്മുടെ ഹൃദയത്തിന് ശാന്തി അരുളും. നമ്മുടെ ജീവിതത്തിന് സമാധാനം തരും.

ജീവിതത്തിൽ വന്ന ഞെരുക്കങ്ങളെല്ലാം മാറ്റി സമൃദ്ധി യുടേയും ഐശ്വര്യത്തിന്റേയും അനുഗ്രഹങ്ങൾ ദൈവം നമ്മു ടെമേൽ പകരും. സഹോദരങ്ങളേ, നിങ്ങൾ ജീവിതം കർത്താ വിനു സമർപ്പിച്ച്, ദൈവത്തിന്റെ വചനം ശ്രദ്ധയോടെ കേട്ട്, വചനത്തിന്റെ ഉൾക്കാമ്പറിഞ്ഞ് ജീവനുള്ള ക്രിസ്തുവിനെ

രക്ഷകനും കർത്താവുമായി സ്വീകരിച്ച് സത്യമായൊരു മാന സാന്തരത്തിന്റെ അനുഭവത്തിൽ, ജീവിതം യേശുക്രിസ്തു വിന്റെ സ്വഭാവത്തിനു അനുഗുണമായി വിനയപ്പെടുത്തി, വിധേയപ്പെടുത്തി മുന്നോട്ട് പോകുമ്പോൾ തീർച്ചയായും നിങ്ങൾക്ക് അനുഭവങ്ങൾ കിട്ടും.

ജീവിതത്തിൽ സ്ഥിതി മാറിയ അനുഭവങ്ങളുള്ള ഒരാളെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തിത്തരാം. സ്ഥിതി മാറിയ ഒരു യുവാവ്! വളരെ വലിയ ഒരു പ്രതിസന്ധിയിൽ – ബാങ്കിൽ കടംവന്ന് ജപ്തിയായി – എല്ലാം നഷ്ടപ്പെട്ട് വലിയ ദാരിദ്ര്യത്തിൽ ആയിപ്പോയ കുടുംബം! പണത്തിനു ദാരിദ്ര്യം; ആഹാരത്തിനു ദാരിദ്ര്യം; ജീവിതം മുഴുവൻ ദുരിതപൂരിതമാ യിരുന്ന ഒരു യുവാവ്. എന്നാൽ ഇന്ന് വളരെ മനോഹരമായ അവസ്ഥയിൽ, വളരെ ശോഭനമായ ഒരു നല്ല ജീവിതം കെട്ടിപ്പ ടുത്ത് സമാധാനമായി ജീവിക്കുന്നു. പ്രിയപ്പെട്ട Mr. Thomas ഇപ്പോൾ ദുബായിൽ സ്വന്തമായിട്ട് ഒരു നല്ല ബിസിനസ്സ് നട ത്തിക്കൊണ്ടിരിക്കുന്നു. പ്രിയപ്പെട്ട തോമസ് തന്നെ തന്റെ സ്ഥിതി മാറിയ സംഭവങ്ങൾ ഇപ്പോൾ വിവരിക്കുന്നത് നമുക്ക് ശ്രദ്ധയോടെ വായിക്കാം.

എന്റെ പേര് തോമസ് എന്നാണ്. ഞാൻ മുളന്തുരുത്തി മാർത്തോമ്മൻ യാക്കോബായ പള്ളി ഇടവകാംഗമാണ്. മുളന്തുരുത്തി ദേശത്ത് എല്ലാവരാലും അറിയപ്പെടുന്ന, സഭയി ലെല്ലാം ഏറ്റവും ചേർന്നു നിൽക്കുന്ന പുറപ്പാടത്തിൽ കുടും ബാംഗമാണ് ഞാൻ. എനിക്ക് ആറ് സഹോദരിമാരും ഒരു സഹോദരനുമുണ്ട്. ഈ ലോകപ്രകാരം ഞങ്ങൾക്കെല്ലാമുണ്ടാ യിരുന്നു. എന്നാൽ അതിന്റെ ഒപ്പം തന്നെ പിശാച് ബന്ധിച്ചിട്ട ഒരു കുടുംബവുമായിരുന്നു ഞങ്ങളുടേത്.

മാനസികരോഗത്തിന്റെയും ആത്മഹത്യയുടേയും ബന്ധനം! മദ്യപാനത്തിന്റേയും പുകവലിയുടേയും ബന്ധനം! മന്ത്രവാദത്തിന്റെയും അന്ധവിശ്വാസങ്ങളുടേയും ബന്ധനം! മിശ്രവിവാഹങ്ങളുടേയും പ്രേമവിവാഹങ്ങളുടേയും ബന്ധനം!

ഇതെല്ലാം ഞങ്ങളുടെ കുടുംബത്തിലുണ്ടായിരുന്നു.

ഞാൻ ജനിച്ച് ഏറെ കഴിയുന്നതിനു മുമ്പേ ഞങ്ങൾക്കുണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടു. ബാങ്കുകളിൽ നിന്ന് ജപ്തി ചെയ്ത് വീടും സ്ഥലങ്ങളുമെല്ലാം ഞങ്ങൾക്ക് ഇല്ലാതെയായി. ഞങ്ങൾ ഏറെ വിഷമിച്ച ഒരു കഴിഞ്ഞകാലം! ആ ദേശത്ത് ഒരു കാലത്ത് തലയുർത്തിപ്പിടിച്ചു നടന്നിരുന്ന ഞങ്ങൾ തല കുമ്പിട്ടവരായി ആ ദേശത്തുകൂടി അനേകവർഷങ്ങൾ നടക്കേണ്ടതായിട്ട് വന്നു. എല്ലാത്തിനും ദാരിദ്ര്യമനുഭവിച്ച ഒരു കഴിഞ്ഞകാലം!

പാലു കൊടുത്തും ട്യൂഷൻ എടുത്തുമാണ് അനേക വർഷം ഞങ്ങൾ ജീവിച്ചത്. വസ്ത്രത്തിനു ദാരിദ്ര്യം, ഭക്ഷണത്തിനു ദാരിദ്ര്യം, എല്ലാത്തിനും ദാരിദ്ര്യം. ആ ദേശത്ത് ഞങ്ങൾ കടം വാങ്ങിക്കാത്ത ഒരു വീടുപോലും ഉണ്ടായിരുന്നില്ല. റേഷൻകടയിലും പെട്ടിക്കടയിലും ജൗളിക്കടയിലും എന്നു വേണ്ട എല്ലായിടത്തും ഏറെ കടബാധ്യതകൾ. ബാങ്കുകളിൽ നിന്നെല്ലാം ലോണുകൾ. മുന്നോട്ട് ഒരു വഴി കാണാത്ത, എല്ലാ വഴികളും അടഞ്ഞ ഒരുകാലം!

എന്നാൽ ഞങ്ങൾ എല്ലാവരും നന്നായി പഠിക്കുമായിരുന്നു. ഞാനും നന്നായി പഠിക്കുമായിരുന്നു. 8-ാം ക്ലാസ്സ് കഴിഞ്ഞപ്പോൾ മുതൽ ചീത്തയായ പുസ്തകങ്ങൾ ഞാൻ വായിക്കുവാൻ തുടങ്ങി. എന്റെ ജീവിതത്തിൽ അശുദ്ധി കടന്നുവന്നു. കണ്ടതും കേട്ടതും വായിച്ചതുമെല്ലാം എന്നെ കീഴടക്കുവാൻ തുടങ്ങി. തന്നെത്താൻ ചീത്തയാക്കുന്ന ശീലം എന്റെ ജീവിതത്തിൽ കടന്നുവരാൻ തുടങ്ങി. എന്റെ കണ്ണിന്മേൽ എനിക്ക് ജയമില്ലാതെയായി. ഉറ്റവരെന്നോ ഉടയവരെന്നോ വലിയവരെന്നോ ചെറിയവരെന്നോ മനുഷ്യനെന്നോ മൃഗങ്ങളെന്നോ ഒന്നുമില്ലാതെ എന്റെ കണ്ണ് മുഴുവൻ പാപംകൊണ്ട് നിറഞ്ഞിരുന്നു. എന്റെ പഠിക്കുവാനുള്ള എല്ലാ കഴിവുകളും നഷ്ടപ്പെട്ടു.

S.S.L.C.-യും പ്രീ-ഡിഗ്രിയും വളരെ കുറഞ്ഞ മാർക്കോടെയാണ് ഞാൻ പാസ്സായത്. ഡിഗ്രിയ്ക്ക് ഒന്നാം വർഷവും

രണ്ടാം വർഷവും എല്ലാ വിഷയങ്ങളും തോറ്റ് അവസാന വർഷവും ഒരു വിഷയത്തിനും ജയിക്കുവാൻ സാധ്യതയില്ലാതിരുന്ന ഒരു അവസരത്തിൽ, 1992 ഡിസംബർ 31–ാം തീയതി വിധവയായ എന്റെ സഹോദരിയോടും കുഞ്ഞിനോടും ഒപ്പം ആദ്യമായി എനിക്ക് ഇഷ്ടമില്ലാത്ത ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലേക്ക്, അടഞ്ഞ ഒരു ഹൃദയവുമായി ഞാൻ കടന്നുവന്നു.

ആ സമയത്ത് ഞാൻ യാക്കോബായ യൂത്ത് അസ്സോസ്സിയേഷന്റെ കമ്മിറ്റി മെമ്പറാണ്. ഞാൻ പള്ളിയോട് ചേർന്നു നിന്നിരുന്നു. എല്ലാ നോമ്പും നമസ്ക്കാരവും ഞാൻ കൃത്യമായി നോക്കുമായിരുന്നു. പക്ഷേ, ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ എനിക്കറിയാം ക്രിസ്തുവില്ലാത്ത, യേശുവിനെ അല്പംപോലും അറിയാത്ത, യേശുവുമായി ഒരു രീതിയിലും ചേർന്നുപോകാത്ത ഒരു ആത്മീയമായിരുന്നു അന്ന് എനിക്കുണ്ടായിരുന്നത്.

എന്നാൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലേക്ക് കടന്നുവന്ന ആദ്യദിവസം തന്നെ എന്റെ സഹോദരി കർത്താവിനെ കണ്ടുമുട്ടിയതുകൊണ്ട് എനിക്കും ഇവിടേയ്ക്ക് ഏറെനാൾ കടന്നു വരേണ്ടതായിട്ട് വന്നു. എന്നാൽ മൂന്നു മാസം കഴിഞ്ഞപ്പോൾ, എനിക്ക് ഏറ്റവും ആവശ്യമായിരുന്ന സന്ദർഭത്തിൽ ഒരിക്കലും അർഹതയില്ലാത്ത, നല്ലൊരു ജോലി ഈ കൂട്ടായ്മയിൽ കടന്നുവന്നു എന്നുള്ള ഒറ്റ കാരണംകൊണ്ട് എനിക്ക് ലഭിച്ചു. അതെന്നെ അല്പമായി ചിന്തിപ്പിച്ചു.

എന്റെ വരുമാനം കൂടി. അതോടൊപ്പം തന്നെ എന്റെ പാപപ്രവൃത്തികളും കൂടുവാൻ തുടങ്ങി. ഞാനൊരിക്കലും ചെയ്കയില്ലയെന്ന് തീരുമാനിച്ചിരുന്ന മദ്യപാനവും പുകവലിയും എന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. ഒരു യൗവ്വനക്കാരൻ ഇറങ്ങിപ്പോകാൻ മടിക്കുന്ന അനേകതരം അശുദ്ധിയിലേക്ക്, ഒരു സഭയുടെ മുമ്പാകെ തുറന്നു പറയുവാൻ കഴിയാത്ത അറപ്പുള്ള അനേകപ്രവൃത്തികളിലേക്ക് എന്റെ ജീവിതം ഞാൻ വിട്ടു

കൊടുത്തു.

എനിക്ക് കിട്ടിയ വരുമാനം മുഴുവൻ ഞാൻ ധൂർത്തടിക്കുവാൻ തുടങ്ങി. എന്റെ കുടുംബത്തിൽ ഞാൻ സമാധാനം നഷ്ടപ്പെടുത്തി. എന്റെ സഹോദരിമാരെയെല്ലാം ഞാൻ ഉപദ്രവിക്കുമായിരുന്നു. എന്റെ മാതാപിതാക്കളെ ഉപദ്രവിക്കയില്ലെങ്കിലും എന്റെ ഓരോ വാക്കും അവരുടെ ഹൃദയം തകർക്കുന്നതായിരുന്നു. ഒരു പത്ത് വർഷക്കാലത്തോളം ഞാൻ പാപത്തിനടിമപ്പെട്ട്, പിശാചിനടിമപ്പെട്ട് ഈ ലോകത്തിന്റെ മട്ട് ഊറ്റിക്കുടിച്ചുകൊണ്ട് നടന്നു. ആഴ്ചയിൽ ആറു ദിവസവും പാപം ചെയ്തു നടക്കും. ഏറെ അശുദ്ധനായി നടക്കും. എന്നാൽ ഏഴാം ദിവസം ഞാൻ കൂട്ടായ്മയിൽ വന്ന് വചനത്തിന്റെ മുമ്പാകെ മുട്ട് മടക്കും. തികഞ്ഞ കാപട്യത്തോടെ ഒരു പത്തുവർഷക്കാലത്തോളം കഴിഞ്ഞുപോയി.

എന്നാൽ എന്റെ അമ്മയുടെ ഉദരത്തിൽ ഞാൻ ഉരുവാകുന്നതിനുമുമ്പേ എന്നെ കണ്ട കർത്താവ് പത്ത് വർഷങ്ങൾക്കുശേഷം 2002 ഡിസംബറിൽ വചനശുശ്രൂഷയിലൂടെ എന്നെക്കൊണ്ട് ഒരു സമർപ്പണം എടുപ്പിച്ചു. ഒരിക്കലും ജയിക്കയില്ല എന്ന് കരുതിയിരുന്ന മദ്യപാനവും പുകവലിയും അനേകങ്ങളായ മ്ലേച്ഛതകളും ഒറ്റദിവസംകൊണ്ടു തന്നെ കൃപയാൽ എന്റെ ദൈവം എനിക്ക് മാറ്റിത്തന്നു. അന്ന് തൊട്ട് ഇന്നു വരെ മദ്യപാനത്തിലേക്കോ പുകവലിയിലേയ്ക്കോ പോകാതെ എന്റെ ദൈവം എന്നെ ജയത്തോടെ നടത്തുന്നു.

ഏറെ താമസിക്കാതെ എന്റെ വിവാഹം നടന്നു. ഈ കൂട്ടായ്മയിൽ വന്ന് മാനസാന്തരപ്പെട്ട ഒരു ദൈവപൈതലിനെ എനിക്ക് ഭാര്യയായി കിട്ടി. തുടർന്ന് ഒമാനിൽ ഏറ്റവും നല്ലൊരു കമ്പനിയിൽ ഉന്നതമായ ഒരു ജോലി എനിക്ക് കിട്ടി. അഞ്ചുവർഷംകൊണ്ട് പാസ്സായ ഒരു ഡിഗ്രിയും! മലയാളമല്ലാതെ മറ്റൊരു ഭാഷയും അറിയില്ല! എനിക്ക് അനേകം ഐഡിയകളുണ്ടെങ്കിലും ഭാഷയറിയാത്താതുകൊണ്ട് എനിക്കൊന്നും ചെയ്യുവാൻ പറ്റുന്നില്ല. ഞാൻ ജോയിൻ ചെയ്ത് നാലുദിവസം

കഴിഞ്ഞപ്പോൾ എന്റെ ടീം ലീഡർ പറഞ്ഞു: “He is good for nothing.” ഒന്നിനും കൊള്ളുകയില്ലാത്തവനെന്ന് എന്റെ മേലധികാരിയോട് പറഞ്ഞ് തീരെ അപ്രധാനമായ ഒരു വകുപ്പിലേക്ക് എന്നെ മാറ്റി.

എന്നാൽ പ്രിയപ്പെട്ടവരേ, പത്തുവർഷക്കാലം ഞാനവിടെ ജോലി ചെയ്തപ്പോൾ, കഴിവുകെട്ടവൻ എന്നുപറഞ്ഞ ആ സ്ഥാപനത്തിൽ ഞാൻ വഹിച്ച എല്ലാ സ്ഥാനങ്ങളിലും best performer ആക്കി എന്റെ ദൈവം എന്നെ മാറ്റി. അതിനെ തുടർന്ന് എനിക്ക് നല്ലൊരു ജോലി ദുബായിൽ ലഭിക്കുകയും ആ ദേശത്തേക്ക് കടന്നുവരുവാൻ ഇടയാകുകയും ചെയ്തു. ഞാൻ വന്ന് രണ്ട് മാസമായിട്ടും എനിക്ക് വിസ ലഭിച്ചില്ല. ഞാൻ ഉദ്ദേശിച്ച ജോലിയും ലഭിച്ചില്ല. രണ്ട് പ്രാവശ്യം നാട്ടിൽ തിരികെ വന്നു പോയി. നിരാശ മാത്രമായിരുന്നു ഫലം.

കൈയിൽ ആകെ പതിനയ്യായിരം രൂപയുണ്ട്. ഒരു ജോലി കിട്ടുവാൻ ഒരു മാർഗ്ഗവുമില്ല. എല്ലാ വഴികളും അടഞ്ഞു. എന്നാൽ അത്ഭുതകരമായി ഞാൻ ഒരിക്കലും പ്രതീക്ഷിക്കാത്ത രീതിയിൽ ഒരു ബാങ്ക് അക്കൗണ്ട് പോലും ഇല്ലാത്ത അവസ്ഥയിൽ വലിയോരു ബിസിനസ്സ് എന്നെക്കൊണ്ട് എന്റെ ദൈവം നടത്തിച്ചു. ഇന്നെനിക്ക് Dubai - യിൽ സ്വന്തമായി ഒരു സ്ഥാപനമുണ്ട്. എല്ലാവരാലും നിന്ദിയ്ക്കപ്പെട്ട ഞങ്ങളുടെ കുടുംബത്തെ ഇന്ന് ഞങ്ങളുടെ ദേശത്ത് ഒരു അത്ഭുതമായി ദൈവം മാറ്റിയിരിക്കുന്നു. ഞങ്ങൾക്ക് നഷ്ടപ്പെട്ടത് എല്ലാം പതിന്മടങ്ങായി മടക്കിത്തന്ന യേശു ഇന്നും ജീവിക്കുന്നു. തോറ്റുപോയിക്കൊണ്ടിരുന്ന പാപങ്ങളിൽ ജയം തരുന്ന ഒരു യേശു ഇന്നും ജീവിക്കുന്നു.

എന്റെ വിവാഹശേഷം നാലുവർഷക്കാലത്തോളം എനിക്ക് കുട്ടികളുണ്ടായിരുന്നില്ല. ഞങ്ങൾക്ക് രണ്ടുപേർക്കും multiple complications ഉണ്ടായിരുന്നു. ഞങ്ങൾ വൈദ്യശാസ്ത്രത്തിൽ പോകാവുന്ന രംഗങ്ങളിലെല്ലാം പല വൈദ്യന്മാരുടെ അടുക്കലും പോയി. ആയൂർവ്വേദം പരീക്ഷിച്ചു. കേരളത്തി

ലെയും വിദേശത്തെയും നാലു പ്രഗത്ഭ ഹോസ്പിറ്റലുകളിൽ പോയി. നിരാശയായിരുന്നു ഫലം. നാലുപ്രാവശ്യം കൃത്രിമ മാർഗ്ഗങ്ങൾ നോക്കി. വിജയം കണ്ടില്ല.

എന്നാൽ എല്ലാ പ്രതീക്ഷയും കൈവിട്ടപ്പോൾ ഈ കൂട്ടായ്മയിൽ ബഹുമാനപ്പെട്ട യോഹന്നാൻ സാറിന്റെ അടുക്കലേക്ക് പ്രാർത്ഥനാസഹായം ചോദിച്ച് ഞങ്ങൾ വന്നു. ദൈവദാസൻ ഞങ്ങളുടെ ഹൃദയത്തിന്റെ നേരെ വിരൽ ചൂണ്ടി. ഞങ്ങളുടെ ജീവിതത്തിൽ തിരുത്തേണ്ട കാര്യങ്ങളെപ്പറ്റി വ്യക്തമായി ബോധിപ്പിച്ചു. സത്യവചനം തന്ന് ഞങ്ങളെ യഥാസ്ഥാനപ്പെടുത്തി. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരു മാസത്തിനുള്ളിൽ തന്നെ തികച്ചും നോർമൽ ആയി വൈദ്യശാസ്ത്രം കൈവിട്ട സ്ഥാനത്ത് എന്റെ ഭാര്യ ഗർഭം ധരിച്ചു. ഇന്നെനിക്ക് ആരോഗ്യമുള്ള നാലു കുഞ്ഞുങ്ങളുണ്ട്.

ഇന്ന് കുടുംബമായി ഞാനും എന്റെ സഹോദരനും ഞങ്ങളുടെ കുടുംബവും ഞങ്ങളുടെ അമ്മച്ചിയോടൊപ്പം ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനോട് ചേർന്ന് ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ മാധുര്യവും അനുഭവിച്ചുകൊണ്ട് ജീവിക്കുന്നു. ഈ കൂട്ടായ്മയിൽ ഞാൻ അടഞ്ഞ മനസ്സുമായിട്ട് വന്ന ആദ്യദിവസം തന്നെ സഭയല്ല മാറേണ്ടത്, സമുദായമല്ല മാറേണ്ടത്, മനസ്സാണ് മാറേണ്ടത് എന്ന് കേട്ടത് എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ ഞാൻ കുറിച്ചിരുന്നു.

ഏകദേശം 20 വർഷക്കാലമായി ഞാൻ ഈ കൂട്ടായ്മയോട് ചേർന്നു നിൽക്കുന്നു. ഇന്നേവരെ ഞങ്ങളോട് ഒരുപൈസപോലും ആവശ്യപ്പെട്ടിട്ടില്ല. ഞങ്ങൾക്ക് എല്ലാ അനുഗ്രഹങ്ങളും തന്ന കർത്താവായ യേശുക്രിസ്തുവിനെ പരിചയപ്പെടുത്തുക മാത്രമാണ് ചെയ്തുതന്നത്. എനിക്ക് ആകെപ്പാടെ നഷ്ടപ്പെട്ടത് ചീഞ്ഞുനാറുന്ന എന്റെ പാപസ്വഭാവങ്ങൾ മാത്രമാണ്.

ഞാനിന്ന് സമാധാനത്തോടും സന്തോഷത്തോടും പ്രത്യാശയോടും കൂടി ജീവിക്കുന്നു. തികഞ്ഞവനായി എന്നല്ല.

ലഭിച്ചുകഴിഞ്ഞു എന്നുമല്ല. ഞാൻ ക്രിസ്തുയേശുവിനാൽ പിടിയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടിയ്ക്കാമോ എന്നുവെച്ച് പിൻതുടരുന്നതേയുള്ളൂ.

ദൈവത്തിനു സ്തോത്രം. പ്രിയപ്പെട്ട തോമസിന്റെ സ്ഥിതി കർത്താവ് മാറ്റിയത് നാം വായിച്ചല്ലോ. "ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കുകയും യിസ്രായേൽ ആനന്ദിക്കുകയും ചെയ്യും." സ്ഥിതി മാറ്റുന്ന ദൈവം! ഞാൻ കഴിഞ്ഞ കുറെ നാളുകൾക്ക് മുമ്പ് Church Weekly - ൽ ഒരു സംഭവകഥ വായിക്കുകയുണ്ടായി. അത് വളരെ ഹൃദയസ്പർശിയായിരുന്നു.

ഒരാൾ ഒരു സൂപ്പർ മാർക്കറ്റിലെത്തി. അദ്ദേഹം അവിടെ നിൽക്കുമ്പോൾ ഒരു വല്യമ്മ നാലഞ്ച് വയസ്സ് പ്രായമുള്ള ഒരു കുട്ടിയേയുംകൊണ്ട് അവിടെ വന്നു. ആ വല്യമ്മയും കുട്ടിയും കൂടെ ചെന്ന് ഒരു പാവ എടുത്തു. ആ മോൻ അത് കൈയിൽ പിടിച്ചുകൊണ്ട് നില്ക്കുകയാണ്. വല്യമ്മ അതിന്റെ വില ചോദിച്ചപ്പോൾ ആ വില കൊടുക്കാനുള്ള തുക കൈയിലില്ല. വല്യമ്മ പറഞ്ഞു: മോനേ, രൂപ തികയില്ലല്ലോ. കുട്ടിയുടെ മുഖം മ്ലാനമായി. ആ കുട്ടി ഈ പാവ തിരിച്ചും മറിച്ചും നോക്കി. പാവ കൈയിൽ നിന്ന് വയ്ക്കാൻ തോന്നുന്നില്ല. പക്ഷേ, വില കൊടുക്കാനുള്ള പൈസ കൈയിൽ ഇല്ലതാനും.

കുട്ടി അമ്മയോട് ചോദിച്ചു: അമ്മേ, രൂപ തികയില്ലേ? ഇല്ല മോനേ, രൂപ തികയില്ല. കുട്ടിയുടെ മുഖം വളരെ മ്ലാനമായി. അവൻ ദുഃഖത്തോടെ നിൽക്കുകയാണ്. അമ്മ വേറെ എന്തോ വാങ്ങാനായിട്ട് ഇത്തിരി മാറി. കുട്ടി അവിടെത്തന്നെ നിൽക്കുന്നു. അപ്പോൾ ഒരാൾ അവന്റെ അടുക്കലേക്ക് ചെന്നു: "മോനേ, എന്താ? പൈസ തികയില്ല അല്ലേ? മോൻ പറഞ്ഞു: "അതെ, എനിക്ക് എന്റെ അനിയത്തിക്കു കൊടുത്തുവിടാനായിരുന്നു ഈ പാവ."

"അതെന്താ?"

"എന്റെ അനിയത്തിക്ക് ഈ പ്രാവശ്യത്തെ ക്രിസ്തുമ

സ്സിന് സാന്റാക്ലോസ് വരുമ്പോൾ പാവയും കളിപ്പാട്ടവുമൊക്കെ കൊടുക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ, അത് നടക്കില്ല.”

“അതെന്താ?”

“അവൾ അതിനുമുമ്പ് ഒരിക്കലും തിരിച്ചുവരാത്ത ഒരു സ്ഥലത്തേക്ക് പോയിരിക്കുകയാണ്. അങ്ങനെയാ എന്റെ ഡാഡി എന്നോട് പറഞ്ഞത്.”

ഒരിക്കലും തിരിച്ചുവരാത്ത ഒരു സ്ഥലത്തേക്ക്! അപ്പോൾ അദ്ദേഹത്തിനു മനസ്സിലായി അനിയത്തി മരിച്ചു പോയിയെന്ന്!

“ഡാഡി എന്നോട് പറഞ്ഞു, താമസിയാതെ അമ്മ അങ്ങോട്ട് പോകുന്നുണ്ടെന്ന്. അപ്പോൾ അമ്മയുടെ കൈയിൽ കൊടുത്തുവിടാം, എന്ന് വിചാരിച്ചാണ്. എന്റെ അനിയത്തിക്കു വലിയ കാര്യമാണ് പാവ. അതുകൊണ്ട് അവളുടെ കൈയിൽ കൊടുക്കാൻ അമ്മ പാവ കൊണ്ടുപോകും എന്ന് പ്രതീക്ഷിച്ച് വാങ്ങാൻ വന്നതായിരുന്നു. ഇന്നലെ രാത്രി ഞാൻ ഒരുപിടി പ്രാർത്ഥിച്ചതായിരുന്നു ദൈവത്തോട്. കർത്താവേ, എനിക്ക് എന്റെ അനിയത്തിക്കു കൊടുത്തുവിടാൻ ഒരു പാവ തരണേ എന്ന്. എന്തോ, രൂപ തികയില്ല.”

അദ്ദേഹം ആ കുട്ടിയുടെ അടുക്കലേക്ക് ചേർന്നു നിന്നിട്ട് പറഞ്ഞു: “മോനേ, നമുക്ക് തികയുമോ എന്നു നോക്കാം. മോന്റെ കൈയിൽ എന്തോരും പൈസയുണ്ട്?” അവൻ പേഴ്സ് അദ്ദേഹത്തിന്റെ കൈയിലേക്ക് കൊടുത്തു.

അദ്ദേഹം തന്റെ പേഴ്സിൽ നിന്ന് കുറച്ച് രൂപ കൂടെ അതിലേക്ക് ഇട്ടു. എന്നിട്ട് അദ്ദേഹം പറഞ്ഞു: “മോനേ, തികയുന്നുണ്ടല്ലോ. രൂപയുണ്ടല്ലോ. വിലയെക്കാൾ കുറച്ച് കൂടുതലുണ്ടുതാനും.” അദ്ദേഹം തന്റെ പേഴ്സിൽ പണമിട്ടത് മോൻ അത്ര ശ്രദ്ധിച്ചില്ല.

അവൻ വീണ്ടും പറഞ്ഞു: “ഒരു കാര്യം കൂടി ദൈവത്തോട് എങ്ങനെയാ ചോദിക്കുന്നത്? എനിക്ക് ഒരു വൈറ്റ്

റോസ് കൂടി വാങ്ങിക്കണം എന്നുണ്ടായിരുന്നു. ഒരു വെളുത്ത റോസാപ്പൂവ് കൂടി വാങ്ങിക്കണം. കാരണം, എന്റെ അമ്മയ്ക്ക് അത് വല്യ ഇഷ്ടമാണ്. അമ്മ പോകുമ്പോൾ ഒരു വൈറ്റ് റോസ് കൂടി കൊടുത്തുവിടണം എന്നുണ്ടായിരുന്നു. ഇപ്പോൾ ദൈവം എനിക്ക് അതുകൂടി മേടിയ്ക്കാനുള്ള പൈസ തന്നു."

ആ കുട്ടി പാവയും വൈറ്റ് റോസും വാങ്ങി. അപ്പോൾ ഇദ്ദേഹം മാറിനിന്ന് കണ്ണ് തുടച്ചു. കാരണം, രണ്ടു ദിവസം മുമ്പാണ് പത്രത്തിൽ വായിച്ചത്, ഒരു വലിയ കാർ ആക്സി ഡന്റ് നടന്നത്. ഒരു യുവതിയായ സ്ത്രീ കാറോടിക്കുകയായി രുന്നു. അവളുടെ കൊച്ചുപെൺകുട്ടി കൂടെയുണ്ടായിരുന്നു. ഒരു ട്രക്ക് വന്നിടിച്ച് കാർ തകർന്നു. കുട്ടി അവിടെവച്ച് തന്നെ മരിച്ചു. ഈ അമ്മ മരിച്ചില്ല. പക്ഷേ, മരിക്കാറായി വെന്റിലേറ്റ റിൽ കിടക്കുകയാണ്. അപ്പോഴാണ് ഈ കുട്ടി പാവ വാങ്ങാൻ വല്യമ്മയുടെ കൂടെ മാളിൽ വന്നത്. പോകുന്നതിനുമുമ്പ് അവൻ തന്റെ ഡാഡിയോട് പറഞ്ഞിട്ടാണ് വന്നിരിക്കുന്നത്: "ഞാൻ വരുന്നതിനുമുമ്പ് അമ്മ പോകല്ലേ എന്ന് ഡാഡി ഒന്നു പറഞ്ഞേക്കണേ" എന്ന്. പാവം, നിഷ്ക്കളങ്കനായ ആ കുഞ്ഞിന്റെ ഹൃദയത്തിന്റെ വേദന, അമ്മയോടുള്ള സ്നേഹം, അവന്റെ അനിയത്തിയോടുള്ള സ്നേഹം, അതെല്ലാം കണ്ട് ഹൃദയം തകർന്ന്, കണ്ണ് നനഞ്ഞ് അദ്ദേഹം നോക്കിക്കൊണ്ടു നിന്നു.

അപ്പോഴേക്കും വല്യമ്മ വന്നു. ഈ കുട്ടി അമ്മയുടെ കൂടെ പോകുകയും ചെയ്തു. അടുത്ത ദിവസം പത്രത്തിൽ കണ്ടു, അന്ന് ആക്സിഡന്റ് പറ്റിയ ആ സ്ത്രീ മരിച്ചുപോയി, ശവസംസ്ക്കാര ദിവസമാണ്. അദ്ദേഹത്തിനു തോന്നി, അവി ടെയൊന്ന് പോയാലോ. അന്വേഷിച്ച് പിടിച്ച് അദ്ദേഹം ആ വീട്ടിൽ ചെന്നു. അപ്പോൾ ആ സ്ത്രീയുടെ കൈയിൽ ഒരു വെളുത്ത റോസാപ്പൂവ്. ആ സ്ത്രീയുടെ മാറോടടക്കിപ്പിടിച്ച് ആ പാവ. അദ്ദേഹം അവിടെ നിന്നുകൊണ്ട് പിന്നെയും വിതുമ്പി.

ഈ സംഭവം വായിച്ചപ്പോൾ ഞാനും തെല്ല് കരഞ്ഞു പോയി.

പ്രിയപ്പെട്ടവരേ, ഏതെല്ലാം തരത്തിലുള്ള ദുരിതങ്ങളിലൂടെയാണ് മനുഷ്യൻ കടന്നുപോകുന്നത്! ഏറ്റവും പ്രിയപ്പെട്ടവരുടെ വിയോഗദുഃഖം! അകാല മരണം! അപ്രതീക്ഷിതമായ, ആകസ്മികമായ അത്യാഹിതങ്ങൾ! എന്തെല്ലാമെന്തെല്ലാം പ്രശ്നങ്ങൾ! എന്നാൽ, അങ്ങനെയുള്ള യാതനാഭരിതമായ ജീവിതത്തിന്റെ രംഗങ്ങളിലെല്ലാം സമാധാനം തരാൻ കർത്താവായ യേശുക്രിസ്തുവിനു കഴിയും. കർത്താവ് എങ്ങനെ സമാധാനം തരുമെന്ന് മനുഷ്യർക്ക് മനസ്സിലാവുകയില്ല.

യേശു പറഞ്ഞു: “സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്.” കർത്താവ് ഒടുവിലായി പറഞ്ഞ വാക്കുകൾ! ക്രൂശിലേക്ക് പോകുന്നതിനുമുമ്പ്, വിസ്താരരംഗത്തേക്ക് പോകുന്നതിനു മുമ്പ് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാർ പതിനൊന്ന് പേരോടായിട്ടാണ് കർത്താവിത് പറഞ്ഞത്.

സഹോദരങ്ങളേ, നിങ്ങളുടെ ആരുടെയെല്ലാം ഹൃദയം നീറിപ്പുകഞ്ഞിരിക്കുന്നുണ്ട്? ജീവിതത്തിലെ വൈഷമ്യങ്ങളുടെ മുന്നിൽ പതറിയിരിക്കുന്നുണ്ട്? ക്ലേശങ്ങളുടെ മുന്നിൽ ഏങ്ങലടിയ്ക്കുന്നുണ്ട്? മനസ്സ് നൊന്ത് വിങ്ങിയിരിക്കുന്നുണ്ട്? എന്നാൽ, സമാധാനം തരാൻ കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. ക്രൂശിൽ കിടന്ന് കർത്താവായ യേശുക്രിസ്തു ഒടുവിലായി പറഞ്ഞ വാക്ക്: “പിതാവേ, എന്റെ ആത്മാവിനെ നിന്റെ കൈയിലേക്ക് ഏല്പിക്കുന്നു” എന്നാണ്.

ആത്മാവിനെ പിതാവിന്റെ കൈയിലേക്ക് ഏല്പിച്ചുകൊണ്ട് നിത്യനായ രക്ഷകൻ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടെങ്കിലും അവിടുന്ന് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. ക്രിസ്തു നമുക്ക് ശാന്തിയരുളും. നമ്മുടെ ഹൃദയത്തിനു സമാധാനം തരും. നമ്മുടെ കുടുംബത്തിൽ സമാധാനം പകരും. യേശു നിങ്ങളുടെ ഹൃദയത്തിലുണ്ടെങ്കിൽ ഏത് വൈഷമ്യമേറിയ

അവസരങ്ങളിലും, ഏത് പ്രശ്നസങ്കീർണ്ണമായ സമയങ്ങളിലും, നിങ്ങൾക്ക് ആശ്വാസം തരും.

> *"ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്നു പറഞ്ഞു. യോഹന്നാൻ 16 : 33*

ലോകത്തെ ജയിച്ച ജയവീരനായ യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് എതിരേൽക്കുമെങ്കിൽ, യേശു നിങ്ങളുടെ ഹൃദയത്തിൽ വസിക്കുമെങ്കിൽ യേശു നിങ്ങളുടെ കരത്തിൽ പിടിക്കും. അപ്പോൾ നിങ്ങൾ അത്ഭുതശാന്തി അനുഭവിക്കും. യേശു നയിക്കുമ്പോൾ നിങ്ങൾ സ്വസ്ഥത അനുഭവിക്കും. നിങ്ങളുടെ കുടുംബം സ്വർഗ്ഗമായിത്തീരും; ശാന്തസുന്ദരമായിത്തീരും. നിങ്ങളുടെ ജീവിതം ഭാസുരമായിത്തീരും. നിങ്ങൾ അനുഗൃഹീതരായിത്തീരും.

ഈ ലോകത്തിലെ താത്ക്കാലികജീവിതം കഴിഞ്ഞ് നിത്യതയിലേക്ക് പറന്നണയുമ്പോൾ നിത്യസ്വർഗ്ഗഭൂവിൽ രാജാധിരാജന്റെ പാവനപാദം മുത്തി, യേശുവിന് സ്തുതി കരേറ്റുവാൻ നിങ്ങൾക്കും യോഗ്യത കിട്ടും. കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ പറന്നുയരുന്ന വിശുദ്ധന്മാരുടെ നിരയിൽ നിന്നു സ്തുതിപ്പാൻ നിങ്ങൾക്കും ഭാഗ്യം ലഭിക്കും. ആ മഹാഭാഗ്യത്തിലേക്ക് ക്രിസ്തു നിങ്ങളെ ക്ഷണിക്കുകയാണ്; വിളിക്കുകയാണ്. ക്രിസ്തുവിന്റെ പാദത്തിലേക്ക് ഓടിവരുവിൻ. ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിൽ നിന്ന് സമാധാനം അനുഭവിപ്പിൻ.

# പതിനൊന്ന്

സെന്റ് അഗസ്റ്റിൻ വിശുദ്ധനായിരുന്നു. എന്നാൽ ആദ്യകാലത്ത് വിശുദ്ധനായിരുന്നില്ല എന്നുമാത്രമല്ല ഏറ്റവും ഹീനമായ ജീവിതം നയിച്ച ഒരാളായിരുന്നു. ഏറ്റവും മ്ലേച്ഛമായ ജീവിതം നയിച്ചു; വളരെ ഹീനമായ ജീവിതം. ചെറുപ്പത്തിൽതന്നെ അപ്പൻ മരിച്ചുപോയി. അമ്മയാണ് അഗസ്റ്റിനെ പിന്നെ വളർത്തിയത്. അമ്മ ഓമനിച്ചുവളർത്തി. എന്നാൽ അപ്പനില്ലാത്തതുകൊണ്ട് തോന്നിയതുപോലെ പാപത്തിൽ മുഴുകി ജീവിച്ചു. സെന്റ് അഗസ്റ്റിൻ എഴുതിയ 'കൺഫെഷൻസ്' എന്ന പുസ്തകം അദ്ദേഹത്തിന്റെ ആത്മകഥയാണ്.

കൺഫെഷൻസ് - ഏറ്റുപറച്ചിൽ അഥവാ കുമ്പസാരം. ആ പുസ്തകത്തിൽ, അദ്ദേഹത്തിന്റെ ജീവിതത്തിൽ വന്ന വലിയ ആന്തരിക സംഘർഷങ്ങൾ (stress and strain), മുഴുവൻ നമുക്ക് വായിച്ച് മനസ്സിലാക്കുവാൻ സാധിക്കും. എത്ര ഞെളിപിരികൊണ്ടാണ് അദ്ദേഹം കഴിഞ്ഞത്! പാപത്തിന്റെ ഭീകരമുഷ്ടികൾ അദ്ദേഹത്തെ വലയം ചെയ്യുകയും തിന്മയിലേക്ക് നയിച്ചുകൊണ്ടുപോകുകയും ചെയ്തു.

പക്ഷേ, ആ അമ്മ മോനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നിരന്തരം കരഞ്ഞുകൊണ്ടിരുന്നു. ഒരു ബിഷപ്പും അഗസ്റ്റിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അഗസ്റ്റിൻ മാനസാന്തരപ്പെട്ടു, സെന്റ് അഗസ്റ്റിൻ ആയി. കുത്സിത ജീവിതമാർഗ്ഗങ്ങൾ വിട്ടു. മ്ലേച്ഛവഴികൾ വിട്ടു. ദുർന്നടപടികൾ വിട്ടു. മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ സെന്റ് അഗസ്റ്റിൻ പറയുന്ന പ്രസിദ്ധമായ ഒരു വാക്യമുണ്ട്:

“My mother gave me breast milk to drink.” എന്റെ അമ്മ എനിക്ക് മുലപ്പാൽ കുടിയ്ക്കാൻ തന്നു. “And my mother drank her tears for me.” എന്റെ അമ്മ അവളുടെ കണ്ണുനീര് എനിക്കു വേണ്ടി കുടിച്ചു.

കണ്ണീരിന്റെ മക്കൾ നഷ്ടപ്പെട്ടുപോകയില്ല. പ്രാർത്ഥന യിൽ കണ്ണീരോടെ ദൈവകരങ്ങളിൽ ഏൽപ്പിക്കുന്ന മക്കൾ നഷ്ടപ്പെട്ടുപോകയില്ല. അവർ വളരും, അവർ ഉയരും, അവർ മാനസാന്തരപ്പെടും. മാതാപിതാക്കളുടെ കണ്ണീരിന്റെ ഫല മായി, മാതാപിതാക്കളുടെ ഏങ്ങലടികളുടെ ഫലമായി, മാതാ പിതാക്കളുടെ പ്രാർത്ഥനയുടെ ഫലമായി മാനസാന്തരപ്പെട്ട ഒരാളെ ഇപ്പോൾ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തി തരിക യാണ്. ദൈവകൃപയാൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷി പ്പിന്റെ സുവിശേഷയോഗങ്ങളിൽ പ്രസംഗിക്കുന്ന പ്രിയപ്പെട്ട ശ്രീ. സി.വി. ജോർജ്ജ്.

“ദൈവതിരുനാമത്തിന് മഹത്വമുണ്ടാകട്ടെ. മഴുവന്നൂർ എന്ന സ്ഥലത്താണ് എന്റെ ഭവനം. മഴുവന്നൂർ സെന്റ് തോമസ് പള്ളിയോടുചേർന്ന് നിൽക്കുന്ന ഒരു യാക്കോബായ കുടുംബ ത്തിലാണ് ഞാൻ ജനിച്ചതും വളർന്നതും. ഒരു സാധാരണ കൃഷിക്കാരന്റെ ഭവനമായിരുന്നു എന്റേത്. എന്നാൽ എന്റെ പിതാവിന്റെ സഹോദരന്മാർക്കെല്ലാം നല്ല ഉന്നതമായ ഉദ്യോഗ മുണ്ടായിരുന്നു. എന്റെ ഭവനത്തിൽ ഭൂസ്വത്തുക്കളുണ്ടായിരു ന്നുവെങ്കിലും പണത്തിനു വലിയ ബുദ്ധിമുട്ടുണ്ടായിരുന്നു. എന്റെ വിദ്യാഭ്യാസകാലത്തെല്ലാം ഒരേ ഒരു ഡ്രസ്സ്കൊണ്ട് എല്ലാ ദിവസവും സ്ക്കൂളിൽപോയ നാളുകളായിരുന്നു. കൃഷി യുണ്ടായിരുന്നതുകൊണ്ട് ഭക്ഷണത്തിന് മാർഗ്ഗമുണ്ടായിരുന്നു.

എന്റെ പിതാവ് ആയുസ്സിലൊരിക്കലും മദ്യപിച്ചിട്ടില്ലാത്ത ഒരു വ്യക്തിയായിരുന്നു. എന്നാൽ ഞാൻ ഓർക്കുന്നുണ്ട്, എന്റെ പിതാവും മാതാവും എപ്പോഴും കോപിച്ച് സംസാരിക്കുകയും വാശിപിടിക്കുകയും, ഇഷ്ടക്കുറവോടെ ഇരിക്കുകയുമെല്ലാം ചെയ്യുമായിരുന്നു. ഒരു നാമധേയ ക്രിസ്തീയകുടുംബമായി

രുന്നു ഞങ്ങളുടേത്. ആ കാലങ്ങളിൽ എന്റെ സഹോദരൻ സണ്ടേസ്ക്കൂളിനോടും പള്ളിയോടും അവിടുത്തെ സുവിശേഷ വേലകളോടും ചേർന്ന് നടന്നിരുന്നു.

എന്നാൽ ക്രിസ്തു ആരെന്ന് അറിയാതെപോയ കാലം. ആ കാലയളവിലാണ് 1973-ൽ വലിയോരു ഉണർവ്വിന്റെ കാറ്റ് തിരുവനന്തപുരം മുതൽ കടയിരുപ്പ്, കോലഞ്ചേരി, മഴുവന്നൂർ, ഹൈറേഞ്ച് അങ്ങനെ അനേക പ്രദേശങ്ങളിലുണ്ടായത്. ആ ഉണർവ്വിന്റെ കാറ്റ് ഞങ്ങളുടെ മഴുവന്നൂർ ദേശത്തേക്കും ആഞ്ഞടിച്ചു.

എന്റെ പിതാവും എന്റെ സഹോദരനും എന്റെ മാതാവും കുടുംബമായി ആ കൂട്ടായ്മയിൽ ചേർന്നുനിന്നിരുന്നു. എന്റെ അപ്പനും അമ്മയ്ക്കും എന്റെ സഹോദരനുമെല്ലാം ശരിയായ ഒരു മാനസാന്തരത്തിന്റെ അനുഭവം കിട്ടിയിരുന്നു. എന്നാൽ എനിക്കൊരു മാനസാന്തരത്തിന്റെ അനുഭവം അന്ന് കിട്ടിയിരുന്നില്ല.

ഞാനെന്റെ മാതാപിതാക്കളോടുകൂടെ അനേക നാളുകൾ കൂട്ടായ്മയിൽ വന്നു. എന്നാൽ എനിക്ക് ക്രിസ്തു ആരാണെന്നോ ക്രിസ്തുവിന്റെ സ്നേഹം എന്താണെന്നോ വിശുദ്ധ ജീവിതം എന്തിനാണെന്നോ ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. വളരുന്തോറും എന്റെ ഹൃദയം പാപത്തിലേക്കും ഈ ലോകത്തിലേക്കും പൊയ്ക്കൊണ്ടിരുന്നു. നാളുകൾ കഴിഞ്ഞപ്പോൾ എന്റെ ഭവനത്തിൽ നിന്ന് അപ്പനും അമ്മയുമൊഴിച്ച് ഞങ്ങൾ മക്കൾ ആരും കൂട്ടായ്മയ്ക്ക് വരാതായിത്തീർന്നു.

എന്റെ വീട് രോഗത്തിന്റെ വലിയ ഒരു ബാധയുള്ള ഭവനമായിരുന്നു. എന്റെ പിതാവിനു രോഗമുണ്ടായിരുന്നു. എന്റെ ഇളയ സഹോദരി എഴുന്നേറ്റ് നടക്കാൻ കഴിയാത്ത ഒരു മാറാരോഗത്തിന്റെ അടിമയായിരുന്നു.

മാതാപിതാക്കളെ അനുസരിക്കാത്ത ഒരു പ്രകൃതം ഞാൻ വളരുന്തോറും എന്നിൽ വളർന്നു വന്നു. എനിക്ക് ലോക

ത്തിൽ അനേകം കൂട്ടുകാരുണ്ടായിരുന്നു. ഞാൻ ഉച്ചവരെ എന്റെ ഭവനത്തിൽ നല്ലതുപോലെ അദ്ധ്വാനിക്കും. ഉച്ചകഴി ഞ്ഞാൽ ഞാൻ ലോകത്തിന്റെ വഴികളിലേക്ക്, കവലകളിലേ ക്കിറങ്ങും.

എന്റെ കൂട്ടുകാരുമൊത്ത് അമ്പലപ്പറമ്പുകളിൽ കറങ്ങിന ടക്കുക, നാടകം കാണുക, സിനിമ കാണുക, അശുദ്ധമായ ജീവിതം നയിക്കുക തുടങ്ങിയ വഴിവിട്ട അനേകം മാർഗ്ഗങ്ങളി ലൂടെ ജീവിച്ചുപോയ കാലങ്ങൾ. എന്റെ ഭവനത്തിൽ അപ്പനും അമ്മയും ആത്മീയരായിരുന്നു. എങ്കിലും ഞങ്ങളെല്ലാവരും ചേർന്ന് ഒരു കുടുംബപ്രാർത്ഥന എന്റെ ഭവനത്തിലുണ്ടായിരു ന്നില്ല. ഞാൻ ഉച്ചകഴിഞ്ഞിറങ്ങിയാൽ രാത്രി ഒരു പതിനൊന്നുമ ണിയൊക്കെയാകുമ്പോഴേ എന്റെ ഭവനത്തിൽ കയറി വരിക യുള്ളൂ.

നാളുകൾ അങ്ങനെ കടന്നുപോയി. എത്ര മദ്യപിച്ചാലും എനിക്കൊരു സാമാധാനമോ, സന്തോഷമോ കിട്ടിയിരുന്നില്ല. ഞാനൊരു സ്ഥിരം മദ്യപാനിയായിരുന്നില്ലെങ്കിലും ഞാൻ മൂക്കറ്റം കുടിച്ച് ബോധമില്ലാതെ കിടന്ന കാലങ്ങളൊക്കെയുണ്ട്. അശുദ്ധമായ സിനിമകളെല്ലാം കണ്ടുനടന്ന കാലങ്ങൾ. എന്നാൽ ആ മദ്യപാനം കഴിയുമ്പോഴും ആ സിനിമ കണ്ടിറങ്ങുമ്പോ ഴുമെല്ലാം എനിക്കൊരു കാര്യമറിയാമായിരുന്നു, ഏതോ ഒരു ശൂന്യത എന്റെ ഹൃദയത്തിലുണ്ടെന്ന്. ഞാൻ ആഗ്രഹിക്കുന്ന തൊന്നും എനിക്ക് എത്തിപ്പിടിക്കാൻ കഴിയുന്നില്ല എന്ന്.

ആ കാലങ്ങളിൽ എന്റെ വിവാഹം കഴിഞ്ഞു. വിവാഹ ത്തിന്റെ ആദ്യനാളുകൾ മുതൽ ഞാനും എന്റെ ഭാര്യയും തമ്മിൽ അനേകം പൊരുത്തക്കേടുകളുണ്ടായിരുന്നു. ഞാൻ ഉറഞ്ഞ് തുള്ളുന്ന കോപമുള്ള ഒരു മനുഷ്യനായിരുന്നു. അപ്പ നെന്നോ അമ്മയെന്നോ നോക്കാതെ ഞാൻ കോപിക്കുമായി രുന്നു. ഞാൻ ഉറഞ്ഞുതുള്ളി എന്റെ ഭാര്യയോട് അസഭ്യമായ വാക്കുകൾ പറഞ്ഞ് കോപിക്കും. അപ്പോൾ എന്റെ ഭാര്യ ഒന്നും രണ്ടും പറഞ്ഞ് പൊട്ടിക്കരയും. പിന്നെ ചില ദിവസങ്ങൾ

അവൾ മിണ്ടാതെ നടക്കും.

അവൾ പൊട്ടിക്കരയുമ്പോൾ എന്റെ അമ്മ ചോദിക്കും: നീ എന്തിനാണിങ്ങനെ കരയുന്നതെന്ന്. എന്റെ അമ്മ പലപ്പോഴും എന്റെ ഭാര്യയോട് പറയാറുണ്ട്, യേശുക്രിസ്തുവിന്റെ വചനം കേട്ടാൽ നിനക്ക് സമാധാനം കിട്ടുമെന്ന്. ചിലപ്പോഴൊക്കെ എന്റെ ഭാര്യ എന്നോട് ചോദിക്കും ഞാൻ യോഗത്തിന് പോയ്ക്കോട്ടേ എന്ന്. ചിലപ്പോഴൊക്കെ അവൾ എന്റെ മാതാപിതാക്കളുടെ കൂടെ ഈ കൂട്ടായ്മയിൽ വന്നിട്ടുണ്ട്.

വചനം കേട്ട് തിരികെ കടന്നുവരുമ്പോൾ അവൾ എന്നോട് പറയും. അവിടെ സത്യവചനമാണ് പറയുന്നത്. മറ്റൊന്നും പറയുന്നില്ല. നിങ്ങൾക്കൊന്ന് വന്നുകൂടെയെന്ന്. ഞാനെന്റെ ഭാര്യയോട് പറയാറുണ്ട്: “എന്റെ പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരാൻ കഴിയുകയില്ല.” എനിക്ക് പാപം വിടാൻ മനസ്സില്ലായിരുന്നു.

പ്രിയപ്പെട്ടവരേ, അന്ന് ഞാനൊരു മനുഷ്യനായിരുന്നില്ല. ഞാനൊരു മൃഗത്തെപ്പോലെ ജീവിച്ച മനുഷ്യനായിരുന്നു. എത്ര നീചമായ പാപം ചെയ്‌വാനോ എത്ര നികൃഷ്ടമായ പ്രവൃത്തികളിലേർപ്പെടുവാനോ എനിക്കൊരു മടിയുമില്ലായിരുന്നു. അതുപോലുള്ള കൂട്ടുകാർ എനിക്കുണ്ടായിരുന്നു.

അങ്ങനെ കാലങ്ങൾ കഴിഞ്ഞുപോയി. എന്റെ ഭാര്യ ചിലപ്പോഴെല്ലാം ഈ കൂട്ടായ്മയിൽ വരുമായിരുന്നു. എന്നാൽ ഒരിക്കലും എനിക്കിവിടെ വരാൻ താത്പര്യമുണ്ടായിരുന്നില്ല. ഞാനീ കൂട്ടായ്മയിൽ വരാതിരുന്ന കാലത്തും എനിക്കറിയാമായിരുന്നു ഒരു സത്യത്തിന്റെ ആത്മാവ് വ്യാപരിക്കുന്ന കൂട്ടായ്മയാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പെന്ന്.

എട്ടാം ക്ലാസിൽ വച്ച് എന്റെ വിദ്യാഭ്യാസം തീർന്നുപോയി. വളരെ യാദൃച്ഛികമായിട്ടാണ് എനിക്ക് മാനസാന്തരപ്പെടുവാൻ ഭാഗ്യം കിട്ടിയത്. എന്റെ മുപ്പത്തിനാലാമത്തെ വയസ്സിൽ ഞങ്ങളുടെ ദേശത്ത് ഞങ്ങളുടെ പള്ളിയുടെ ചാപ്പലിലെ കൺവൻഷനിൽ ഈ കൂട്ടായ്മയിലെ ഒരു ദൈവപൈതൽ കട

ന്നുവന്നു. അന്ന് ആ ദൈവപൈതൽ അവിടെ ചെയ്ത പ്രസംഗം എന്നെ ഇളക്കിമറിച്ചു.

അദ്ദേഹം എഴുന്നേറ്റ് നിന്ന് അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം പതിമൂന്നാം അദ്ധ്യായം മുപ്പത്തിയാറാം വാക്യം വായിച്ചു: "ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്തു." തുടർന്ന് ഒരു ചോദ്യമാണ് ചോദിച്ചത്. ഇന്ന് ഈ കൺവെൻഷൻ പന്തലിലിരിക്കുന്ന ഓരോരുത്തരുമേ, നിങ്ങൾ ആരുടെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്യുന്നവരാണ്? നിങ്ങൾ ദൈവത്തിന്റെ ആലോചനയ്ക്കാണോ അതോ പിശാചിന്റെ ആലോചനയ്ക്കാണോ ശുശ്രൂഷ ചെയ്യുന്നത്?

ഒരു ചോദ്യമോ, ഒരു വചനമോ എന്റെ മുപ്പത്തിനാല് വയസ്സുവരെയും എന്നെ തൊട്ടിട്ടില്ല. വേദപുസ്തകം ഞാൻ വായിച്ചിട്ടില്ല. ഞാൻ പ്രാർത്ഥനയ്ക്ക് കൂടിയിട്ടില്ല. എനിക്കൊരു പള്ളിഭക്തിപോലും ഉണ്ടായിരുന്നില്ല. എന്നാൽ ആ ദൈവദാസന്റെ വായിലൂടെ കടന്നുവന്ന ചോദ്യം അന്ന് രാത്രി എന്റെ ഹൃദയത്തിലേക്ക് കടന്നു. ഞാനറിയാതെ പറയാൻ തുടങ്ങി: ഞാൻ പിശാചിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്യുന്ന ഒരു മനുഷ്യനാണ്.

എന്റെ ദൃഷ്ടി കുമ്പിട്ടു. ഞാനറിയാതെ കരയാൻ തുടങ്ങി. ഒന്നിന്റെ മുമ്പിലും കരഞ്ഞിട്ടില്ലാത്ത ഈ കല്ലുപോലത്തെ ഹൃദയമുള്ള മനുഷ്യൻ ആ ദൈവവചനത്തിന്റെ കീഴിൽ അന്ന് രാത്രി ഓലോല കണ്ണുനീരൊഴുക്കി. ഒന്നരമണിക്കൂർ ആ കൺവൻഷൻ പന്തലിൽ ആ ദൈവദാസൻ പ്രസംഗിച്ച ഓരോ വചനവും ഓരോ വാക്കും സ്വർഗ്ഗത്തിലെ ദൈവം എനിക്കുവേണ്ടി കൊടുത്തുവിട്ടതാണെന്ന് എനിക്ക് മനസ്സിലായി.

ആ കൺവൻഷന്റെ ഒടുവിലത്തെ സമയത്ത് സമർപ്പണ ശുശ്രൂഷയിൽ ഞാനൊരു വാക്ക് എന്റെ കർത്താവിനോട് പറഞ്ഞു: സ്വർഗ്ഗത്തിലെ അപ്പാ, ഇന്നുമുതൽ അവിടുത്തെ

ആലോചനയ്ക്ക് ശുശ്രൂഷ ചെയ്യാൻ എനിക്ക് മനസ്സാണ്; ഈ ആയുസ്സ് എന്റെ കർത്താവിന്റെ കരങ്ങളിലേക്ക് സമർപ്പിക്കുക യാണെന്ന്. എന്താണ് സമർപ്പണമെന്നോ, എന്താണ് സ്വർഗ്ഗ ത്തിലെ ശുശ്രൂഷയെന്നോ, എന്താണ് മാനസാന്തരമെന്നോ ഒന്നും ഞാൻ അറിഞ്ഞുകൊണ്ടല്ല പറഞ്ഞത്. എന്നാൽ ആ കൺവൻഷൻ പന്തലിൽ നിന്ന് ഞാനെഴുന്നേറ്റ നിമിഷം മുതൽ എന്റെ ഹൃദയം പറക്കാൻ തുടങ്ങി.

ഈ ലോകത്തിലെ ഒരു സുഖത്തിനും തരാൻ കഴിയാതി രുന്ന, നികത്താൻ കഴിയാതിരുന്ന, എന്റെ ശൂന്യമായ ഹൃദ യത്തിലേയ്ക്ക് അന്ന് രാത്രി എന്റെ യേശു കടന്നുവന്നു. ആ കൺവൻഷൻ പന്തലിൽനിന്ന് എഴുന്നേറ്റപ്പോൾ മുതൽ ഞാന റിയാതെ എന്റെ യേശുവേ, നിനക്ക് സ്തുതി എന്ന് പറയുവാൻ തുടങ്ങി. എന്റെ ഹൃദയം സന്തോഷംകൊണ്ട് നിറഞ്ഞു. അനു താപംകൊണ്ട് എന്റെ കണ്ണ് നിറയാൻ തുടങ്ങി.

ഞാൻ എന്റെ ഭവനത്തിൽ വന്നു. അന്നെന്റെ മാതാപിതാ ക്കളോടുകൂടെ അത്താഴം ഉണ്ണുവാൻ ഇരുന്നപ്പോൾ ഞാൻ പറഞ്ഞു: ഇന്നെന്റെ ജീവിതം യേശുവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ചുവെന്ന്. അന്നെന്റെ ഭവനത്തിൽ ഒരാനന്ദത്തിന്റെ സന്ധ്യയായിരുന്നു. നാളുകളായി മക്കൾക്കുവേണ്ടി കണ്ണുനീ രോടെ പ്രാർത്ഥിച്ച എന്റെ മാതാപിതാക്കളുടെ പ്രാർത്ഥന അന്ന് സ്വർഗ്ഗത്തിലെ ദൈവം കേട്ട് ഉത്തരമരുളിയ ഒരു രാത്രി യായിരുന്നു.

എന്താണ് മാനസാന്തരമെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ ഇന്നു ഞാൻ അറിയുന്നു, രാവും പകലും പോലെ എന്റെ ജീവിതം മാറിയെന്ന്. ആ കൺവൻഷൻ പന്തലിൽ നിന്ന് ഞാനെഴുന്നേറ്റ് പോന്ന അന്ന് രാത്രി മുതൽ പഴയ കൂട്ടു കാരെ ഞാൻ കണ്ടിട്ടില്ല. അവരോട് കൂടാൻ എനിക്ക് കഴിഞ്ഞി ട്ടില്ല.

അന്നൊരു ഞായറാഴ്ചയായിരുന്നു. പിറ്റെദിവസം തിങ്ക

ളാഴ്ച മുതൽ ഞാൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്ന് മുഴങ്കാൽ മടക്കിത്തുടങ്ങി. ഇന്നുവരെയും ഈ കൂട്ടായ്മ യോട് എന്റെ കർത്താവ് എന്നെ ചേർത്തു നിർത്തി. ഞാനതു വരെ ധരിച്ചിരുന്നത് പള്ളിയിൽ പോകുന്നതാണ് ഭക്തി, പള്ളി യിൽ ചെല്ലുമ്പോഴാണ് പ്രാർത്ഥന, രണ്ടുനേരവും ഭവനത്തിലു ള്ളതാണ് പ്രാർത്ഥനയെന്നാണ്. എന്നാൽ അന്ന് എനിക്കൊരു കാര്യം ബോദ്ധ്യമായി. ഒരു ദൈവപൈതലിന്റെ ഹൃദയം എപ്പോഴും സ്വർഗ്ഗത്തിലെ ദൈവത്തോട് ചേർന്നാണ് ജീവിക്കു ന്നതെന്ന്. ഞാനതൊന്നും ആഗ്രഹിച്ചതല്ല. എനിക്ക് സ്വർഗ്ഗ ത്തിലെ അപ്പന്റെ സാന്നിദ്ധ്യം കിട്ടി.

ഞാനെന്റെ പണിക്കാരോടുകൂടെ പാടത്തെല്ലാം പണിയു മ്പോൾ അവർ ഭക്ഷണം കഴിച്ച് വിശ്രമിച്ചിരിക്കുമ്പോൾ ഞാന വിടെ മാറിയിരുന്ന് എന്റെ കർത്താവിനോട് ഹൃദയം പകർന്ന് പ്രാർത്ഥിക്കും; എന്റെ യേശുവിനെ ഞാൻ സ്തുതിക്കും. ഞാൻ വാഹനത്തിലിരിക്കുമ്പോഴും യാത്ര ചെയ്യു മ്പോഴുമെല്ലാം എന്റെ ഹൃദയം എന്റെ യേശുവിനോട് കൂടെയി രിക്കുന്ന അനുഭവം ലഭിച്ചു.

എന്റെ മദ്യപാനവും എന്റെ അശുദ്ധമായ ബന്ധങ്ങളും എന്റെ ജഡികസുഖങ്ങളും എന്റെ ഈ ലോകസുഖങ്ങളോട് ചേർന്ന് നിൽക്കുന്ന കൂട്ടുകെട്ടുകളുമെല്ലാം അന്നൊറ്റ രാത്രി കൊണ്ട് എന്റെ ജീവിതത്തിൽ നിന്ന് തെറിച്ചുപോയി.

എന്റെ യേശു എന്നെ ഈ കൂട്ടായ്മയോട് ചേർത്ത് നിർത്തി. എന്റെ യേശു ഈ കൂട്ടായ്മയിലെ ദൈവമക്കളുടെ കൈക്കീഴെ എന്നെ വളർത്തുവാൻ ഭരമേൽപ്പിച്ചു.

ഞാൻ മാനസാന്തരപ്പെട്ട ആദ്യകാലം മുതൽ എന്റെ ഹൃദ യത്തിലൊരാശയുണ്ടായി. എനിക്ക് എന്റെ കർത്താവിന്റെ ഒരു വേലക്കാരനാകണമെന്ന്. ഇനിയുള്ള കാലം ഒരു കറപറ്റാതെ എനിക്ക് ജീവിക്കണമെന്ന്. അതൊന്നും സാധിക്കുമെന്നോ എന്നെക്കൊണ്ട് കഴിയുന്ന കാര്യങ്ങളാണെന്നോ ചിന്തിച്ചില്ല.

അനേക നാളുകൾ എന്റെ പ്രാർത്ഥനാമുറിയിൽ, എന്റെ ഭവനത്തിൽ ഏകാന്തതയിലിരുന്ന് ഞാൻ പ്രാർത്ഥിച്ചത് ഓർക്കുന്നുണ്ട്: കർത്താവേ, ഞാൻ ബുദ്ധിയുള്ള മനുഷ്യനല്ല. നിന്റെ തിരുവചനം ഞാൻ ഈ മുപ്പത്തിനാല് വയസ്സുവരെയും വായിച്ചിട്ടില്ല. എന്നാൽ എന്റെ ഹൃദയത്തിൽ ഒരാശയുണ്ട്, അവിടുത്തെ വചനം എനിക്ക് പ്രസംഗിക്കണമെന്ന്.

പടിപടിയായി സ്വർഗ്ഗത്തിലെ ദൈവം ഈ കൂട്ടായ്മയി ലൂടെ എന്നെ വളർത്തി. എന്റെ അപ്പന് ഈ ഭൂമിയിൽ ഒന്നും തന്നെ നേടാൻ കഴിഞ്ഞുവെന്ന് എന്റെ ദേശത്ത് ആർക്കും പറ യാൻ കഴിയുകയില്ല. പക്ഷേ, ഈ ഭൂമിയിലെ ജീവിതകാലം കൊണ്ട് നിത്യജീവന്റെ അവകാശം പ്രാപിക്കുവാനും പോരാ, മക്കളെ ക്രിസ്തുവിങ്കലേക്ക് ആദായപ്പെടുത്തുവാനും എന്റെ പിതാവിന്റെയും എന്റെ മാതാവിന്റെയും പ്രാർത്ഥനയ്ക്ക് സാധിച്ചു.

ഈ കൂട്ടായ്മയിൽ വന്ന് മുഴങ്കാൽ മടക്കിയപ്പോൾ എനിക്ക് മനസ്സിലായി ഒരു യേശു ജീവിക്കുന്നുണ്ടെന്ന്. പരിശു ദ്ധാത്മാവ് എന്താണെന്ന് ഞാൻ കേട്ടിട്ടില്ല. പെന്തക്കോസ്തി പെരുന്നാളിന് പള്ളിയിൽ വെള്ളം തളിക്കുമ്പോൾ എന്റെ ശരീ രത്തിൽ വീണിട്ടുണ്ട്. എന്നാൽ അശുദ്ധികൊണ്ട് വിറളി പൂണ്ടി രുന്ന, ദുഷ്ടശക്തികൾ വ്യാപരിച്ചുകൊണ്ടിരുന്ന, ഈ ലോക ത്തിലെ അന്ധകാരശക്തികൾ കൊടികുത്തി വാണുകൊണ്ടി രുന്ന എന്റെ ഈ ജഡികമനുഷ്യനിൽ പരിശുദ്ധാത്മാവ് വ്യാപ രിക്കുവാൻ തുടങ്ങി. സ്വർഗ്ഗത്തിലെ ഒരു തീപ്പൊരി എന്റെ കർത്താവ് എന്റെ ഉള്ളത്തിൽ കൊളുത്തിത്തന്നു. അത് കെട്ടു പോകാതെ ഇന്നും ഊതിയൂതി കത്തിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് എനിക്ക് ഭാഗ്യം തന്നുകൊണ്ടിരിക്കുന്നു.

കുടുംബമായി ഞങ്ങൾക്ക് കർത്താവിന്റെ വേലയോട് ചേർന്ന് നിൽക്കുവാൻ യേശു ഭാഗ്യം തന്നു. ഞങ്ങളുടെ ഭവന ത്തിൽ ഒരു കൂട്ടായ്മ നടത്തുവാൻ കർത്താവ് ഭാഗ്യം തന്നു. ഞങ്ങളുടെ ദേശത്ത് അനേകം ദൈവമക്കളെ കർത്താവ്

വീണ്ടെടുത്തു.

ഒരുകാലത്ത് പിന്മാറിപ്പോയിരുന്ന എന്റെ സഹോദരന് അമേരിക്കയിൽ ജോലിക്ക് പോകാൻ ഭാഗ്യം കിട്ടി. അനേക വർഷങ്ങൾ ക്രിസ്തുവില്ലാതെ, മാനസാന്തരമില്ലാതെ പിന്മാറ്റത്തിൽ ജീവിച്ച എന്റെ സഹോദരന് ഒരു സമർപ്പണമെടുക്കുവാനും ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കുവാനും ഭാഗ്യം കിട്ടി. ജോലിയോടൊപ്പം കർത്താവിന്റെ വേലയോട് ചേർന്ന് അമേരിക്കയിൽ എന്റെ സഹോദരൻ കുടുംബമായി ജീവിക്കുന്നു.

ഞാൻ മദ്യത്തിലും അശുദ്ധിയിലും കുടുംബം കലക്കിയും ജീവിച്ച കാലത്ത് എന്നെ തേടി പള്ളിയിലെ ആരും വന്നില്ല. എന്നാൽ ഞാൻ മാനസാന്തരപ്പെട്ട് ഈ കൂട്ടായ്മയോട് ചേർന്ന് നില്ക്കുകയും ഞങ്ങളുടെ ദേശത്ത് അനേകർ മാനസാന്തരപ്പെടുകയും ചെയ്തപ്പോൾ എന്റെ ഇടവകയിൽ ബഹുമാനപ്പെട്ട പട്ടക്കാരൻ ഒരിക്കൽ എന്നെ വിളിച്ച് പറയുകയുണ്ടായി: ജോർജ്ജേ, നീയിപ്പോൾ അങ്ങോട്ടൊന്നും പോകണ്ട കാര്യമില്ല. നമുക്കിവിടെ കൂട്ടായ്മയുണ്ടല്ലോ. ഇവിടെ കുടുംബയൂണിറ്റുകളുണ്ടല്ലോ. ഇവിടെ ചേർന്നുനിന്നാൽ പോരേയെന്ന്.

അന്ന് രാത്രി ആ ബഹുമാനപ്പെട്ട അച്ചനോട് ഞാൻ പറഞ്ഞു: പരിശുദ്ധാത്മാവ് തൊട്ട ഒരു എളിയ ജീവിതമാണ് എന്റേത്. സ്വർഗ്ഗത്തിലെ അഗ്നി തൊട്ടുകിട്ടിയ ഒരു ജീവിതമാണ്. ഞാനീ ദേശത്ത് ഏറ്റവും മ്ലേച്ഛനായി ജീവിച്ച വ്യക്തിയാണ്. എന്നാൽ പരിശുദ്ധാത്മാവ് എന്നെ രൂപാന്തരപ്പെടുത്തി. ആ കൂട്ടായ്മയിൽ പരിശുദ്ധാത്മാവ് വ്യാപരിക്കുന്നുണ്ട്. ആ കൂട്ടായ്മ വിടാൻ എനിക്ക് പറ്റുകയില്ല. എന്തെല്ലാം വന്നാലും കൂട്ടായ്മയോട് ഞാൻ ചേർന്ന് നിൽക്കും.

ദൈവമക്കളേ, ഇന്ന് പള്ളിയിൽ നിന്ന് വിട്ടാലും ആരെല്ലാം വിലക്കിയാലും എനിക്കൊരു ചഞ്ചലിപ്പുമില്ല; എനിക്കൊരു

സംശയവുമില്ല. കാരണം, ക്രിസ്തു എന്റെ ഹൃദയത്തിൽ വസിക്കുന്നുണ്ട്. ഇന്ന് സഭയല്ല മാറേണ്ടത് ഹൃദയമാണ് മാറേണ്ടത് എന്ന് ബഹുമാനപ്പെട്ട പ്രൊഫസർ എം.വൈ. യോഹന്നാൻ സാർ എപ്പോഴും പറയുന്നു. ഇന്നും ഞാൻ യാക്കോബായ സഭയിൽ തന്നെ നിൽക്കുകയാണ്. എന്നാൽ, എനിക്കൊന്നിനെക്കുറിച്ചും ഭയമില്ല.

പള്ളിയിൽനിന്ന് വിട്ടാലും പള്ളി മുടക്കിയാലും ആരെല്ലാം ഭീഷണിപ്പെടുത്തിയാലും, ഹൃദയത്തിൽ വസിക്കുന്ന ക്രിസ്തു തരുന്ന സമാധാനം ഞാൻ അനുഭവിച്ചുകൊണ്ട് ജീവിക്കും. ഇന്ന് കുടുംബമായി യേശുക്രിസ്തുവിന്റെ വേലയോടുചേർന്ന് നിൽക്കുന്നു. ഈ കൂട്ടായ്മയിൽ വന്ന് മുഴങ്കാൽ മടക്കിയതുകൊണ്ട് എന്റെ ഭവനത്തിലെ രോഗബന്ധനങ്ങളെല്ലാം കർത്താവ് മാറ്റിത്തന്നു. വഴിതെറ്റിപ്പോയ ഞങ്ങൾക്ക് കർത്താവ് മാനസാന്തരം തന്നു. പണത്തിനു ബുദ്ധിമുട്ടുണ്ടായിരുന്ന ഞങ്ങൾക്കിന്ന് പണത്തിന്റെ ആവശ്യമെല്ലാം നടത്തുവാൻ സ്വർഗ്ഗത്തിലെ ദൈവം സഹായിച്ചു.

യേശുക്രിസ്തുവിന്റെ വേലയോടും ഈ കൂട്ടായ്മയോടും കർത്താവിന്റെ മക്കളോടും ചേർന്ന് എന്റെ ജീവിതകാലം മുഴുവനും ജീവിക്കുവാൻ എന്റെ ജീവിതം ഞാൻ ഒരിക്കൽക്കൂടി സമർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. Caleb - A brave hero of faith
107. രക്ഷപ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. Little Foxes
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**എല്ലാ ദിവസവും, രാത്രി 8 : 30**
**പവർവിഷൻ TV**

**വെള്ളി രാത്രി 9 : 30**
**ആത്മീയയാത്ര TV**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**ഞായർ രാവിലെ 6 : 30**
**ജീവൻ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ ഉച്ചയ്ക്ക് 2 : 00**
**ആത്മീയയാത്ര TV**

ടി.വി. പ്രോഗ്രാമുകൾ തത്സമയം : **www.crfgospel.tv & YouTube**

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും: www.crfgospel.org

## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച**<br>**സാക്ഷ്യയോഗം** | 9.00am - 2.00pm<br>4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള**<br>**രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും**<br>**(ബൈബിൾ ക്ലാസ്സ്)** | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച**<br>**(വനിതകളുടെ യോഗം)** | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച**<br>**യുവാക്കന്മാരുടെ യോഗം**<br>(15 വയസ് മുതൽ 35 വരെ) | 6.00pm - 9.00pm |